# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് ൪:൮)


Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

**വാല്യം 10 ഒക്ടോബർ – 2019 ലക്കം 10**

| | |
|---|---|
| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |

# ഉള്ളടക്കം

സർക്കുലർ ................................................................ 05
അസാധാരണ മിഷൻ മാസം ....................................... 12
പുരോഹിതൻ മിശിഹായുടെ ശുശ്രൂഷകൻ ................ 15
രൂപതാകച്ചേരി വാർത്തകൾ ..................................... 23
വൈദികരുടെ മാസധ്യാനം ...................................... 25
വി. ജോസഫിന വന്നിനി ............................................ 27
മതബോധനരംഗം ..................................................... 29
ചെറുപുഷ്പ മിഷൻലീഗ് ............................................ 32
*Department of Youth Ministry* ............................................ 42
കെ.സി.വൈ.എം. ..................................................... 44
കുടുംബപ്രേഷിതത്വം ................................................ 52
സീയോൻ വാർത്തകൾ ............................................. 58
വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ 60
സാമൂഹ്യ സേവനരംഗം (WSSS) ................................... 63
ബയോവിൻ അഗ്രോ റിസർച്ച് .................................... 66
റേഡിയോ മാറ്റൊലി .................................................. 70
ജയിൽ മിനിസ്ട്രി ......................................................... 73
*Mary Matha Arts & Science College* .......................... 74
വിദ്യാഭ്യാസ മേഖല ..................................................... 77
പാസ്റ്ററൽ സെന്റർ, പ്രോഗ്രാം .................................... 80
ബിഷപ്സ് പ്രോഗ്രാം ................................................... 81

# സർക്കുലർ

***Circular Letter No. 12/2019***
***Prot. No. 22347/2019***

പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, ഇടവകകളിലും സ്ഥാപനങ്ങളിലും സംഘടനകളിലും ഭാരവാഹികളായി ശുശ്രൂഷ ചെയ്യുന്ന പ്രിയപ്പെട്ട സഹോദരങ്ങളേ, മറ്റ് പ്രിയപ്പെട്ട സഹോദരരേ,

നാം ജീവിക്കുന്ന ലോകം വളരെ വേഗം അതിസങ്കീർണ്ണമായ മാറ്റങ്ങളിലൂടെ കടന്നുപോയിക്കൊണ്ടിരിക്കുകയാണ് എന്ന വസ്തുത നമ്മൾ അനുദിനം അനുഭവിച്ചറിയുന്നവരാണല്ലോ. സാങ്കേതിക രംഗങ്ങളിലും ആശയവിനിമയരംഗത്തുമാണ് ഈ മാറ്റം ഏറ്റവും പ്രകടമായി കാണാവുന്നത്. മാധ്യമ ലോകത്ത് പുതിയ സാധ്യതകൾ തുറന്നതോടെ തങ്ങളുടെ ആശയങ്ങൾ യാതൊരു വിലക്കുകളും അതിർവരമ്പുകളും തടസ്സങ്ങളും ഇല്ലാതെ കാഴ്ചക്കാരിലേക്കും കേൾവിക്കാരിലേക്കും വായനക്കാരിലേക്കും ആർക്കും എപ്പോൾ വേണമെങ്കിലും എത്തിക്കാം എന്ന സ്ഥിതിയിലാണ് നാം. അതിലൂടെ അവരുടെ കാഴ്ചപ്പാടുകളേയും നിലപാടുകളേയും സ്വാധീനിക്കാം. പരമ്പരാഗതമായ പലതും മാറ്റി മറിക്കപ്പെട്ടു കഴിഞ്ഞു. പുതിയ ഈ മാറ്റങ്ങൾക്കനുസരിച്ച് പൊതുസമൂഹത്തിലും സഭയിലും ഉള്ള കാഴ്ചപ്പാടുകളും മനോഭാവങ്ങളും നയങ്ങളും നിയമങ്ങളും എല്ലാം മാറിക്കൊണ്ടേയിരിക്കുന്നു.

ഇന്ന് ഏറ്റവും കൂടുതൽ മാറ്റങ്ങൾക്ക് വിധേയമാകുന്ന ഒരു മേഖലയാണ് വ്യക്തിസ്വാതന്ത്ര്യത്തേയും ലിംഗസമത്വത്തേയും മനുഷ്യാവകാശത്തേയും സംബന്ധിച്ചുള്ളത്. ഇത്രയും കാലം നമ്മൾ കണ്ടും ശീലിച്ചും വന്ന രീതിയിലല്ല ഇന്ന് പൊതുസമൂഹവും അതിന്റെ തന്നെ ഭാഗമായ സഭയും അവയെ നോക്കിക്കാണുന്നതും പരിഗണിക്കുന്നതും. മനുഷ്യാവകാശങ്ങളെപ്പറ്റി പറയുമ്പോൾ ഏറ്റവും കൂടുതൽ പരാമർശിക്കപ്പെടുന്ന മേഖലയാണ് സ്ത്രീകൾക്കും പ്രായപൂർത്തിയാകാത്തവർക്കും പ്രായപൂർത്തി വന്നെങ്കിലും എളുപ്പം പീഡിപ്പിക്കപ്പെടാൻ സാധ്യതയുള്ളവർക്കും എതിരേയുള്ള ലൈംഗികവും അല്ലാത്തതുമായ അതിക്രമങ്ങൾ. സ്ത്രീയോ പുരുഷനോ അല്ലാത്തവരും, ലിംഗമാറ്റ ശസ്ത്രക്രിയക്ക് വിധേയരായവരും, പുറമേ സ്ത്രീയോ പുരുഷനോ ആയി കാണപ്പെടുന്നെങ്കിലും ഇതര ലിംഗത്തിൽപ്പെട്ടവരുടെ മനസ്സും

വേഷവുമായി ജീവിക്കുന്നവരും, ഇന്ന് സഭയുടേയും സമൂഹത്തിന്റേയും മുഖ്യധാരയിലുണ്ട്. അവരും ദൈവത്തിന്റെ മക്കൾ തന്നെ. ആ നില യിൽ അവർ എല്ലാവരും നമ്മുടെ സഹോദരങ്ങളാണ്. അവർക്കും മനുഷ്യമഹത്വവും അതിൽ നിന്നുത്ഭവിക്കുന്ന അവകാശങ്ങളും ഉണ്ട്. അവർക്കെതിരേയുള്ള അതിക്രമങ്ങളെ നേരിടാനുള്ള നിയമങ്ങളും പ്രാബല്യത്തിലുണ്ട്. എന്നാൽ നിർഭാഗ്യവശാൽ ഇപ്പോഴും പുരുഷ കേന്ദ്രീകൃതമായ ഒരു സമൂഹവും സഭയുമാണ് നമ്മുടേത് എന്നതൊരു വസ്തുതയാണ്. അതിനെതിരേയുള്ള സ്വരങ്ങൾ സമൂഹത്തിൽ എന്നതുപോലെ സഭയിലും വളരെ ശക്തമായി ഉയർന്നുവന്നു കഴിഞ്ഞു എന്ന കാര്യം നമ്മൾ തിരിച്ചറിയേണ്ടതുണ്ട്.

മേൽപ്പറഞ്ഞ മേഖലകളിലെ അതിക്രമങ്ങളെപ്പറ്റി കത്തോലിക്കാ സഭയുടെ ഉന്നതാധികാരിയായ മാർപാപ്പയും ഭാരതകത്തോലിക്കാ മെത്രാൻസമിതി (സി.ബി.സി.ഐ.) യും, കേരളകത്തോലിക്കാമെത്രാൻ സമിതി (കെ.സി.ബി.സി) യും സീറോമലബാർ സിനഡും എല്ലാം പല പ്രാവശ്യം ചർച്ച ചെയ്ത് നിയമങ്ങൾ പാസ്സാക്കുകയും അവ നടപ്പിലാ ക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തെങ്കിലും എന്തു കൊണ്ടോ സഭയുടെ ഈ നയമാറ്റത്തെപ്പറ്റിയും പുതിയ നിയമങ്ങളെ പ്പറ്റിയും സഭാനേതൃത്വത്തിലടക്കമുള്ള ബന്ധപ്പെട്ടവരിൽ അവബോധം ആവശ്യത്തിനെത്തിയിട്ടില്ല എന്നതൊരു സത്യമാണ്. ഇക്കാര്യം വ്യക്ത മായി മനസ്സിലാക്കിയ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ എല്ലാ രാജ്യങ്ങളിലുമുള്ള പരിശുദ്ധ സിംഹാസനത്തിന്റെ പ്രതിനിധികളെ ഏതാനും മാസങ്ങൾക്ക് മുമ്പ് റോമിൽ വിളിച്ച് ചേർത്ത് അതാതു രാജ്യത്തെ മെത്രാൻ സമിതികളെ ചില കാര്യങ്ങൾ ഓർമ്മപ്പെടുത്തണ മെന്ന് ആവശ്യപ്പെട്ടു. അതിൻപ്രകാരം കഴിഞ്ഞ ജൂൺ മാസത്തിൽ ഇന്ത്യയിലെ അപ്പസ്റ്റോലിക് ന്യൂൺഷോ, അതായത് പരിശുദ്ധ സിംഹാ സനത്തിന്റെ പ്രതിനിധി, നമ്മുടെ മേജർ ആർച്ച് ബിഷപ്പിന് അക്കാര്യത്തെ പരാമർശിച്ചുകൊണ്ട് ഇപ്രകാരം എഴുതി:

*റോമിൽ ഈ അടുത്ത നാളിൽ അപ്പസ്റ്റോലിക് ന്യൂൺഷോ മാരുടെ ഒരു സമ്മേളനത്തിൽ പരിശുദ്ധ പിതാവും പരിശുദ്ധ സിംഹാ സനത്തിന്റെ ആഭ്യന്തരകാര്യവകുപ്പിലെ അധികാരികളും ചില കാര്യ ങ്ങൾ ഞങ്ങളോട് ഊന്നിപ്പറഞ്ഞു: പ്രായപൂർത്തിയാകാത്തവരുടേയും എളുപ്പം പീഢിപ്പിക്കപ്പെടാൻ സാധ്യതയുള്ള മുതിർന്നവരുടേയും സംരക്ഷണത്തിനായി പരിശുദ്ധ സിംഹാസനം പ്രാബല്യത്തിൽ വരുത്തി*

*യിട്ടുള്ള നിയമങ്ങൾ (നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു-*Motu Proprio *You are the light of the World, 9 may 2019) കർശനമായി അനുസരിക്കേണ്ടതിന്റെ പ്രാധാന്യത്തെപ്പറ്റി മെത്രാൻസമിതികളെ ഓർമ്മപ്പെടുത്തണം എന്നതായിരുന്നു അത്. അത്തരം കാര്യങ്ങൾ റിപ്പോർട്ട് ചെയ്യാനായി പൊതുജനത്തിന് എളുപ്പത്തിൽ കടന്നുവരാവുന്നതും സ്ഥിരമായതുമായ ഒന്നോ അതിലധികമോ സംവിധാനങ്ങൾ 2020 ജൂൺ മാസത്തോടെ ലോകത്തിലെ എല്ലാ രൂപതകളിലും ഉണ്ടാകണം എന്ന നിയമത്തേപ്പറ്റി പ്രത്യേക പ്രാധാന്യം കൊടുത്ത് അവർ പറയുകയുണ്ടായി. പരിശുദ്ധ പിതാവ് ഇക്കാര്യത്തെപ്പറ്റി സ്വയം പ്രേരിതമായി എഴുതിയ മേൽ സൂചിപ്പിച്ച രേഖയിൽ കൂടുതൽ പര്യാപ്തവും ഫലവത്തുമായ സംവിധാനങ്ങൾ പ്രാദേശികമായി ഇക്കാര്യങ്ങൾ രൂപീകരിക്കാനുള്ള സാധ്യത കൊടുത്തിട്ടുണ്ട്. അതിനാൽ നിശ്ചയിക്കപ്പെട്ട അവസാന തീയതി മാനിച്ചുകൊണ്ട് ബന്ധപ്പെട്ട രൂപതാ സമിതികളേയും ഓഫീസുകളേയും പ്രവർത്തനക്ഷമമാക്കാൻ മെത്രാൻസമിതികളെ കൂടുതൽ സംവേദന ക്ഷമമാക്കണമെന്നും അവർ ഞങ്ങളോട് പറയുകയുണ്ടായി.*

മേൽപ്പറഞ്ഞ നിയമങ്ങളെപ്പറ്റിയും സംവിധാനങ്ങളെപ്പറ്റിയും സഭാംഗങ്ങൾക്കും പൊതുജനത്തിനും ആവശ്യമായ അറിവും അവബോധവും കൊടുക്കാൻ ആവശ്യമെങ്കിൽ മാധ്യമങ്ങളിലൂടെയും മറ്റും സംസാരിക്കാനും എഴുതാനുമുള്ള ഔദ്യോഗിക ദൗത്യം സീറോ മലബാർ സിനഡിന്റെ അഭ്യർത്ഥന മാനിച്ച് എന്നെയാണ് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് ഏൽപ്പിച്ചിരിക്കുന്നത്. മാത്രമല്ല നമ്മുടെ രൂപതയിൽ പ്രവർത്തിക്കുന്ന സുരക്ഷിത ചുറ്റുവട്ട സമിതി (Safe Environment Committee) യുടെ പ്രവർത്തന മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ രൂപതകളിലേക്കും അയച്ചുകൊടുക്കാനും ആവശ്യപ്പെട്ടിട്ടുണ്ട്. അതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ നിയമങ്ങൾ പാലിക്കുന്നതിൽ നമ്മുടെ രൂപത മറ്റ് രൂപതകൾക്ക് മാതൃകയാകേണ്ടതുമുണ്ട്. അതിന് നിങ്ങളുടെ എല്ലാവരുടേയും സഹായസഹകരണങ്ങൾ ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. നമ്മുടെ അധികാരികളോടുള്ള വിധേയത്വവും അനുസരണവും നമ്മുടെ വിശ്വാസത്തിന്റെ ബാഹ്യപ്രകടനമാണെന്ന് ഞാൻ പറയേണ്ടതില്ലല്ലോ.

രൂപതകളിൽ എന്നപോലെ സമർപ്പിതസമൂഹങ്ങളിലും നിയമത്തിൽ നിർവ്വചിച്ചിട്ടുള്ള സ്ഥാപനങ്ങളിലും പ്രായപൂർത്തിയാകാത്തവർക്കും ഏളുപ്പം പീഡിപ്പിക്കപ്പെടാൻ സാധ്യതയുള്ള മുതിർന്ന

വർക്കും എതിരേയുള്ള ലൈംഗികവും അല്ലാത്തതുമായ പീഡനങ്ങൾ കൈകാര്യം ചെയ്ത് നടപടിയെടുക്കാൻ അധികാരമുള്ള സമിതികൾ ഉണ്ടാകണം എന്ന് സഭയുടേയും ഇന്ത്യയുടേയും നിയമങ്ങൾ അനുശാസിക്കുന്നു. പല രൂപതകളും സമർപ്പിതസമൂഹങ്ങളും ഇതിനകം തന്നെ ഇത്തരം സമിതികൾ രൂപീകരിച്ച് പ്രവർത്തനം തുടങ്ങിക്കഴിഞ്ഞു. നമ്മുടെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും സർക്കാർ നിയമങ്ങളനുസരിച്ചുള്ള സമിതികൾ ഇപ്പോൾ തന്നെ നിലവിലുണ്ട്.

മേൽപ്പറഞ്ഞ നിയമമനുസരിച്ച് സീറോ മലബാർ സഭയിലെ എല്ലാ രൂപതകളിലും 2019 മാർച്ച് 1 നു മുമ്പായി സമിതികൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അഭിവന്ദ്യ മേജർ ആർച്ച് ബിഷപ്പ് എല്ലാ മെത്രാന്മാർക്കും എഴുതിയിരുന്നു. നമ്മുടെ രൂപതയിൽ 2019 ഏപ്രിൽ 1 മുതൽ മേൽപ്പറഞ്ഞ സമിതി പ്രവർത്തിക്കുന്നുണ്ട്. ദ്വാരക പാസ്റ്ററൽ സെന്ററിലാണ് സമിതിയുടെ ഓഫീസ് സ്ഥിതി ചെയ്യുന്നത്. അക്കാര്യം ഇതിനു മുമ്പ് മറ്റൊരു സർക്കുലറിലൂടെ നിങ്ങളെ ഞാൻ അറിയിച്ചിരുന്നല്ലോ. പരാതികളിന്മേൽ ആ സമിതിയുടെ നോട്ടീസ് കിട്ടുന്നവർ അതനുസരിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഒരിക്കൽ കൂടി നിങ്ങളെ ഓർമ്മപ്പെടുത്തട്ടെ. കാരണം അവരുടെ റിപ്പോർട്ടുകൾ പിന്നീട് റീജിയണൽ സമതിയുടെ പക്കലും പോലീസിന്റെ പക്കലുമൊക്കെ എത്താനുള്ള സാധ്യത തള്ളിക്കളയാനാകില്ല. സമിതിയുടെ നടപടികളിൽ തൃപ്തരാകാത്ത പരാതിക്കാർ റീജിയണൽ സമിതിയിലും പോലീസിലും പരാതിപ്പെട്ടെന്ന് വരാം. സമിതിയുടെ നിർദ്ദേശാനുസരണം അവരുടെ മുമ്പിൽ കുറ്റാരോപിതർ വിശദീകരണം കൊടുത്തില്ല എന്ന റിപ്പോർട്ട് മേൽഘടകങ്ങളിൽ കുറ്റാരോപിതർക്ക് കൂടുതൽ ദോഷകരമാകാനും സാധ്യതയുണ്ട്.

പരിശുദ്ധ സിംഹാസനത്തിന്റേയും കേരളകത്തോലിക്കാ സമിതിയുടേയും സിനഡിന്റേയും നിർദ്ദേശമനുസരിച്ച് എല്ലാ സഭാശുശ്രൂഷകർക്കും മേൽപ്പറഞ്ഞ നിയമങ്ങളിലും ബന്ധപ്പെട്ട സംഗതികളിലും ക്രമമായ ഇടവേളകളിൽ അറിവും പരിശീലനവും കൊടുക്കേണ്ടതുണ്ട്. ആ ഉത്തരവാദിത്വവും രൂപതയിലെ സുരക്ഷിത ചുറ്റുവട്ട സമിതിക്കാണ്. നിശ്ചിതസമയങ്ങളിൽ അവർ പരിശീലന കോഴ്സിന്റെ വിവരങ്ങൾ സഭാംഗങ്ങളുടെ അറിവിലേക്കായി പ്രസിദ്ധീകരിക്കുന്നതാണ്. പരിശീലനാനന്തരം അതിൽ സംബന്ധിച്ചവർക്ക് പ്രത്യേക സർട്ടിഫിക്കറ്റും സമിതി നൽകും. മൂന്ന് വർഷത്തേക്കാണ് ആ സർട്ടിഫിക്കറ്റിന്റെ

കാലാവധി. കാലാവധി കഴിഞ്ഞാൽ വീണ്ടും പരിശീലനത്തിന് വിധേയ രാകണം. നമ്മുടെ രൂപതയിൽ സഭാശുശ്രൂഷ ചെയ്യുന്നതിന് 2020 ജൂൺ മുതൽ ഈ സർട്ടിഫിക്കറ്റ് നിർബന്ധമാണ്.


ഇനി പറയുന്നവരാണ് സഭാ ശുശ്രൂഷകർ എന്ന സംജ്ഞയിൽ പെടുന്നത്: 1) വൈദിക ശുശ്രൂഷികൾ (മെത്രാന്മാർ, വൈദികർ, ഡീക്കന്മാർ), 2) വൈദിക വിദ്യാർത്ഥികൾ, 3) സമർപ്പിത സമൂഹങ്ങളിലെ അംഗങ്ങളും അവരുടെ അർത്ഥിനികളും അർത്ഥികളും (സ്ത്രീകളുടേയും പുരുഷന്മാരുടേയും), 4) മതാദ്ധ്യാപകർ, 5) കൈക്കാരന്മാർ, കമ്മറ്റിക്കാർ, 6) കപ്യാർ, കണക്കൻ, സെക്രട്ടറി, 7) പ്രതിഫലം പറ്റിക്കൊണ്ടോ അല്ലാതെയോ സഭയുടെ ഏതെങ്കിലും മേഖലയിൽ സേവനം ചെയ്യുന്ന മറ്റെല്ലാവരും. തെരഞ്ഞെടുപ്പിലൂടെ ഔദ്യോഗിക സ്ഥാനങ്ങളിലേക്ക് കടന്ന് വരുന്ന കൈക്കാരന്മാർ, കമ്മറ്റിക്കാർ തുടങ്ങിയവർക്ക് മേൽപ്പറഞ്ഞ സർട്ടിഫിക്കറ്റ് അവരുടെ സത്യപ്രതിജ്ഞക്ക് മുമ്പ് തന്നെ ഉണ്ട് എന്ന് ഉറപ്പ് വരുത്തണം. അതുപോലെ തന്നെ ഡീക്കന്മാർ വൈദിക പട്ടം സ്വീകരിക്കുന്നതിന് മുമ്പായി സർട്ടിഫിക്കറ്റ് കരസ്ഥമാക്കുകയും ഒരു സത്യവാങ്മൂലം ഒപ്പിട്ട് രൂപതാദ്ധ്യക്ഷനെ ഏൽപ്പിക്കുകയും ചെയ്യണം. ഇത് സെമിനാരിയിൽ ലഭ്യമായ കോഴ്സിന് പുറമേയാണ്. സമർപ്പിതരുടെ അർത്ഥികളും അർത്ഥിനികളും അപ്രകാരം തന്നെ പ്രഥമ വ്രതവാഗ്ദാനത്തിന് മുമ്പായി പരിശീലനത്തിന് വിധേയരായി സർട്ടിഫിക്കറ്റ് നേടണം. മറ്റ് രൂപതകളിൽ നിന്ന് സ്ഥലം മാറി വരുന്ന സമർപ്പിതർ മറ്റേതെങ്കിലും രൂപതയിലെ പരിശീലനപദ്ധതിയിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കൊണ്ടുവന്നാലും മതിയാകുന്നതാണ്.

ഈ സർക്കുലറിന്റെ അവസാനത്തിൽ പറഞ്ഞിരിക്കുന്ന തീയതിയിലും സ്ഥലത്തും നമ്മുടെ രൂപതയിൽ പരിശീലനം നടത്തപ്പെടുന്നതാണ്. പിന്നീട് ക്രമമായി മറ്റ് സ്ഥലങ്ങളിലും നടത്തപ്പെടും. ഓരോ ബാച്ചിലും ഒരു നിശ്ചിത എണ്ണം ആളുകൾക്കേ പ്രവേശനം കൊടുക്കുകയുള്ളൂ. എല്ലാവരും അവരവർക്ക് സൗകര്യപ്രദമായ സമയത്തും സ്ഥലത്തും യഥാസമയം രജിസ്റ്റർ ചെയ്ത് പരിശീലനത്തിൽ പങ്കെടുത്ത് സർട്ടിഫിക്കറ്റ് കരസ്ഥമാക്കണം. പരിശീലനത്തിന് വരുന്നവർക്കുള്ള ചെലവ് അതാത് വ്യക്തികൾ തന്നെയോ അവരുടെ ഇടവകകളോ സമർപ്പിതസമൂഹങ്ങളോ വഹിക്കേണ്ടതാണ്. പങ്കെടുക്കുന്നവർ രജിസ്ട്രേഷൻ ഫീസിനും മറ്റ് ചെലവുകൾക്കുമായി നിശ്ചിത തുക രജിസ്ട്രേഷൻ സമയത്ത് കൊടുക്കേണ്ടതാണ്. ഇപ്പോൾ നടത്തുന്ന

കോഴ്സിന് 150 രൂപ ആയിരിക്കും ഫീസ്. സർട്ടിഫിക്കറ്റിനുള്ള ചെലവും ഇതിൽപ്പെടും. സർട്ടിഫിക്കറ്റുകൾ കോഴ്സിനുശേഷം ഏതാനും ആഴ്ചകൾക്കുള്ളിൽ അതാത് ഫൊറോനകളിൽ എത്തിക്കുന്നതാണ്. ബഹു. വികാരിയച്ചന്മാരുടെയും സമർപ്പിത സമൂഹാധികാരികളുടേയും പ്രത്യേക ശ്രദ്ധ ഇക്കാര്യത്തിൽ ക്ഷണിക്കുന്നു. ഏവരും സഹകരിക്കുമല്ലോ. കർത്താവിന്റെ കൃപ നിങ്ങളോട് കൂടെ ഉണ്ടായിരിക്കട്ടെ.

മാനന്തവാടി രൂപതാ കാര്യാലയത്തിൽ നിന്ന് 2019 സെപ്റ്റംബർ 12 ന് നൽകപ്പെട്ടത്.

യേശുവിൽ സ്നേഹപൂർവ്വം,



**ബിഷപ് ജോസ് പൊരുന്നേടം**
മാനന്തവാടി രൂപതയുടെ മെത്രാൻ

## ചുങ്കക്കുന്ന് ഫൊറോന

| | | |
|---|---|---|
| പങ്കെടുക്കേണ്ടവർ | : | 1. വേദപാഠ അദ്ധ്യാപകർ<br>2. കൈകാരൻമാർ<br>3. സെക്രട്ടറിമാർ<br>4. കപ്യാർമാർ |
| സ്ഥലം | : | ചുങ്കക്കുന്ന് പാരിഷ് ഹാൾ |
| തീയതി | : | **08.10.2019 (ചൊവ്വാഴ്ച)** |
| സമയം | : | രാവിലെ 9.30 മുതൽ വൈകിട്ട് 4 വരെ |
| രജിസ്ട്രേഷൻ | : | ഓരോ ഇടവകയിൽ നിന്നും പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ വികാരിയച്ചന്മാർ ഒക്ടോബർ 3-നു മുമ്പായി ചുങ്കക്കുന്ന് ഫൊറോന വികാരിയച്ചനെ അറിയിക്കുക. |
| **വിഷയങ്ങൾ** | : | 1. ബാലാവകാശ നിയമങ്ങൾ, കുട്ടികൾക്കെതിരെയുള്ള ലൈംഗിക ആക്രമണ സംരക്ഷണ നിയമം 2012, ലിംഗസമത്വ നിയമം, |

തൊഴിൽ മേഖലകളിലെ ലൈംഗിക
സംരക്ഷ നിയമം (2013)

2. സുരക്ഷിത ചുറ്റുവട്ട പദ്ധതി (സീറോ മലബാർ സഭാസിനഡ്)
3. സുരക്ഷിത ചുറ്റുവട്ട കമ്മറ്റി : നടപടി ക്രമങ്ങൾ

## മാനന്തവാടി രൂപതയുടെ സുരക്ഷിത ചുറ്റുവട്ട കമ്മറ്റി

| | | |
|---|---|---|
| ചെയർപേഴ്സൺ | : | **അഡ്വ. റിനു ജോസ്** |
| അംഗങ്ങൾ | : | **അഡ്വ. സി. ജോസിയ എഫ്.സി.സി.** |
| | : | **ശ്രീ. ജോസ് ചെറുപ്ലാവിൽ** |
| | : | **ഫാ. ജോസഫ് പരുവുമ്മേൽ** |

Prot. No. 526/2019

## അസാധാരണ മിഷൻ മാസം – ഒക്ടോബർ 2019

അഭിവന്ദ്യ പിതാക്കന്മാരേ, വൈദികരേ, സമർപ്പിത സമൂഹാംഗങ്ങളേ, അല്മായ സഹോദരങ്ങളേ,

ബനഡിക്ട് പതിനഞ്ചാമൻ മാർപാപ്പ എഴുതിയ മാക്സിമും ഇല്ലൂദ് (*Maximum illud*) എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച്, സാർവ്വത്രിക സഭയിൽ പ്രേഷിത ചൈതന്യം പ്രോജ്ജ്വലിപ്പിക്കുന്നതിനായി 2019 ഒക്ടോബർ അസാധാരണ മിഷൻ മാസമായി ആചരിക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ ആഹ്വാനം ചെയ്തിരിക്കുകയാണല്ലോ. ഇത് സീറോ മലബാർ സഭയിലും സമുചിതമായി ആചരിക്കുന്നതിനായി 2019 ആഗസ്റ്റ് മാസം സഭയുടെ ആസ്ഥാനമായ മൗണ്ട് സെന്റ് തോമസിൽ വച്ച് നടന്ന മെത്രാന്മാരുടെ സിനഡ് തീരുമാനിക്കുകയും, അതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകാൻ സുവിശേഷവൽക്കരണത്തിനും പ്രവാസികളുടെ അജപാലന ശുശ്രൂഷയ്ക്കും വേണ്ടിയുള്ള സഭയുടെ മേജർ ആർക്കി എപ്പിസ്കോപ്പൽ കമ്മീഷനെ ചുമതലപ്പെടുത്തുകയും ചെയ്തു. ഈ കമ്മീഷനും സീറോ മലബാർ മിഷനും സംയുക്തമായി നടത്തിയ ആലോചനകളുടെ വെളിച്ചത്തിൽ താഴെപ്പറയുന്ന കർമ്മപരിപാടികൾ രൂപതകളുടേയും സമർപ്പിത സമൂഹങ്ങളുടേയും അൽമായരുടേയും പരിഗണനയ്ക്കായി നൽകുന്നു.

1. ഒക്ടോബർ മാസം മുഴുവൻ എല്ലാ കുടുംബങ്ങളിലും സമർപ്പിത സമൂഹങ്ങളിലും ഇടവകകളിലും മാർപാപ്പ നിർദ്ദേശിച്ചിരിക്കുന്ന പ്രാർത്ഥന ചൊല്ലുക. ഈ പ്രാർത്ഥനയുടെ മലയാള പരിഭാഷ കമ്മീഷന്റെ വെബ്സൈറ്റിലും രൂപതകളുടേയും സമർപ്പിത സമൂഹങ്ങളുടേയും വെബ്സൈറ്റുകളിലും ലഭ്യമാക്കുന്നതാണ്. ചെറുപുഷ്പ മിഷൻലീഗിന്റെ സഹായം ഇതിന് ലഭ്യമാണ്.
2. ഒക്ടോബർ മാസത്തിലെ എല്ലാ ദിവസങ്ങളിലും മൂന്ന് മിനിറ്റ് ദൈർഘ്യമുള്ള വീഡിയോ സമൂഹമാധ്യമങ്ങളിലും വെബ്സൈറ്റുകളിലും ഫിയാത്ത് മിഷന്റെ സഹകരണത്തോടെ ലഭ്യമാക്കുന്നതാണ്.
3. ജനതകളുടെ സുവിശേഷവൽക്കരണത്തിനുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം നിർദ്ദേശിച്ചിരിക്കുന്ന വിശുദ്ധ ഗ്രന്ഥ വായനകൾ അടിസ്ഥാനമാക്കി ഒക്ടോബർ മാസത്തിലെ എല്ലാ ദിവസങ്ങളിലും

വചനവ്യാഖ്യാനവും അനുബന്ധ വിചിന്തനങ്ങളും ദിവ്യകാരുണ്യ മിഷനറി സഭയുടെ (MCBS) ലൈഫ്ഡേ (lifeday.in) എന്ന ഓൺ ലൈൻ മാധ്യമത്തിന്റെ സഹായത്തോടെ ലഭ്യമാക്കുന്നതാണ്.

4. ജപമാല മാസമായി ആചരിക്കുന്ന ഒക്ടോബറിൽ ദൈവാലയങ്ങ ളിലെ ഒരു ദിവസത്തെ പരിശുദ്ധ കുർബാനയും ആരാധനയും ജപമാലയും മിഷനുവേണ്ടി സമർപ്പിക്കുക.

5. രൂപതകളും സമർപ്പിത സമൂഹങ്ങളും അല്മായ പ്രേഷിതരും നടത്തുന്ന ധ്യാനകേന്ദ്രങ്ങളിൽ മിഷനെക്കുറിച്ചുള്ള അവബോധം നൽകുന്ന ഒരു മിഷൻ ധ്യാനമെങ്കിലും സംഘടിപ്പിക്കുക. ഫിയാത്ത് മിഷന്റെയും ക്രിസ്റ്റീൻ ടീമിന്റെയും സഹകരണവും സഹായവും ഇക്കാര്യത്തിന് ലഭ്യമാണ്. ഇതിന് സാധിക്കുന്നില്ലെങ്കിൽ, സാധാരണ നടത്തപ്പെടുന്ന ധ്യാനങ്ങളിൽ ഒരു പ്രഭാഷണം എങ്കിലും മിഷനെ ക്കുറിച്ചുള്ളതാക്കുക.

6. മിഷൻ ഞായർ കൂടുതൽ തീക്ഷ്ണതയോടെ ആഘോഷിക്കുക. ആ ദിവസമോ, അല്ലെങ്കിൽ ഒക്ടോബർ മാസത്തിലെ മറ്റേതെങ്കിലും ഞായറാഴ്ചയോ, ഒരു മിഷനറി വൈദികന്റെ അനുഭവം ജനങ്ങളു മായി പങ്കുവെയ്ക്കാനുള്ള അവസരമൊരുക്കുക.

7. ഒക്ടോബർ മാസത്തിലെ അവസാന ഞായറാഴ്ചയോ, ജപമാല സമാപനത്തോട് അനുബന്ധിച്ചോ ഒരു മിഷൻ റാലി സംഘടിപ്പി ക്കുക.

8. എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഏതെങ്കിലും ഒരു ദിവസം മിഷൻ എക്സിബിഷൻ സംഘടിപ്പിക്കുക. അതിനുവേണ്ടിയുള്ള സഹായവും പോസ്റ്ററുകളും രൂപതാ കേന്ദ്രങ്ങളിലും സമർപ്പിത സമൂഹങ്ങളുടെ കേന്ദ്രഭവനങ്ങളിലും വെബ്സൈറ്റുകളിലും ഫിയാത്ത് മിഷന്റെ സഹകരണത്തോടെ ലഭ്യമാക്കുന്നതാണ്.

9. ഒക്ടോബർ മാസത്തെയോ നവംബർ മാസത്തേയോ കുടുംബക്കൂട്ടാ യ്മകളിലെ വിചിന്തന വിഷയം മിഷനെക്കുറിച്ചുള്ളതാക്കുക. ഇതിന് സഹായകരമായ ലഘുലേഖ സീറോ മലബാർ സഭയുടെ പ്രേഷിത മുന്നണിയായ MST സമൂഹത്തിന്റെ സഹായത്തോടെ ലഭ്യമാക്കാ വുന്നതാണ്.

10. ഇടവകതലത്തിലും രൂപതാതലത്തിലും സമർപ്പിത സമൂഹതല ത്തിലും മിഷൻ കോൺഫറൻസുകൾ സംഘടിപ്പിക്കുക. സഭയുടെ കേന്ദ്ര കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ വച്ച് എല്ലാ രൂപത

കളിൽ നിന്നും സമർപ്പിത സമൂഹങ്ങളിൽ നിന്നും ഉള്ള പ്രതിനിധി കൾക്കായി നവംബർ മാസത്തിൽ ഒരു മിഷൻ കോൺഫറൻസ് സംഘ ടിപ്പിക്കുന്നതാണ്.

പ്രേഷിതപ്രവർത്തനം സഭയുടെ മൗലികമായ സ്വഭാവവും അവ കാശവുമാകയാൽ ക്രൈസ്തവ വിശ്വാസികളായ നമുക്കെല്ലാവർക്കും സുവിശേഷം ലോകത്തിന്റെ അതിർത്തികൾവരെ എത്തിക്കുന്നതിനായി പ്രവർത്തിക്കാൻ അവകാശവും കടമയുമുണ്ട് എന്ന അവബോധ ത്തോടെ ഈ അസാധാരണ മിഷൻ മാസാചരണം ഫലപ്രദമാക്കാൻ നമുക്കൊന്നുചേർന്ന് പരിശുദ്ധ പിതാവിനോടൊപ്പം യത്നിക്കാം. മിഷൻ ചൈതന്യം സഭയിൽ ഉജ്ജ്വലിക്കാനും മിഷനറിമാരുടെ പ്രവർത്തന ങ്ങൾക്ക് കരുത്തുപകരാനും വേണ്ടി നമുക്കൊന്നുചേർന്ന് പ്രാർത്ഥിക്കാം.

മിശിഹായിൽ സ്നേഹപൂർവ്വം,

**മാർ റാഫേൽ തട്ടിൽ**
(ചെയർമാൻ)
**ഫാ. സെബാസ്റ്റ്യൻ മുട്ടംതൊട്ടിയിൽ MCBS**
(സെക്രട്ടറി)

# പുരോഹിതൻ മിശിഹായുടെ ശുശ്രൂഷകൻ

മല്പാൻ മാത്യു വെള്ളാനിക്കൽ

## (തിരുവചനഭാഗം: ശ്ലീഹ 21,1–40)

എഫേസോസിലെ സഭാനേതാക്കന്മാരോടു വിട പറഞ്ഞതിനു ശേഷം പൗലോസ്ശ്ലീഹാ തന്റെ പ്രേഷിതപ്രവർത്തനങ്ങൾ അവസാനിപ്പിച്ച് തന്റെ ജീവിതാന്ത്യഘട്ടത്തിലേക്കു നീങ്ങുകയാണ്. ഇനിയുള്ള ഭാഗത്ത് ജറുസലേമിലേക്കും അതേത്തുടർന്ന് റോമായിലേക്കുമുള്ള ശ്ലീഹായുടെ യാത്രയും, അവിടെ മിശിഹായ്ക്കു സാക്ഷ്യം വഹിച്ചുകൊണ്ട് അദ്ദേഹം തന്റെ ജീവിതാവസാനത്തിലെത്തിച്ചേരുകയും ചെയ്യുന്നതിന്റെ വിവരണമാണുള്ളത്. മിശിഹായുടെ ശുശ്രൂഷകൻ എന്ന നിലയിൽ പുരോഹിതന്റെ ആദ്ധ്യാത്മികത മനസ്സിലാക്കുവാൻ ഈ വചനഭാഗം സഹായകമാണ്. 21-ാം അദ്ധ്യായം ഇപ്രകാരം വിഭജിക്കാം:

1. ടയറിൽ ശിഷ്യരോടൊപ്പം (21,1–6)
2. സിറിയായിൽ പീലിപ്പോസിന്റെ വീട്ടിൽ (21,7–16)
3. ജറുസലേമിലും ദൈവാലയത്തിലും (21,17–26)
4. പൗലോസ് ബന്ധിതനായി പാളയത്തിലേക്കു കൊണ്ടുപോകപ്പെടുന്നു (21,27–36)
5. പൗലോസ് സഹസ്രാധിപന്റെ മുമ്പിൽ (21,37–40)

**1. പുരോഹിതൻ: സഭാസമൂഹത്തെ കുടുംബാരൂപിയിൽ കെട്ടിപ്പടുക്കേണ്ടവൻ**

"*ശിഷ്യന്മാരെ കണ്ടുപിടിച്ച് ഞങ്ങൾ ഏഴു ദിവസം അവിടെ താമസിച്ചു. പരിശുദ്ധാത്മാവിനാൽ പ്രേരിതരായി അവർ പൗലോസിനോടു ജറുസലേമിലേക്കു പോകരുതെന്നു പറഞ്ഞു. അവിടുത്തെ താമസം കഴിഞ്ഞ് ഞങ്ങൾ യാത്ര തുടർന്നു. സ്ത്രീകളും കുട്ടികളുമുൾപ്പെടെ അവരെല്ലാവരും നഗരത്തിനു വെളിയിൽവരെ ഞങ്ങളെ അനുയാത്ര ചെയ്തു. സമുദ്രതീരത്തു മുട്ടുകുത്തി ഞങ്ങൾ പ്രാർത്ഥിക്കുകയും വിടവാങ്ങുകയും ചെയ്തു*" (21,4–5).

സോറിലെ അഥവാ ടയറിലെ വിശ്വാസികളുടെ സമൂഹവുമായി പൗലോസിനു നേരത്തെ പരിചയമുള്ളതായി തോന്നുന്നില്ല. പൗലോസിന്റെ പ്രേഷിതപ്രവർത്തനത്തിലൂടെ രൂപംകൊണ്ട സമൂഹമായിരുന്നില്ല ടയറിലെ ക്രൈസ്തവസമൂഹം. സ്തേഫാനോസിന്റെ രക്തസാക്ഷിത്വത്തെത്തുടർന്ന് ജറുസലേമിൽനിന്നും പലായനം ചെയ്ത ഗ്രീക്കുകാരായ ക്രിസ്ത്യാനികളായിരിക്കാം അവിടെ സുവിശേഷപ്രഘോഷണം നടത്തി ക്രിസ്തീയസമൂഹത്തിനു രൂപംകൊടുത്തത്. പൗലോസ് ജറു

സലേം കൗൺസിലിനുമുമ്പ് ബർണബാസുമൊത്ത് അവരെ സന്ദർശിച്ചതായി ഒരു സൂചനയുണ്ട് (ശ്ലീഹ 15,3). ഏതായാലും ശ്ലീഹാ അവിടെയുള്ള സഭാസമൂഹത്തെ തേടിപ്പിടിച്ച് അവരോടൊന്നിച്ച് ജീവിക്കുന്നതായിട്ടാണ് ഇവിടെ എടുത്തുപറയുന്നത് (21,4). സഭാകൂട്ടായ്മയിൽ ജീവിക്കുവാനുള്ള പൗലോസിന്റെ താല്പര്യം ഇവിടെ വ്യക്തമാണ്. ക്രിസ്തീയജീവിതം അവശ്യം സഭാകൂട്ടായ്മാ ജീവിതമാണെന്ന് ഇതു വ്യക്തമാക്കുന്നു.

പരിശുദ്ധാത്മാവാൽ പ്രേരിതരായി അവർ പൗലോസിനോട് ജറുസലേമിലേക്കു പോകരുതെന്നു പറഞ്ഞു (21,4). അവരുടെയിടയിലുണ്ടായിരുന്ന കുടുംബാരൂപിയുടെയും ക്രിസ്തീയസാഹോദര്യത്തിന്റെയും ഒരു വ്യക്തമായ അടയാളമായി ഇതിനെ കാണാവുന്നതാണ്. ജറുസലേമിൽ പൗലോസിനു സംഭവിക്കാൻപോകുന്ന വിപത്തിനെ മുൻകൂട്ടി മനസ്സിലാക്കി അക്കാര്യം അദ്ദേഹത്തെ അറിയിക്കുവാനും, അപ്രകാരമുള്ള അപകടസാഹചര്യങ്ങളെക്കുറിച്ച് മുന്നറിയിപ്പു നൽകി അദ്ദേഹത്തെ അതിൽനിന്നും രക്ഷിക്കുവാനുമുള്ള സഭാസമൂഹത്തിന്റെ താല്പര്യമാണ് ഇവിടെ പ്രകടമാകുന്നത്. മാത്രമല്ല, അതു പരിഗണിക്കാതെ പൗലോസ് ജറുസലേമിലേക്കു യാത്രയാകുമ്പോൾ സ്ത്രീകളും കുട്ടികളുമുൾപ്പെടെ എല്ലാവരും പൗലോസിനെ അനുയാത്ര ചെയ്യുന്നതും മുട്ടുകുത്തി പ്രാർത്ഥിച്ച് വിടവാങ്ങുന്നതും ആ സഭാസമൂഹത്തിന്റെ കുടുംബാരൂപിയുടെ അടയാളങ്ങളാണ്. സഭയെ പലപ്പോഴും ഒരു സ്ഥാപനമായും മതമായുമൊക്കെയാണ് നാം കാണുന്നത്. അത് സഭയുടെ സ്വഭാവത്തിനു ചേർന്നതല്ല. ഇപ്രകാരം സഭാസമൂഹത്തെ കുടുംബാരൂപിയിൽ കെട്ടിപ്പടുക്കേണ്ടവനാണ് പുരോഹിതൻ.

**2. പുരോഹിതൻ: ദൈവഹിതത്തിനു പൂർണ്ണമായി വിധേയപ്പെടേണ്ടവൻ**

*"കുറെദിവസം കഴിഞ്ഞപ്പോൾ അഗാബോസ് എന്നു പേരുള്ള ഒരു പ്രവാചകൻ യൂദയായിൽനിന്ന് അവിടെയെത്തി. അവൻ ഞങ്ങളുടെ അടുത്തുവന്ന് പൗലോസിന്റെ അരപ്പട്ട എടുത്ത് അതുകൊണ്ടു സ്വന്തം കൈകാലുകൾ ബന്ധിച്ചിട്ട് ഇപ്രകാരം പ്രസ്താവിച്ചു. പരിശുദ്ധാത്മാവ് അരുളിച്ചെയ്യുന്നു, ജറുസലേമിൽവച്ച് യഹൂദന്മാർ ഈ അരപ്പട്ടയുടെ ഉടമസ്ഥനെ ഇതുപോലെ ബന്ധിക്കുകയും വിജാതീയർക്ക് ഏൽപിച്ചുകൊടുക്കുകയും ചെയ്യും. ഇതു കേട്ടപ്പോൾ ഞങ്ങളും അവിടെയുണ്ടായിരുന്ന ജനങ്ങളും പൗലോസിനോടു ജറുസലേമിലേക്കു പോകരുതെന്ന് അഭ്യർത്ഥിച്ചു. അപ്പോൾ അവൻ പറഞ്ഞു: നിങ്ങളെന്താണ് ഈ ചെയ്യുന്നത്? നിലവിളിച്ചുകൊണ്ട് എന്റെ ഹൃദയത്തെ ദുർബലമാക്കുക*

*യാണോ? ജറുസലേമിൽവച്ച് കർത്താവായ ഈശോയുടെ നാമത്തെ പ്രതി ബന്ധനം മാത്രമല്ല മരണംപോലും സ്വീകരിക്കാൻ ഞാൻ തയ്യാറാണ്*" (21,10-13).

പിറ്റേദിവസം യാത്ര പുറപ്പെട്ട് പൗലോസ് കേസറിയായിലെത്തി. പൗലോസിന്റെ ജീവിതത്തിൽ കേസറിയായ്ക്ക് ഒരു പ്രധാനസ്ഥാനമുണ്ടായിരുന്നു. പൗലോസും സഹകാരികളും അവിടെയെത്തി പീലിപ്പോസിന്റെകൂടെ താമസമുറപ്പിച്ചു. പീലിപ്പോസ് ഏഴു ഡീക്കന്മാരിലൊരാളാണ് (6,5). സമറിയായിൽ സുവിശേഷം പ്രസംഗിച്ചയാളും മന്ത്രവാദി ശിമയോനെ മാനസാന്തരപ്പെടുത്തിയവനുമാണ് (8,4-13). എത്യോപ്യാക്കാരൻ ഷണ്ഡനു മാമ്മോദീസാ നല്കിയതും ഈ പീലിപ്പോസാണ് (8,26 മുതൽ). പീലിപ്പോസിന് കന്യകമാരും പ്രവചനവരം ലഭിച്ചവരുമായ നാലു പുത്രിമാർ ഉണ്ടായിരുന്നു (21,9). പൗലോസ് അവിടെ താമസിക്കുമ്പോൾ യൂദയായിൽനിന്നും അഗാബോസ് എന്ന പ്രവാചകൻ അവിടെ വരികയും പൗലോസിന് ജറുസലേമിലുണ്ടാകുവാനിടയുള്ള വൈഷമ്യങ്ങൾ, പഴയനിയമത്തിലെ പ്രവാചകന്മാരെ അനുകരിച്ച് ചൂണ്ടിക്കാണിക്കുകയും ചെയ്തു. അഗാബോസ് പൗലോസിനെപ്പറ്റി പറയുന്നത് യഹൂദന്മാർ അവനെ പിടിച്ചുകെട്ടി വിജാതീയരെ ഏല്പിക്കും എന്നാണ്. ഈശോ തന്റെ കുരിശുമരണത്തെക്കുറിച്ച് പറഞ്ഞിട്ടുള്ള പ്രവചനത്തോട് ഇതിനു സാദൃശ്യമുണ്ട് (മർക്കോ 10,33).

ആദിമസഭയിൽ പ്രവാചകർക്ക് ശ്ലീഹന്മാരോടൊപ്പം സ്ഥാനമുണ്ടായിരുന്നു. "ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ" (എഫേ 2,20) എന്ന് പൗലോസ്ശ്ലീഹാ പറയുന്നുണ്ടല്ലോ. ഇന്നും ദൈവശാസ്ത്രജ്ഞന്മാർ, ആത്മീയഗുരുക്കന്മാർ തുടങ്ങിയവരിലൂടെ ഈ പ്രവാചകസാന്നിദ്ധ്യം സഭയിലുണ്ട്. പൗലോസ് ജറുസലേമിൽ പോകുന്നതിനെ അഗാബോസ് വിലക്കുന്നില്ലെങ്കിലും, ശ്ലീഹായുടെ സഹകാരികൾ അതു ചെയ്യുന്നുണ്ട്. അവർക്കു പൗലോസ് നല്കുന്ന മറുപടി ശ്രദ്ധേയമാണ്: "കർത്താവായ ഈശോയുടെ നാമത്തെപ്രതി ബന്ധനം മാത്രമല്ല മരണംപോലും സ്വീകരിക്കാൻ ഞാൻ തയ്യാറാണ്" (21,13). എല്ലാ ക്രൈസ്തവരും പ്രത്യേകിച്ച് പുരോഹിതരും അവലംബിക്കേണ്ട ത്യാഗാത്മകമായ അനുസരണത്തിന്റെ മാർഗ്ഗമാണ് ഇതു വ്യക്തമാക്കുന്നത്. ശ്ലൈഹികശുശ്രൂഷയ്ക്കു നേതൃത്വം കൊടുക്കുന്ന അധികാരികളോട് അനുസരണം വാഗ്ദാനം ചെയ്തുകൊണ്ടാണല്ലോ പുരോഹിതാഭിഷേക കർമ്മം ആരംഭിക്കുന്നത്.

**3. പുരോഹിതൻ: എല്ലാം സഭാസമൂഹവുമായി പങ്കിട്ടനുഭവിക്കുന്ന വൻ**

"*അവരെ അഭിവാദനം ചെയ്തതിനുശേഷം പൗലോസ് തന്റെ ശുശ്രൂഷവഴി വിജാതീയരുടെയിടയിൽ ദൈവം ചെയ്ത കാര്യങ്ങൾ ഓരോന്നായി വിശദീകരിച്ചു. അവർ അതുകേട്ട് ദൈവത്തെ സ്തുതിച്ചു. അവർ അവനോടു പറഞ്ഞു: സഹോദരാ, വിശ്വാസം സ്വീകരിച്ചവരിൽ എത്രയായിരം യഹൂദരുണ്ടെന്നു നോക്കൂ. അവരെല്ലാം നിയമം പാലിക്കുന്നതിൽ വലിയ നിഷ്ഠയുള്ളവരുമാണ്..... അതിനാൽ, ഞങ്ങൾ പറയുന്നതുപോലെ നീ പ്രവർത്തിക്കുക. വ്രതമെടുത്ത നാലുപേർ ഞങ്ങളുടെ കൂടെയുണ്ട്. അവരോടൊപ്പം പോയി നീയും നിന്നെത്തന്നെ ശുദ്ധീകരിക്കുക. അവരുടെ ശിരോമുണ്ഡനത്തിനുള്ള ചെലവും നീ വഹിക്കുക. അങ്ങനെ, നീ തന്നെ നിയമമനുസരിച്ചു ജീവിക്കുന്നുവെന്നും നിന്നെക്കുറിച്ച് അവർ കേട്ടിരിക്കുന്ന വാർത്തയിൽ കഴമ്പില്ലെന്നും സകലരും അറിഞ്ഞുകൊള്ളും*" (21,19-20.23-24).

പൗലോസും സഹകാരികളും ജറുസലേമിലെത്തിയപ്പോൾ സഭയുടെ 'തൂണുകളായി' കരുതപ്പെട്ടിരുന്ന യാക്കോബ്, പത്രോസ്, യോഹന്നാൻ (ഗലാ 2,9) എന്നിവരിൽ യാക്കോബ് മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. യാക്കോബും ജറുസലേം സഭയിലെ ശ്രേഷ്ഠന്മാരും പൗലോസിനും കൂട്ടർക്കും ഹാർദ്ദമായ സ്വീകരണം നല്കി. പൗലോസ് തന്റെ ശുശ്രൂഷവഴി വിജാതീയരുടെയിടയിൽ ദൈവം ചെയ്ത കാര്യങ്ങൾ ഓരോന്നായി വിശദീകരിച്ചു. അവർ അതുകേട്ട് ദൈവത്തെ സ്തുതിച്ചു (21,19-20). പൗലോസാണ് ശുശ്രൂഷ ചെയ്തതെങ്കിലും ദൈവമാണ് അതു ചെയ്തതെന്ന് പ്രത്യേകം എടുത്തുപറയുന്നു. സഭയിൽ ശുശ്രൂഷകരുടെ സ്ഥാനത്തെപ്പറ്റി ഇവിടെ പറയുന്നത് വളരെ പ്രസക്തമാണ്. പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളിൽ സഭാശുശ്രൂകരുടെ സ്ഥാനത്തെപ്പറ്റി പറയുന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ശുശ്രൂഷകർ ദൈവത്തിന്റെ ഉപകരണങ്ങൾ മാത്രമാണ്. "ഞാൻ നട്ടു; അപ്പോളോസ് നനച്ചു' എന്നാൽ ദൈവമാണ് വളർത്തിയത്. അതുകൊണ്ട് നടുന്നവനോ നനയ്ക്കുന്നവനോ അല്ല വളർത്തുന്നവനായ ദൈവത്തിനാണു പ്രാധാന്യം" (1 കൊറി 3,6-7). അതുകൊണ്ടു സഭാശുശ്രൂഷകരായ പുരോഹിതർ തങ്ങളുടെ ശുശ്രൂഷ ദൈവത്തിന്റെ ജോലിയായി കരുതുകയും ദൈവത്തിന്റെ സാന്നിദ്ധ്യത്തോടും പ്രവർത്തനത്തോടും ആഭിമുഖ്യം പുലർത്തുകയും വേണം.

അതുപോലെതന്നെ സഭാശുശ്രൂഷകർ തങ്ങളിലൂടെ ദൈവം ചെയ്യുന്ന പ്രവർത്തനങ്ങൾ തിരിച്ചറിഞ്ഞ് അവ പരസ്പരം പങ്കു

വയ്ക്കണം. ഈ പങ്കുവയ്ക്കൽ സഭാശുശ്രൂഷകരുടെയിടയിൽമാത്രം ഒതുങ്ങരുത്. സഭാസമൂഹം മുഴുവൻ എല്ലാം പരസ്പരം പങ്കുവയ്ക്കുന്ന സമൂഹമാകണം. പൗലോസും സഹപ്രവർത്തകരും ജറുസലേം സഭയ്ക്കുവേണ്ടി സമാഹരിച്ച തുക ജറുസലേം സഭാനേതൃത്വത്തെ ഏല്പിച്ച കാര്യം എടുത്തുപറയുന്നില്ലെങ്കിലും അതു ചെയ്തുകാണണം. എല്ലാ അനുഭവങ്ങളും പങ്കിട്ടനുഭവിക്കുന്ന ഒരു കൂട്ടായ്മയാകുമ്പോഴാണ് സഭ കുടുംബാരൂപിയിൽ കെട്ടിപ്പടുക്കപ്പെടുന്നത്. വ്യത്യസ്തമായ നിലപാടുകളിൽ വിട്ടുവീഴ്ച ചെയ്തും സഭാകുടുംബക്കൂട്ടായ്മ നിലനിർത്തണമെന്നും ഇവിടെ സൂചനയുണ്ട്. യഹൂദ യാഥാസ്ഥികരുടെ അമർഷത്തിൽനിന്നും പൗലോസിനെ രക്ഷിക്കാൻ യഹൂദാചാരവിധിക്കനുസൃതമായി നാസീർവ്രതക്കാരോടൊപ്പം ദൈവാലയത്തിൽ പോകണമെന്ന നിർദ്ദേശം പൗലോസ് അംഗീകരിക്കുകയും അതിനനുസൃതമായി പ്രവർത്തിക്കുകയും ചെയ്തു (21,26). ബോദ്ധ്യങ്ങൾ നിലനിർത്തുന്നതോടൊപ്പം സമാധാനവും കുടുംബാരൂപിയും സഭയിൽ നിലനിർത്തുവാൻ സാദ്ധ്യമായ വിട്ടുവീഴ്ചകൾ ചെയ്യണമെന്നും ഈ സംഭവം നമ്മെ അനുസ്മരിപ്പിക്കുന്നു.

**4. പുരോഹിതൻ: വിശ്വാസത്തെപ്രതി പീഡ സഹിക്കേണ്ടവൻ**

*"ഏഴു ദിവസം തികയാറായപ്പോൾ ഏഷ്യയിൽനിന്നുള്ള യഹൂദർ അവനെ ദൈവാലയത്തിൽ കണ്ടു. അവർ ജനക്കൂട്ടത്തെ ഇളക്കുകയും അവനെ പിടികൂടുകയും ചെയ്തു. അവർ വിളിച്ചുപറഞ്ഞു: ഇസ്രായേൽ ജനമേ, സഹായിക്കുവിൻ. ജനത്തിനും നിയമത്തിനും ഈ സ്ഥലത്തിനുമെതിരായി എല്ലായിടത്തും ആളുകളെ പഠിപ്പിക്കുന്നവൻ ഇവൻ തന്നെ. മാത്രമല്ല, ഇവൻ ഗ്രീക്കുകാരെ ദൈവാലയത്തിൽ കൊണ്ടുവന്ന് ഈ പരിശുദ്ധ സ്ഥലം അശുദ്ധമാക്കുകയും ചെയ്തിരിക്കുന്നു. എന്തെന്നാൽ, നഗരത്തിൽവച്ചു നേരത്തെ അവനോടൊപ്പം ഏഫേസോസുകാരനായ ത്രോഫിമോസിനെയും അവർ കണ്ടിരുന്നു. പൗലോസ് അവനെയും ദൈവാലയത്തിൽ കൊണ്ടുവന്നിരിക്കും എന്ന് അവർ വിചാരിച്ചു"* (21,27-29).

ഒരാഴ്ച നീണ്ടുനില്ക്കുന്നതായിരുന്നു യാക്കോബിന്റെ നിർദ്ദേശാനുസരണം പൗലോസ് ഏറ്റെടുത്ത ശുദ്ധീകരണകർമ്മം. ഇതേപ്പറ്റി സംഖ്യാപുസ്തകം 6-ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട് (സംഖ്യ 6,1-21). യഹൂദരെ പ്രീതിപ്പെടുത്തുവാനായി യാക്കോബ് നിർദ്ദേശിച്ച മാർഗ്ഗം വിപരീതഫലമാണ് ഉളവാക്കിയത്. ഏഴാം ദിവസം ബലിയർപ്പണത്തിനുള്ള ഒരുക്കവുമായി ദൈവാലയത്തിൽ ചെന്ന പൗലോസിനെ യഹൂദർ തിരിച്ചറിഞ്ഞു. അതിനു കാരണമായത് എഫേസോസിൽനിന്നും

വന്നിരുന്ന യഹൂദരാണ്. അതു പന്തക്കുസ്താ പെരുന്നാളിന്റെ കാലമായിരുന്നതിനാൽ, പെരുന്നാളിൽ സംബന്ധിക്കുവാൻ വിവിധ ദേശങ്ങളിൽ ചിതറിപ്പാർത്തിരുന്ന യഹൂദന്മാരിൽ ഒരു നല്ല പങ്കും ജറുസലേമിൽ സമ്മേളിച്ചിരുന്നു. അങ്ങനെ, പൗലോസ് മൂന്നു വർഷക്കാലം താമസിച്ചു സുവിശേഷപ്രഘോഷണം നിർവഹിച്ച എഫേസോസിൽനിന്നും ആളുകൾ അവിടെ എത്തിയിരുന്നു. അവർക്കു പൗലോസിനെ തിരിച്ചറിയാൻ പ്രയാസമുണ്ടായില്ല. എഫേസോസിൽവച്ച് പൗലോസിനെതിരായി അവർക്കുളവാക്കാൻ സാധിക്കാത്ത പ്രക്ഷോഭണം ജറുസലേമിൽ വച്ചുയർത്തുവാൻ അവർ മുതിർന്നു.

ത്രോഫിമോസിന്റെ ആവിർഭാവം ബഹളത്തിന്റെ ആക്കം വർദ്ധിപ്പിച്ചു. ജറുസലേം ദൈവാലയത്തിൽ യഹൂദവിശ്വാസികൾ കൂടുന്ന സ്ഥലത്ത് യഹൂദരല്ലാത്തവർക്കു പ്രവേശനമില്ലായിരുന്നു. ആരെങ്കിലും പ്രവേശിച്ചാൽ അയാളെ കൊല്ലുവാൻ യഹൂദർ നല്കിയിരുന്ന വിധി റോമൻ ഭരണാധികാരികൾ തന്നെ മാനിച്ചിരുന്നു. വിജാതീയർക്കു പ്രവേശനാനുമതിയുള്ള സ്ഥലത്തുമാത്രമേ അവർക്കു കടക്കാമായിരുന്നുള്ളു. ഈ വ്യവസ്ഥ അതിലംഘിച്ച് പൗലോസ് ത്രോഫിമോസിനെ യഹൂദവിശ്വാസികളുടെ സ്ഥലത്തു പ്രവേശിപ്പിച്ചു എന്നതാണ് ആരോപണം. സുവിശേഷങ്ങളിൽ ഈശോയ്ക്കെതിരായും (മർക്കോ 14,58) നടപടിഗ്രന്ഥത്തിൽ സ്തേഫാനോസിനെതിരായും (ശ്ലീഹ 6,11-14) നടത്തിയ ആരോപണങ്ങൾക്ക് സദൃശ്യമായ ആരോപണങ്ങളാണ് ഇവിടെ പൗലോസിനെതിരായും അവർ നടത്തിയത്. ക്രിസ്തീയവിശ്വാസം അവശ്യം പീഡ സഹിക്കേണ്ടിവരുന്ന ഒന്നാണെന്നും, സഭാസമൂഹം അത് എവിടെയും പ്രതീക്ഷിക്കണമെന്നും ഇതു സൂചിപ്പിക്കുന്നു. ഈ യാഥാർത്ഥ്യം പുരോഹിതൻ മനസ്സിലാക്കിയിരിക്കണം; അതിനെ നേരിടുവാൻ സഭാസമൂഹത്തെ സജ്ജമാക്കുകയും വേണം.

**5. പുരോഹിതൻ: സഹനത്തെ ശാന്തതയോടെ നേരിടേണ്ടവൻ**

*"പാളയത്തിലെത്താറായപ്പോൾ പൗലോസ് സഹസ്രാധിപനോടു പറഞ്ഞു: ഞാൻ ഒരു കാര്യം പറഞ്ഞുകൊള്ളട്ടെ. അവൻ ചോദിച്ചു: നിനക്ക് ഗ്രീക്കുഭാഷ അറിയാം, അല്ലേ? അപ്പോൾ, അടുത്ത കാലത്ത് കലാപമുണ്ടാക്കുകയും നാലായിരം ഭീകരപ്രവർത്തകരെ മരുഭൂമിയിലേക്കു നയിക്കുകയും ചെയ്ത ഈജിപ്തുകാരനല്ലേ നീ? പൗലോസ് പറഞ്ഞു: കിലിക്യായിലെ താർസോസിൽനിന്നുള്ള ഒരു യഹൂദനാണു ഞാൻ - അപ്രധാനമല്ലാത്ത ഒരു നഗരത്തിലെ പൗരൻ. ജനത്തോടു സംസാരിക്കാൻ എന്നെ അനുവദിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.*

*അനുവാദം കിട്ടിയപ്പോൾ പൗലോസ് നടയിൽ നിന്നുകൊണ്ട് ജനത്തോട് ആംഗ്യം കാണിച്ചു. അവർ പൂർണ്ണ നിശബ്ദരായി; ഹെബ്രായഭാഷയിൽ അവൻ പ്രസംഗം ആരംഭിച്ചു*" (21,37-40).

റോമൻ സഹസ്രാധിപൻ ഇടപെട്ടില്ലായിരുന്നെങ്കിൽ പൗലോസിനെ യഹൂദർ കൊല്ലുമായിരുന്നു. ജറുസലേം ദൈവാലയം എപ്പോഴും കലാപ സാധ്യതയുള്ള സ്ഥലമായിരുന്നതിനാൽ റോമൻ സർക്കാർ ഒരു സഹ സ്രാധിപന്റെ നേതൃത്വത്തിലുള്ള ഒരു പട്ടാളവിഭാഗത്തെ ദൈവാലയ ത്തിന്റെ ഒരു വശത്തായി പാർപ്പിച്ചിരുന്നു. അതിലൊരു വിഭാഗം അതി വേഗം സ്ഥലത്തെത്തി പൗലോസിനെ ബന്ധിച്ച് പാളയത്തിലേക്കു കൊണ്ടുപോയി. കലാപകാരണം എന്താണെന്നു മനസ്സിലാക്കാൻ സഹസ്രാധിപനു കഴിഞ്ഞില്ല. അപ്പോൾ അയാളുടെ ഓർമ്മയിൽ വന്ന താണ് ഈജിപ്തുകാരന്റെ കഥ. ഏകദേശം മൂന്നു കൊല്ലങ്ങൾക്കുമുമ്പ് ഒരു പ്രവാചകനായി ഭാവിച്ച് അയാൾ ജറുസലേമിൽവന്നു. ഒരു വലിയ കൂട്ടം ആളുകളെ സംഘടിപ്പിച്ച് പട്ടണത്തിനു സമീപമുള്ള മലയിൽ നിർത്തി അവരോട്, താൻ ആജ്ഞാപിക്കുമ്പോൾ നഗരത്തിനു ചുറ്റു മുള്ള കോട്ടകൾ നിലംപതിക്കുമെന്നും, ആ അവസരം നോക്കി നഗരത്തെ കീഴടക്കണമെന്നും നിർദ്ദേശം കൊടുത്തിരുന്നു. അങ്ങനെ റോമിന്റെ ഭരണത്തിൽനിന്നു ജറുസലേമിനെ മോചിപ്പിക്കാമെന്നായി രുന്നു പ്രതീക്ഷ. അതൊന്നും നടന്നില്ല. റോമൻപട്ടാളം ഒലിവുമലയിൽ കൂടിയിരുന്ന ഒരു വലിയ വിഭാഗത്തെ കൊന്നൊടുക്കി. ബാക്കിയുള്ള വരെ പിടിച്ച് കാരാഗൃഹത്തിലടച്ചു. ഈജിപ്തുകാരൻ ഓടി രക്ഷപെടു കയും ചെയ്തു. ഇതിന്റെ ഫലമായി ജനങ്ങൾക്ക് അയാളുടെ നേരെ ശക്തിയായ വെറുപ്പുണ്ടായി. പൗലോസ് അയാളായിരിക്കുമെന്നാണ് സഹസ്രാധിപൻ ചിന്തിച്ചത്.

എന്നാൽ പൗലോസ് സ്വയം പരിചയപ്പെടുത്തുകയാണ്. ഒരു യഹൂ ദനും, അപ്രധാനമല്ലാത്ത താർസോസ് നഗരത്തിലെ പൗരനുമായി സ്വയം പരിചയപ്പെടുത്തുന്നു. ജനങ്ങളോടു സംസാരിക്കാൻ അനുവാദം ചോദിക്കുന്നു. തന്നെ കൊല്ലുവാൻ ശ്രമിച്ച ജനങ്ങളോടു സംസാരിക്കു വാനാണ് പൗലോസ് അനുവാദം ചോദിച്ചത്. അവരിൽനിന്നും രക്ഷ പെടുവാൻ ശ്രമിക്കാതെ അവരെ മിശിഹായ്ക്കുവേണ്ടി നേടുവാനാണ് പൗലോസ് ശ്രമിക്കുന്നത്. ഇതു സുവിശേഷം നല്കുന്ന ആന്തരിക ശക്തിയാണ്. വിശുദ്ധ ജോൺ ക്രിസോസ്റ്റോം ഇതേപ്പറ്റി പറയുന്നത് ഇപ്രകാരമാണ്: "അനേകം പാപികളെക്കാൾ ബലഹീനമായിട്ടൊന്നു മില്ല; ദൈവത്തിന്റെ നിയമം പാലിക്കുന്നവനെക്കാൾ ശക്തമായി മറ്റൊന്നു

മില്ല" (നടപടിപ്പുസ്തകവ്യാഖ്യാനം). പൗലോസ് തന്റെ ശത്രുക്കളെ കുറ്റപ്പെടുത്തുവാനല്ല ശ്രമിക്കുന്നത്. സുവിശേഷം പ്രസംഗിക്കപ്പെടേണ്ടത് വാളുകളാലും കുന്തങ്ങളാലുമല്ല; പ്രത്യുത ഉപദേശങ്ങളാലും ബോദ്ധ്യങ്ങളാലുമാണെന്നുള്ള വിശുദ്ധ അത്തനാസിയൂസിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ശുശ്രൂഷാരംഗങ്ങളിൽ എതിർപ്പുകളും പീഡനങ്ങളുമുണ്ടാകുമ്പോൾ ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അവയെ ശാന്തമായി നേരിടാൻ നമുക്കു കഴിയണം.

**ജീവിതസൂചിക**

1. സഭാസമൂഹത്തെ കുടുംബാരൂപിയിൽ കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെയെല്ലാം പരിശ്രമിക്കുന്നു?
2. ത്യാഗാത്മകമായ അനുസരണത്തിന്റെ മാർഗ്ഗമാണോ ഞാൻ എന്റെ അജപാലനശുശ്രൂഷയിൽ സ്വീകരിക്കുന്നത്?
3. സഭാശുശ്രൂഷകരും സഭാസമൂഹവുമായി എല്ലാം പങ്കിട്ടനുഭവിക്കുന്ന ശൈലിയാണോ എനിക്കുള്ളത്?
4. വിശ്വാസത്തെപ്രതി പീഡ സഹിക്കേണ്ടി വരുമ്പോൾ ഞാൻ എപ്രകാരമാണ് അതിനെ നേരിടുന്നത്?
5. സഹനത്തെ ശാന്തതയോടെയും ദൈവാശ്രയത്വത്തോടെയും നേരിടാൻ എനിക്കു കഴിയുന്നുണ്ടോ?

# രൂപതാകച്ചേരി വാർത്തകൾ

**ജപമാലമാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാത്മികതയിൽ വളരുവാനും പരി. അമ്മയുടെ മാദ്ധ്യസ്ഥം തേടുവാനുമുള്ള അവസരമാണല്ലോ ഒക്ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റ് ചില സ്ഥലങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലിക്കൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരിശ്രമങ്ങൾ നടത്തുന്നത് ശ്ലാഘനീയമാണ്. മാതാവിനോടുള്ള ഭക്തിയിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരിശ്രമിക്കാം.

**മിഷൻ ഞായർ ഒക്ടോബർ 27**

ഒക്ടോബർ മാസം 27-ാം തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾവരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം നമ്മിലെല്ലാം ശക്തിപ്പെടുത്തുവാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളിലൂടെയും സജീവ മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങളെയും ശക്തിപ്പെടുത്തുവാനുമുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും ആഘോഷവും. ഈ അവസരത്തിൽ മിഷൻ രംഗങ്ങളിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാവരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. മിഷൻ ഞായറാഴ്ച സമർപ്പിക്കുന്ന സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങളെ സഹായിക്കുവാനുള്ള നമ്മുടെ മനസ്സിന്റെ സമർപ്പണമാവട്ടെ. അന്ന് ലഭിക്കുന്ന സ്തോത്രക്കാഴ്ച കഴിവതും നേരത്തെ രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

**അനുസ്മരണം**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ചന്റെയും നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേലച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും നമുക്കോർക്കാം. ആ ദിവസങ്ങളിൽ വിയാനിഭവൻ ചാപ്പലിൽ വച്ച് രാവിലെ 7 മണിക്ക് വി.ബലിയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസും ഉണ്ടായിരിക്കുന്നതാണ്.

**പ്രസ്ബിറ്ററൽ കൗൺസിൽ**

മാനന്തവാടി രൂപതാ പ്രസ്ബിറ്ററൽ കൗൺസിലിന്റെ ഒരു യോഗം നവംബർ 5 ചൊവ്വാഴ്ച 10.30 മുതൽ 1.30 വരെ ബിഷപ്പ്സ് ഹൗസിൽ വച്ച് ചേരുന്നതാണ്. വിശദവിവരങ്ങൾ അംഗങ്ങളെ പിന്നീട് അറിയിക്കുന്നതാണ്.

**New Appointment:**

1. Rev. Fr. Joseph Paruvummel - Member, Diocesan Safe Enviornment Committee

**മോൺ. അബ്രാഹം നെല്ലിക്കൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

## നീലഗിരി റീജിയൻ

സെപ്റ്റംബർ 3 ന് ചൊവ്വാഴ്ച കൽപ്ര സെന്റ് മേരീസ് ദേവാലയത്തിൽ വച്ച് വൈദികരുടെ മാസധ്യാനം നടത്തപ്പെട്ടു. ഇടവകാ വികാരി ബഹു. ജോഷി പെരിയപ്പുറം എല്ലാവരെയും സ്വാഗതം ചെയ്തു. മക്കിയാട് ധ്യാനകേന്ദ്രത്തിലെ ബഹു. റോയി അച്ചൻ പൗരോഹിത്യ ജീവിതത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ധ്യാനചിന്തകൾ പങ്കുവെച്ചു. തുടർന്നുള്ള സമ്മേളനത്തിൽ റീജനൽ ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചൻ അദ്ധ്യക്ഷത വഹിച്ചു. മിഷൻലീഗ് ബൈബിൾ കലോത്സവം ഒക്ടോബർ 2 ന് ഗൂഡല്ലൂർ മോണിംഗ് സ്റ്റാർ സ്കൂളിൽ വച്ച് നടത്താൻ തീരുമാനിച്ചു. മാതൃവേദി മേഖലാ സാഹിത്യമത്സരം സെപ്റ്റംബർ 14 ന് ആണെന്ന് മേഖലാ ഡയറക്ടർ ബഹു. സജി പുതുക്കുളങ്ങര അച്ചൻ അറിയിച്ചു. കെ.സി.വൈ.എം. മേഖലാ സാഹിത്യമത്സരം സെപ്റ്റംബർ 22 ന് ആണെന്ന് മേഖലാ ഡയറക്ടർ ബഹു. റോബിൻ പടിഞ്ഞാറയിൽ അച്ചൻ അറിയിച്ചു. NDS റീജനൽ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. വെഞ്ചരിപ്പ് നവംബറിൽ ആണെന്ന് അറിയിച്ചു. പ്രളയബാധിതർക്കായി ശേഖരിച്ച പണം രൂപതയിൽ എത്തിച്ചു. പ്രളയദുരന്തത്തിൽപ്പെട്ട 15 കുടുംബങ്ങൾക്ക് കിറ്റ് നൽകാൻ തീരുമാനിച്ചു. രൂപതാ മതബോധന വിസിറ്റ് സെപ്റ്റംബർ 15 ന് ആയിരിക്കും എന്ന് മേഖലാ മതബോധന ഡയറക്ടർ ബഹു. തോമസ് മണക്കുന്നേൽ അച്ചൻ അറിയിച്ചു. കൽപ്ര അമല ഹോസ്പിറ്റലിൽ വച്ച് ഓണസദ്യ നടത്തി. പനംചിറ ഇടവകാ വികാരി ഫാ. ജയൻ മണ്ണുകുളം TOR നീലഗിരി റീജിയൻ കൂട്ടായ്മയുടെ കൃതജ്ഞത ബഹു. വൈദികർക്കും കൽപ്ര ഇടവകാംഗങ്ങൾക്കും ബഹു. സിസ്റ്റേഴ്സിനും അറിയിച്ചു. അടുത്ത മാസധ്യാനം പനംചിറ ഇടവകയിൽ വച്ച് ഒക്ടോബർ 8 ന് നടത്താൻ തീരുമാനിച്ചു.

**ഫാ. ജയൻ മണ്ണുകുളം TOR**
റീജണൽ സെക്രട്ടറി

# സെമിനാരി വാർത്തകൾ

## ദൈവവിളി ക്യാമ്പ്

ഈ വർഷം 10,12 ക്ലാസ്സുകളിൽ പഠിക്കുന്ന വൈദിക ജീവിതത്തിലേക്ക് കടന്നുവരാൻ താല്പര്യമുള്ള ആൺകുട്ടികൾക്കു വേണ്ടി ഒരു ക്യാമ്പ് നമ്മുടെ രൂപതയുടെ വൊക്കേഷൻ ബ്യൂറോ സംഘടിപ്പിക്കുന്നു. വൈദിക ജീവിതത്തിലേക്ക് പ്രവേശിക്കാനാഗ്രഹിക്കുന്നവർക്ക് പ്രചോദനമേകാൻ, ദൈവവിളി തിരിച്ചറിയാൻ ഈ ക്യാമ്പ് സഹായകമാകും. 2019 ഒക്ടോബർ 7 തിങ്കൾ രാവിലെ 10 മണിക്ക് ആരംഭിച്ച് 8 ചൊവ്വ രാവിലെ 10 മണിക്ക് ക്യാമ്പ് അവസാനിക്കും. നമ്മുടെ മൈനർ സെമിനാരിയായ മൗണ്ട് മേരി കോളേജിൽ വച്ച് നടത്തപ്പെടുന്ന ഈ ക്യാമ്പിലേക്ക് ഇടവകകളിൽ നിന്നും കുട്ടികളെ പറഞ്ഞുവിടുമല്ലോ.

**ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ, മൈനർ സെമിനാരി
ഫോൺ: 9447882293

**ഫാ. ബിജു തുരുത്തേൽ**
വൊക്കേഷൻ പ്രൊമോട്ടർ
ഫോൺ: 9495511616

NB: 1. കുർബാന പുസ്തകം, പേന, നോട്ട്ബുക്ക്, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

2. ക്യാമ്പിന് വരുന്ന കുട്ടികളുടെ വിവരം മുകളിൽ തന്നിരിക്കുന്ന നമ്പറുകളിലേക്ക് വിളിച്ചറിയിക്കണേ.

**ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ**
റെക്ടർ, മൈനർ സെമിനാരി

# ഡോട്ടേഴ്സ് ഓഫ് സെന്റ് കമില്ലസ് സന്യാസിനി സഭയുടെ സ്ഥാപക മദർ ജോസഫിന വന്നിനി 2019 ഒക്ടോബർ 13-ാം തീയതി വിശുദ്ധ പദവിയിലേക്ക് ഉയർത്തപ്പെടും



ഇറ്റലിയിലെ റോമ നഗരിയിൽ 1859 ജൂലൈ 7-ാം തീയതി ജൂദിത്ത വന്നിനി ഭൂജാതയായി. 1892 മാർച്ച് 19-ാം തീയതി കമില്ലസ് സന്യാസ സമൂഹത്തിന്റെ സഭാവസ്ത്രം സ്വീകരിച്ച് ജോസഫിന എന്ന പേരു സ്വീകരിക്കുകയും ചെയ്തു. 'ഞാൻ രോഗിയായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചു' എന്ന സുവിശേഷ വചനത്തിൽ അധിഷ്ഠിതമാണ് ഈ സന്യാസ സഭ. രോഗികളിലും, പീഡിതരിലും, ദരിദ്രരിലും, സഹനദാസനായ ഈശോയുടെ മുഖം ദർശിച്ചുകൊണ്ട് കരുണാർദ്രമായ സ്നേഹത്തിന് സാക്ഷ്യം വഹിക്കുക എന്നതാണ് ഈ സന്യാസസഭയുടെ ദൗത്യം.

രോഗികളോടും വൃദ്ധരോടും ദരിദ്രരോടും അനാഥരോടും പരിത്യക്തരായ സമസ്തരോടും ഉള്ള വിശുദ്ധയുടെ ഉപവി പ്രഖ്യാതമാണ്. 1911 ഫെബ്രുവരി 23-ാം തീയതി തന്റെ 52-ാം വയസ്സിൽ സ്വർഗ്ഗീയ കിരീടത്തിനായി യാത്രയായി.

1994 ഒക്ടോബർ 16-ാം തീയതി മദർ ജോസഫിന വന്നിനിയെ വി.ജോൺ പോൾ രണ്ടാമൻ മാർപാപ്പ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിലേയ്ക്ക് ഉയർത്തി. ഈ വിശുദ്ധ പദവി പ്രഖ്യാപനത്തിന് കാരണമായ അത്ഭുതം ബ്രസീലിലെ മാത്തോഗ്രാസോയിലാണ് സംഭവിച്ചത്.

വാഴ്ത്തപ്പെട്ട വന്നിനിയുടെ പേരിൽ നടന്നുകൊണ്ടിരുന്ന കെട്ടിട നിർമ്മാണത്തിനിടയിൽ മൂന്നാം നിലയിലെ ലിഫ്റ്റിൽ നിന്നും കണക്ഷൻ വിട്ട് ജോലിക്കാരൻ താഴേക്ക് വീഴുന്ന അപകട നിമിഷത്തിൽ, മദർ വന്നിനിയുടെ മാദ്ധ്യസ്ഥം യാചിച്ച ജോലിക്കാൻ അത്ഭുതകരമാംവിധം രക്ഷപ്പെട്ടു.

ഈ വിശുദ്ധയുടെ മദ്ധ്യസ്ഥതയിൽ അനേകം രോഗശാന്തിയും അത്ഭുതങ്ങളും നടന്നു വരുന്നു.

ഇന്ത്യയിൽ മാനന്തവാടി രൂപതയിൽ 1973 ൽ ഈ സന്യാസസമൂഹ ത്തിന്റെ ആദ്യ ഭവനം കുറ്റിയാംവയലിൽ ആരംഭിച്ചു. അവിടെയുള്ള നിർദ്ധനരായ രോഗികൾക്കും ബുദ്ധിവൈകല്യമുള്ള കുട്ടികൾക്കും ഒരു അഭയകേന്ദ്രമായി മാറി. പിന്നീട് മാനന്തവാടി രൂപതയിൽ തന്നെ 1983 ചുങ്കക്കുന്നിൽ സെന്റ് കമില്ലസ് ആശുപത്രിക്ക് ആരംഭം കുറിച്ചു. ഇപ്പോൾ ആശുപത്രിയോടൊപ്പം ഒരു സ്പെഷ്യൽ സ്കൂളും പ്രവർത്തിച്ചു വരുന്നു. മാനന്തവാടിയിലുള്ള കുഴിനിലത്താണ് മൂന്നാമത്തെ ഭവനം സ്ഥിതിചെയ്യുന്നത്. 2014-ൽ ബുദ്ധിവൈകല്യമുള്ള കുഞ്ഞുങ്ങൾക്കായി ഈ ഭവനം ആരംഭിച്ചു. ആതുര സേവനരംഗത്ത് മികച്ച സേവനം കാഴ്ചവയ്ക്കുന്ന കമില്ലസ് സന്യാസ സമൂഹം ലോക ത്തിന്റെ നാനാഭാഗത്ത് സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്നു.

## പ്രാർത്ഥന

മനുഷ്യമക്കളോടുള്ള തന്റെ അനന്തമായ സ്നേഹവും കാരുണ്യവും അവിടുത്തെ ദാസരായ വിശുദ്ധരിലൂടെ വെളിപ്പെടുത്തുന്ന നല്ല ദൈവമേ വിശുദ്ധ ജോസഫിന വന്നീനിയുടെ മാദ്ധ്യസ്ഥം വഴി അങ്ങയുടെ കരുണാർദ്ര സ്നേഹം ആഴമായി അനുഭവിച്ചറിയുവാനും ശാരീരികവും മാനസികവുമായി വേദനിക്കുന്നവർക്ക് നല്ല സമരിയാക്കാരനായി തീരുവാനും ഞങ്ങളെ അനുഗ്രഹിക്കണമേ. സ്നേഹപിതാവേ വിശുദ്ധ ജോസഫിന വന്നീനിയുടെ മാദ്ധ്യസ്ഥത്താൽ ഞങ്ങൾ അപേക്ഷിക്കുന്ന (...................) ഈ പ്രത്യേക അനുഗ്രഹം സാധിച്ചുതരണമെന്നും അങ്ങനെ വിശുദ്ധയുടെ മാദ്ധ്യസ്ഥശക്തിയാൽ അനേകർ ദൈവ കൃപയ്ക്ക് അർഹരാകുകയും ചെയ്യട്ടെയെന്ന് അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു. ആമ്മേൻ

• • • • • • • • • •

**ഒന്നാം ടേം പരീക്ഷ**

ഈ അദ്ധ്യായന വർഷത്തെ ഒന്നാം ടേം പരീക്ഷ നവംബർ 3-ാം തീയതിയാണ്. നമ്മുടെ എല്ലാ ഇടവകകളിലും ഒരേ സമയത്താണ് പരീക്ഷ നടത്തേണ്ടത്. രാവിലെ 11 മണി മുതൽ 1 മണി വരെയാണ് പരീക്ഷയുടെ സമയം. മറ്റ് സമയങ്ങളിൽ വേദപാഠം നടത്തുന്ന ഇടവകകൾ നിർദ്ദേശിക്കപ്പെട്ട സമയത്ത് പരീക്ഷ നടത്താൻവേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. നവംബർ 2-ാം തീയതി 10 മണി മുതൽ 5 മണി വരെ രൂപതാ മതബോധന കേന്ദ്രത്തിലും മാനന്തവാടി സെന്റ് ജോസഫ് ബുക്കുസ്റ്റാളിലും (മാനന്തവാടി, പയ്യംമ്പള്ളി, ചുങ്കക്കുന്ന് ഫൊറോനകൾ) ചോദ്യപേപ്പർ ലഭ്യമായിരിക്കും.

**Plus Two വിദ്യാർത്ഥി സംഗമം**

സെപ്റ്റംബർ 1-ാം തീയതി മുള്ളൻകൊല്ലി ഫൊറോനയിലെയും 22-ാം തീയതി പയ്യംമ്പള്ളി ഫൊറോനയിലെയും Plus Two വിദ്യാർത്ഥികളുടെ സംഗമം നടത്തപ്പെട്ടു. Plus Two സംഗമത്തിൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകിയ റവ.ഫാ.നോബിൾ പാറക്കലിനും ആവശ്യമായ ക്രമീകരണങ്ങളെല്ലാം സജ്ജമാക്കിയ മേഖലാ ഡയറക്ടേഴ്സ് ബഹു. സജി കോട്ടായിൽ അച്ചനും ഷാജു മുളവേലിക്കുന്നേൽ അച്ചനും മുള്ളൻകൊല്ലി ഫൊറോന വികാരി ചാണ്ടി പുനക്കാട്ട് അച്ചനും, അസ്സി. വികാരി ടോണി അച്ചനും, മാർട്ടിൻ നഗർ വികാരി ജോസ് കളപ്പുര അച്ചനും മേഖലാ സെക്രട്ടറിമാർ ആന്റണി സാറിനും ജോൺസൺ സാറിനും സഹകരിച്ച എല്ലാ അദ്ധ്യാപകർക്കും ഹൃദയം നിറഞ്ഞ നന്ദി.

**ഒക്ടോബർ മാസത്തിൽ Plus Two സംഗമം നടക്കുന്ന ഫൊറോനകൾ താഴെ കൊടുക്കുന്നു.**

ഒക്ടോബർ 6 - നടവയൽ ഫൊറോന (ചുണ്ടക്കര)

ഒക്ടോബർ 13 - നടവയൽ ഫൊറോന (നടവയൽ)

## HDC contact class

HDC 1st year വിദ്യാർത്ഥികളുടെ രണ്ടാമത്തെ ക്ലാസ്സ് October 2 ന് മണിമൂളിയിലും October 12 ന് ദ്വാരകയിലും നടത്തപ്പെടുന്നതായിരിക്കും.

## Plus One വിദ്യാർത്ഥി സംഗമം

2019 നവംബർ 24 –ാം തീയതി ഞായറാഴ്ച രൂപതയിലെ 11–ാം ക്ലാസ്സിൽ വേദപാഠം പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും സംഗമം ദ്വാരക പാസ്റ്ററൽ സെന്ററിൽ നടത്തപ്പെടുന്നു. രാവിലെ 9.30 ന് ആരംഭിക്കും.

## Plus Two പ്രതിഭാസംഗമം

പ്ലസ് ടു വിദ്യാർത്ഥികളുടെ ഫൊറോനാതല പ്രതിഭാസംഗമം നടത്തി രൂപതാതല സംഗമത്തിനുള്ള കുട്ടികളുടെ പേര് നവംബർ 30ന് മുൻമ്പ് ഓഫീസിൽ അറിയിക്കേണ്ടതാണ്. ഫൊറോനാതല പ്രതിഭാസംഗമത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന രണ്ട് പെൺകുട്ടികളുടെയും രണ്ട് ആൺകുട്ടികളുടെയും പേര്, വീട്ടുപേര്, ഇടവക, ഫോൺ നമ്പർ എന്നിവയാണ് ഓഫീസിൽ തരേണ്ടത്. ഫൊറോന മതബോധന ഡയറക്ടേഴ്സും സെക്രട്ടറിമാരും ശ്രദ്ധിക്കുമല്ലോ.

## നന്ദി

ബഹു. ജോസഫ് തൊണ്ടിപറമ്പിലച്ചന്റെ സ്മരണാർത്ഥം രൂപതയിൽ ഡിപ്ലോമപരീക്ഷയിൽ റാങ്ക് ലഭിക്കുന്ന കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകാനായി 2 ലക്ഷം രൂപ നൽകിയ തൊണ്ടിപറമ്പിൽ കുടുംബത്തിന് രൂപതാ മതബോധനകേന്ദ്രത്തിന്റെ മുഴുവൻ നന്ദിയും സ്നേഹവും അറിയിക്കുന്നു. ബഹു. ജോസഫ് തൊണ്ടിപറമ്പിലച്ചന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുന്നു.

## രൂപതാ വിസിറ്റ്

**വിവിധ ഇടവകകളിലെ സന്ദർശന തീയതികൾ താഴെ ചേർക്കുന്നു.**

ഒക്ടോബർ 6 – ചിത്രഗിരി, മൂലങ്കാവ്, ശാന്തിഗിരി, മൊതക്കര, കാരക്കാമല, കുഞ്ഞോം, കൽപ്പറ്റ, കരിമാനി, മാനന്തവാടി ടൗൺ, പുതിയിടം, കമ്പനിഗിരി, ശിശുമല, കല്ലുവയൽ, കേണിച്ചിറ, കാട്ടിക്കുളം, പന്തിപൊയിൽ, മഞ്ഞൂറ.

ഒക്ടോബർ 13 – ചുള്ളിയോട്, പഴൂർ, കേളകം, ദ്വാരക, വിളമ്പുകണ്ടം, കളത്തുവയൽ, നെടുംമ്പാല, മുതിരേരി, പോരൂർ, മരകാവ്, പട്ടാണിക്കൂപ്പ്, കുറുമ്പാലക്കോട്ട, പനമരം, മംഗളം, പുതുശ്ശേരിക്കടവ്, കമ്മന.

ഒക്ടോബർ 20 – കടൽമാട്, മീനങ്ങാടി, പാൽച്ചുരം, തോണിച്ചാൽ, മക്കിയാട്, നിരവിൽപ്പുഴ, ഒലിവുമല, പുഴമുടി, പാറത്തോട്ടം, പേരിയ, തലപ്പുഴ, മരക്കടവ്, പുൽപ്പള്ളി, നെയ്ക്കുപ്പ, പറളിക്കുന്ന്, മാർട്ടിൻനഗർ, തൃശ്ശിലേരി, തരിയോട്.

നവംബർ 10 – കല്ലുമുക്ക്, വടക്കനാട്, കൊട്ടിയൂർ, പുതുശ്ശേരി, വാളേരി, എടപ്പെട്ടി, ചൂരൽമല, തലപ്പുഴ, ഏലപ്പീടിക, തവിഞ്ഞാൽ, പാടിച്ചിറ, അമരക്കുനി, കണിയാമ്പറ്റ.

നവംബർ 17 – വാകേരി, അമ്പായത്തോട്, വഞ്ഞോട്, കരിമ്പിൽ, തൃക്കൈപ്പറ്റ, വാഴവറ്റ, ബോയ്സ് ടൗൺ, കുറ്റിമൂല, വലിയകൊല്ലി, മുള്ളൻകൊല്ലി, വാളവയൽ,

നവംബർ 24 – നെല്ലിയോടി, ജൂഡ്സ്മൗണ്ട്, വൈത്തിരി, വാളാട്.

**ഫാ. തോമസ് കാട്ടുതുരുത്തിയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻസ്നേഹിതരേ,

പുതിയൊരു മിഷൻ ഞായറിനെ എതിരേൽക്കാൻ നാം ഒരുങ്ങുകയാണല്ലോ. ബെനഡിക്ട് പതിനഞ്ചാമൻ മാർപ്പാപ്പ എഴുതിയ മാക്സിമും ഇല്ലൂദ് (*Maximum illud*) എന്ന അപ്പസ്തോലിക ലേഖനത്തിന്റെ ശതാബ്ദിയോടനുബന്ധിച്ച് സാർവ്വത്രിക സഭയിൽ പ്രേഷിത ചൈതന്യം പ്രോജ്ജ്വലമാക്കുന്നതിനായി 2019 ഒക്ടോബർ അസാധാരണ മിഷൻമാസമായി ആചരിക്കാൻ പരിശുദ്ധ പിതാവ് ഫ്രാൻസ്സിസ് പാപ്പ ആഹ്വാനം ചെയ്തിരിക്കുകയാണല്ലോ. മിഷനെ അറിയുവാനും, സ്നേഹിക്കുവാനും മിഷനുവേണ്ടി പ്രാർത്ഥിക്കുവാനും കടപ്പെട്ട നമുക്കെല്ലാവർക്കും ഈ അസാധാരണ മിഷൻമാസവും മിഷൻ ഞായറും നവോന്മേഷം നൽകുന്നതാകട്ടെ.

ദൈവവിളിവർഷത്തിലെ ഈ മിഷൻമാസത്തിൽ പ്രത്യേക ഊന്നൽ കൊടുത്തിരിക്കുന്നത് ദൈവവിളി പ്രോത്സാഹനം തന്നെയാണ്. ലോകമെങ്ങും സുവിശേഷം പ്രഘോഷിക്കണം എന്നുള്ള ഉദ്ബോധനം പ്രവർത്തികളിലൂടെ നമുക്ക് ആരംഭിക്കാം. ദൈവത്താൽ അയക്കപ്പെടുന്ന പ്രേഷിതരായ് നമുക്ക് മുന്നേറാം. മിഷൻലീഗ് അംഗങ്ങളായ നമ്മിലൂടെ, നമ്മളായ കുഞ്ഞ് മിഷനറിമാരിലൂടെ ക്രിസ്തുവിന്റെ സുവിശേഷം ലോകമെങ്ങും പ്രസംഗിക്കപ്പെടട്ടെ. ഈ അസാധാരണ മിഷൻ മാസം മുഴുവൻ എല്ലാ കുടുംബങ്ങളിലും, സമർപ്പിത സമൂഹങ്ങളിലും, ഇടവകകളിലും മാർപ്പാപ്പ നിർദ്ദേശിച്ചിരിക്കുന്ന പ്രാർത്ഥന ചൊല്ലാം. ജപമാല മാസമായതുകൊണ്ട് ദേവാലയത്തിലെ ഒരു ദിവസത്തെ പരിശുദ്ധ കുർബാനയും ആരാധനയും ജപമാലയും മിഷനുവേണ്ടി സമർപ്പിച്ചുകൊണ്ട് മിഷൻ ഞായർ കൂടുതൽ തീക്ഷണതയോടെ ആഘോഷിക്കാം.

കഴിഞ്ഞ മാസം മേഖലാ കേന്ദ്രങ്ങളിൽ ബൈബിൾ കലോത്സവം ഭംഗിയായി ക്രമീകരിക്കപ്പെട്ടു. ഒക്ടോബർ 12-ാം തീയതി ബത്തേരി അസംപ്ഷൻ സ്കൂളിൽ വെച്ചാണ് രൂപത ബൈബിൾ കലോത്സവം

നടത്തപ്പെടുക. കലോത്സവങ്ങളിലൂടെയെല്ലാം സ്നേഹിക്കുന്ന, സഹിക്കുന്ന, എളിമയുള്ള വിജയിക്കുന്ന ക്രിസ്തു പ്രഘോഷിക്കപ്പെടട്ടെ. എല്ലാവിധ നന്മകളും ആശംസിച്ചുകൊണ്ട്,

സ്നേഹത്തോടെ,

**ഷിജു അച്ചൻ.**

**പ്രാർത്ഥനാ മലരുകൾ** - 72 എത്രയും ദയയുള്ള മാതാവേ..

**മിഷൻപ്രെയർ ബാങ്ക് -** മണ്ഡ്യ രൂപത (നിലമ്പൂർ മേഖലയിലെ ശാഖകൾ)

## ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും സംസ്ഥാന മാനേജിംഗ് കമ്മറ്റിയും

മാലിപ്പറമ്പിലച്ചൻ അനുസ്മരണവും സംസ്ഥാന മാനേജിംഗ് കമ്മറ്റിയും 14-09-2019 ന് മാലിപ്പറമ്പിലച്ചന്റെ ഇടവകയായ ആർപ്പൂക്കര ചെറുപുഷ്പം ദേവാലയത്തിൽ വച്ച് നടന്നു. രൂപത ഭരണസമിതി അംഗങ്ങൾ പങ്കെടുത്തു. സംസ്ഥാന യുവപ്രതിഭ പുരസ്കാരം കുമാരി അഖില ആരംപുളിക്കലും കുഞ്ഞേട്ടൻ സ്കോളർഷിപ്പ് കുമാരി അഞ്ജു മൂഴിയാങ്കലും ഏറ്റുവാങ്ങി.

## രൂപതാതല ഫാ. ജോസഫ് മാലിപ്പറമ്പിൽ അനുസ്മരണവും ഡയറക്ടേഴ്സ് ദിനാചരണവും

ഈ വർഷം മുതൽ നാം ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപക ഡയറക്ടർ ബഹു. ജോസഫ് മാലിപ്പറമ്പിലച്ചൻ അനുസ്മരണ ദിവസം ഡയറക്ടേഴ്സ് ദിനമായി ആചരിക്കുന്നു. രൂപതാതല ഉദ്ഘാടനം ചെറുകാട്ടൂർ ശാഖയിൽ വച്ച് 15-09-19 ന് നടത്തപ്പെട്ടു. രൂപതാ ഡയറക്ടർ ഷിജു അച്ചൻ മാലിപ്പറമ്പിലച്ചൻ അനുസ്മരണ പ്രഭാഷണം നടത്തി. ശാഖാ ഡയറക്ടർ റവ. ഫാ. ജോർജ്ജ് കിഴക്കുംപുറം, ശാഖാ അസി. ഡയറക്ടർ റവ.ഫാ.നിഖിൽ ചവറാനാൽ എന്നിവരെ ചടങ്ങിൽ ആദരിച്ചു. രൂപതാ സെക്രട്ടറി ടോംജോസ് പൂവക്കുന്നേൽ, രൂപതാ ജനറൽ ഓർഗനൈസർ തങ്കച്ചൻ മാപ്പിളക്കുന്നേൽ, രൂപതാ എക്സിക്യൂട്ടീവ് അംഗം സിനീഷ് ആപ്പുഴയിൽ, ശാഖാ ജോ.ഡറക്ടർ റവ. സി. അതുല്യ, ശാഖാ പ്രസിഡന്റ് ഗസൽ ചീങ്കല്ലേൽ, മതബോധന ഹെഡ്മാസ്റ്റർ മാത്യു ഐക്കരമറ്റം, രൂപതാ ടീം അംഗം ജോർജ്ജ് തെക്കേത്തൊട്ടിയിൽ എന്നിവർ ചടങ്ങിന് നേതൃത്വം നൽകി. രൂപതയിലെ എല്ലാ മേഖല, ശാഖാ ഡയറക്ടർമാർക്കും ഡയറക്ടേഴ്സ് ദിനത്തിന്റെ ആശംസകൾ.

**വി. മറിയം ത്രേസ്യ അനുസ്മരണവും തിരുശേഷിപ്പ് വന്ദനവും**

വാഴ്ത്തപ്പെട്ട മറിയം ത്രേസ്യായെ പരി. പിതാവ് ഫ്രാൻസിസ്സ് പാപ്പാ ഒക്ടോബർ 13 ന് വിശുദ്ധയായി പ്രഖ്യാപിക്കുകയാണല്ലോ. ഈ അവസരത്തിൽ ചെറുപുഷ്പമിഷൻലീഗ് മാനന്തവാടി രൂപത വിശുദ്ധ മറിയം ത്രേസ്യ അനുസ്മരണവും, എക്സിബിഷനും, തിരുശേഷിപ്പ് വന്ദനവും ഇരിങ്ങാലക്കുട ഹോളിഫാമിലി സിസ്റ്റേഴ്സിന്റെ സഹകരണ ത്തോടെ നടത്തുവാൻ ഉദ്ദേശിക്കുന്നു. വിശദവിവരങ്ങൾ പിന്നീട് അറി യിക്കുന്നതാണ്.

**മഹാമിഷനറി പുസ്തകാസ്വാദനക്കുറിപ്പ് മത്സരം**

നേരത്തെ അറിയിച്ചിരുന്നതുപോലെ മഹാമിഷനറി പുസ്തകാ സ്വാദനക്കുറിപ്പ് മത്സരത്തിൽ പങ്കെടുക്കുന്നവർ അവ രൂപതാ ഓഫീ സിൽ എത്തിക്കേണ്ട തീയതി സെപ്റ്റംബർ 30. കൂടുതൽ വിവരങ്ങൾക്ക് രൂപതാ ഓഫീസിൽ വിളിക്കുക.

**മേഖല കലാമത്സരങ്ങൾ**

ഈ വർഷത്തെ മേഖല കലാമത്സരങ്ങൾ വിവിധ മേഖലകളിൽ നടത്തപ്പെട്ടു. മത്സരത്തിൽ പങ്കെടുത്തവർക്കും വിജയികളായവർക്കും അഭിനന്ദനങ്ങൾ.

**ലിറ്റിൽ ഫ്ളവർ കൺവെൻഷൻ -2019**

മിഷൻമാസാചരണത്തോടനുബന്ധിച്ചും 73-ാം സ്ഥാപകദിന ത്തോടനുബന്ധിച്ചും രൂപതാതലത്തിൽ സീയോൻ ധ്യാനകേന്ദ്രവുമായി സഹകരിച്ച് ഏകദിന കൺവെൻഷൻ സംഘടിപ്പിക്കുന്നു. ഓക്ടോബർ 5-ാം തീയതി ആദ്യ ശനിയാഴ്ച സീയോൻ ഹാളിലാണ് കൺവെൻഷൻ സംഘടിപ്പിക്കുന്നത്. പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുമല്ലോ.

**രൂപതാ കലോൽസവം**

നമ്മുടെ ഈ വർഷത്തെ രൂപതാ ബൈബിൾ കലോൽസവം **'പ്രേഷിത വർണ്ണം 2019'** എന്ന പേരിൽ 12-10-2019 ന് സുൽത്താൻ ബത്തേരി അസംപ്ഷൻ ഹൈസ്കൂൾ, യു.പി സ്കൂൾ എന്നിവിടങ്ങളി ലായി നടത്തപ്പെടുന്നു. രാവിലെ 8.30 ന് മുമ്പ് മൂന്നു വിഭാഗകാർക്കു മുള്ള മിഷൻ ക്വിസ്സോടെ കലോത്സവം ആരംഭിക്കും. ക്വിസ്സിനുള്ളവർ 8.15 ന് തന്നെ ചാൻസ് നമ്പറുകൾ കരസ്ഥമാക്കുക. മറ്റ് ഇനങ്ങൾ 9.30 ന് ആരംഭിക്കും. 34 മത്സര ഇനങ്ങളിലായി ആയിരങ്ങൾ പങ്കെടുക്കുന്ന കലോൽസവത്തിലേക്ക് ഏല്ലാവർക്കും സ്വാഗതം.

**മിഷൻ മാസാചരണം**

മറ്റൊരു മിഷൻ മാസം കൂടി എത്തിച്ചേർന്നു. ഈ വർഷം അസാധാരണ മിഷൻമാസമായി സഭയിൽ ആചരിക്കുകയാണ്. എല്ലാ ശാഖകളിലും മിഷൻ മാസ പ്രവർത്തനങ്ങൾ നന്നായി നടത്തപ്പെടണം അതിനായി കൂട്ടായ പ്രവർത്തനങ്ങൾ ഉണ്ടാവേണ്ടതുണ്ട്. നമ്മുടെ മിഷൻ മാസ പ്രവർത്തനങ്ങൾ നന്നായി തയ്യാറാക്കി ചിട്ടയായി നടത്തണം. മിഷൻമാസ പ്രവർത്തനങ്ങളുടെ റിപ്പോർട്ട് പ്രത്യേകം തയ്യാറാക്കി രൂപതാ ഓഫീസിൽ എത്തിക്കേണ്ടതാണ്.

**സാഹിത്യപരിശീലനം:–** സംസ്ഥാന സാഹിത്യമത്സരത്തിൽ പങ്കെടുക്കുന്നവർക്കുള്ള പരിശീലനം സെപ്റ്റംബർ 20 ന് ദ്വാരകയിൽ വച്ച് നടത്തപ്പെട്ടു.

**സംസ്ഥാന സാഹിത്യമത്സരം :–** സംസ്ഥാന സാഹിത്യമത്സരം സെപ്റ്റംബർ 21 ന് ദ്വാരകയിൽ വച്ച് നടത്തപ്പെട്ടു. വിവിധ ഇനങ്ങളിലായി രൂപതാ മത്സര വിജയികൾ മത്സരത്തിൽ പങ്കെടുത്തു.

**നവസന്യാസിനി സംഗമം :–** 2014 ന് ശേഷം സന്യാസജീവിതത്തിൽ പ്രവേശിച്ച സന്യാസിനികളുടെ സംഗമം സെപ്റ്റംബർ 21 ന് ദ്വാരകയിൽ വച്ച് നടത്തപ്പെട്ടു.

**'കാരുണ്യഹസ്തം':–** നല്ല അയൽക്കാരൻ പദ്ധതി (ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ 'നല്ല അയൽക്കാരൻ പദ്ധതി' ശാഖയുടേയും, മേഖലയുടേയും, രൂപതയുടേയും നേതൃത്വത്തിൽ 200 ഓളം വരുന്ന കുടുംബങ്ങളെ ദത്തെടുത്ത് അവർക്ക് ആവശ്യമുള്ള ഭക്ഷണ സാധനങ്ങൾ നൽകുന്ന ജീവകാരുണ്യ പ്രവർത്തനം) രൂപതാതല ഉദ്ഘാടനവും, ഭക്ഷണ കിറ്റ് വിതരണവും ഇരുളം ശാഖയിൽ വെച്ച് നടത്തപ്പെട്ടു. ശാഖാ ഡയറക്ടർ ബഹു. സോണിയച്ചനും, ജോ. ഡയറക്ടർ സി. അഞ്ജലി, ശാഖാ ഭാരവാഹികൾ എന്നിവർക്കും രൂപത കുടുംബത്തിന്റെ നന്ദി.

**രൂപത സാഹിത്യമത്സര വിജയികൾ 2019–2020**

**ജൂണിയർ ആൺകുട്ടികൾ – ഉപന്യാസം**

| | | | |
|---|---|---|---|
| റിച്ചാർഡ് പൂവൻ | പയ്യമ്പള്ളി | പയ്യമ്പള്ളി | I A |
| അജയ് പെരുംമ്പള്ളിൽ | കബനിഗിരി | മുള്ളൻകൊല്ലി | II A |
| ഷാരോൺ കളപ്പുരപുത്തൻപുര | മുള്ളൻകൊല്ലി | മുള്ളൻകൊല്ലി | III A |

**ജൂണിയർ ആൺകുട്ടികൾ – കഥ**

| | | | |
|---|---|---|---|
| ജോയൽ പുത്തൻപുരയ്ക്കൽ | പുൽപ്പള്ളി | മുള്ളൻകൊല്ലി | I A |

| | | | |
|---|---|---|---|
| എവിൻ മൂഞ്ഞേലിൽ | മീനങ്ങാടി | ബത്തേരി | II A |
| ജെറിൻ ഓണിശ്ശേരി | തൃശ്ശിലേരി | പയ്യമ്പള്ളി | IIIB |

**ജൂണിയർ ആൺകുട്ടികൾ – കവിത**

| | | | |
|---|---|---|---|
| തോമസ് പുളിക്കൽ | ആടിക്കൊല്ലി | മുള്ളൻകൊല്ലി | I A |
| റിച്ചാർഡ് പൂവൻ | പയ്യമ്പള്ളി | പയ്യമ്പള്ളി | II A |
| ജൂഡ് കൂരാപ്പിള്ളി | തെനേരി | കൽപ്പറ്റ | III A |

**ജൂണിയർ പെൺകുട്ടികൾ – ഉപന്യാസം**

| | | | |
|---|---|---|---|
| സാൻ മരിയ താന്നിക്കൽ | കുഞ്ഞോം | കല്ലോടി | I A |
| ആൻസില കളത്തിപറമ്പിൽ | ദീപ്തിഗിരി | കല്ലോടി | IIA |
| അനിൽഡ ചീങ്കല്ലേൽ | ചെറുകാട്ടൂർ | നടവയൽ | IIIA |

**ജൂണിയർ പെൺകുട്ടികൾ – കഥ**

| | | | |
|---|---|---|---|
| അലീറ്റ അറയ്ക്കൽ | വടപുറം | നിലമ്പൂർ | I A |
| മരിയ ശാലിമ മുണ്ടക്കൽ | പയ്യമ്പള്ളി | പയ്യമ്പള്ളി | IIA |
| ആൻസി വയലിൽ | മാർട്ടിൻനഗർ | പയ്യമ്പള്ളി | IIIA |

**ജൂണിയർ പെൺകുട്ടികൾ – കവിത**

| | | | |
|---|---|---|---|
| എയ്ഞ്ചലീന മുഞ്ഞനാട്ട് | നടവയൽ | നടവയൽ | I A |
| ആഗ്നസ് പൊൻകലിങ്കൽ | കാരക്കാമല | ദ്വാരക | IIA |
| സയന മുട്ടത്തുകുന്നേൽ | കല്ലോടി | കല്ലോടി | IIIB |

**സീനിയർ ആൺകുട്ടികൾ – ഉപന്യാസം**

| | | | |
|---|---|---|---|
| ആന്റണി കുറവൻതാഴെ | വടപുറം | നിലമ്പൂർ | I A |
| അഭിനവ് വെട്ടുപാറപ്പുറത്ത് | കാരക്കാമല | ദ്വാരക | IIA |
| അമൽ തേണ്ണമാക്കൽ | വിമലഗിരി | നീലഗിരി | IIIA |
| അലൻ ജിയോ കൈതാരം | കണിയാരം | മാനന്തവാടി | IIIA |

**സീനിയർ ആൺകുട്ടികൾ – കഥ**

| | | | |
|---|---|---|---|
| ജോതിസ് അറയ്ക്കൽ | കേളകം | ചുങ്കക്കുന്ന് | IA |
| നിജിത്ത് കുന്നേക്കുടി | പൂളപ്പാടം | നിലമ്പൂർ | IIA |
| ഗോഡ്സൺ ഊരക്കാട്ടിൽ | കുഞ്ഞോം | കല്ലോടി | IIIA |

**സീനിയർ ആൺകുട്ടികൾ – കവിത**

| | | | |
|---|---|---|---|
| ക്രിസ്റ്റോ വടക്കേക്കര | ഒറ്റപ്ലാവ് | ചുങ്കക്കുന്ന് | IA |
| ഡാനിഷ് തെക്കനാൽ | കല്ലോടി | കല്ലോടി | IIA |
| അജയ് റോഷൻ കോയിക്കാട്ടിൽ | നടവയൽ | നടവയൽ | IIIA |

**സീനിയർ പെൺകുട്ടികൾ – ഉപന്യാസം**

| | | | |
|---|---|---|---|
| അലീന നെല്ലിക്കാലായിൽ | ശിശുമല | മുള്ളൻകൊല്ലി | IA |
| അഞ്ജന ചെറുതറപ്പേൽ | കയ്യൂന്നി | നീലഗിരി | IIA |
| അന്നമ്മ നെടുംങ്കോട്ടയിൽ | കൊട്ടിയൂർ | ചുങ്കക്കുന്ന് | IIIA |

**സീനിയർ പെൺകുട്ടികൾ – കഥ**

| | | | |
|---|---|---|---|
| നേഹ പുളോലിക്കൽ | പറളിക്കുന്ന് | നടവയൽ | IA |
| അനുഷ മൂത്തേടത്ത് | തരിയോട് | തരിയോട് | IIA |
| അലീന കല്ലക്കാട്ട് | ചെറുകാട്ടൂർ | നടവയൽ | IIIA |

**സീനിയർ പെൺകുട്ടികൾ – കവിത**

| | | | |
|---|---|---|---|
| ആൻമേരി കുറുമ്പാലക്കാട്ട് | ആടിക്കൊല്ലി | മുള്ളൻകൊല്ലി | IA |
| ആൻമരിയ പ്ലാവനാക്കുഴി | പാടിച്ചിറ | മുള്ളൻകൊല്ലി | IIA |
| അയന പൊട്ടയ്ക്കൽ | കടൽമാട് | ബത്തേരി | IIIA |

**സൂപ്പർസീനിയർ ആൺകുട്ടികൾ – ഉപന്യാസം**

| | | | |
|---|---|---|---|
| ജിജിൽ കിഴക്കരക്കാട്ട് | കുഞ്ഞോം | കല്ലോടി | IA |
| ജെയിംസ് കൊച്ചുവേലിക്കകത്ത് | കൊട്ടിയൂർ | ചുങ്കക്കുന്ന് | IIA |
| രതീഷ് ചീനക്കുഴി | പുൽപ്പള്ളി | മുള്ളൻകൊല്ലി | IIIA |

**സൂപ്പർസീനിയർ ആൺകുട്ടികൾ – കഥ**

| | | | |
|---|---|---|---|
| ബിജു പുത്തൻപറമ്പിൽ | കുറുമണി | തരിയോട് | 1A |
| ബിബിൻ മുതുപ്ലാക്കൽ | കൊളവയൽ | കൽപ്പറ്റ | IIA |
| ഫ്രെഡി ജോസഫ് | അറവങ്കാട് | നീലഗിരി | IIIA |

**സൂപ്പർസീനിയർ ആൺകുട്ടികൾ – കവിത**

| | | | |
|---|---|---|---|
| ഷിനോജ് മാങ്കൂട്ടത്തിൽ | ബത്തേരി | ബത്തേരി | 1A |
| ജിജിൽ കിഴക്കരക്കാട്ട് | കുഞ്ഞോം | കല്ലോടി | IIA |
| ക്രിസ്റ്റി മുണ്ടുപറമ്പിൽ | മംഗളം | തരിയോട് | IIIA |

**സൂപ്പർസീനിയർ പെൺകുട്ടികൾ – ഉപന്യാസം**

| | | | |
|---|---|---|---|
| റ്റീന വട്ടുകുളത്തിൽ | തരിയോട് | തരിയോട് | 1A |
| ജാൻസി കൈതാരത്ത് | കണിയാരം | മാനന്തവാടി | IIA |
| സൗമ്യ പ്ലാപ്പറമ്പിൽ | പനമരം | നടവയൽ | IIIA |

**സൂപ്പർസീനിയർ പെൺകുട്ടികൾ – കഥ**

| | | | |
|---|---|---|---|
| ജെയ്മോൾ പുതുപ്പള്ളി | മുള്ളൻകൊല്ലി | മുള്ളൻകൊല്ലി | 1A |
| ലിറ്റി വണ്ടന്നൂർ | കണിയാരം | മാനന്തവാടി | IIA |
| ബീന റാത്തപ്പള്ളി | ബത്തേരി | ബത്തേരി | IIIA |

**സൂപ്പർസീനിയർ പെൺകുട്ടികൾ -കവിത**

| | | | |
|---|---|---|---|
| ലിറ്റി വണ്ടന്നൂർ | കണിയാരം | മാനന്തവാടി | 1A |
| മഞ്ജു ഇഞ്ചപ്ലാക്കൽ | പുതിയിടംകുന്ന് | കല്ലോടി | IIA |
| അഭിന മൂലക്കരയിൽ | ചെന്നലോട് | തരിയോട് | IIIA |

**സബ് ജൂണിയർ ജലഛായം**

| | | | |
|---|---|---|---|
| ആൽഡ്രിൽ പൊട്ടനാനിക്കൽ | തെനേരി | കൽപ്പറ്റ | IA |
| ഇവ മരിയ തെക്കേകുഴിപ്പള്ളി | ബത്തേരി | ബത്തേരി | IIA |
| ജോൺ സാവിയോ മുണ്ടയ്ക്കൽ | പയ്യമ്പള്ളി | പയ്യമ്പള്ളി | IIIA |
| സാവിയോ തോപ്പിൽ | ടൗൺ ചർച്ച് | മാനന്തവാടി | IIIA |

**ജൂണിയർ ചിത്രരചന**

| | | | |
|---|---|---|---|
| അഭിനന്ദ എടശ്ശേരിതോട്ടത്തിൽ | കളത്തുവയൽ | കൽപ്പറ്റ | IA |
| ജൂസ് സിയ കുഴിഞ്ഞാലിൽ | തവിഞ്ഞാൽ | മാനന്തവാടി | IIA |
| അജു കൊല്ലറാത്ത് | പാടിച്ചിറ | മുള്ളൻകൊല്ലി | IIIA |
| ഷിയോൺ വാഴയിൽ | കുന്നൂർ | നീലഗിരി | IIIA |

**സീനിയർ ചിത്രരചന**

| | | | |
|---|---|---|---|
| അൻസു കളർതൊട്ടി | നടവയൽ | നടവയൽ | IA |
| അനറ്റ് മാളിയേക്കൽ | മരകാവ് | മുള്ളൻകൊല്ലി | IIA |
| ബിബിൻ കല്ലുമാടിയിൽ | പയ്യമ്പള്ളി | പയ്യമ്പള്ളി | IIIA |

**ശാഖ വാർത്തകൾ**

*വെള്ളുന്നി*:- സന്യാസ പൗരോഹിത്യ ദൈവവിളി സ്വീകരിച്ച ഇടവകാംഗങ്ങളുടെ സമ്പൂർണ്ണ വിവര ശേഖരണം, ജന്മദിനകാർഡ് നിർമ്മാണം എന്നിവ നടത്തി.

*ചുങ്കക്കുന്ന്* :- അനാഥാലയ സന്ദർശനം വൃത്തിയാക്കൽ, ദുരിതാശ്വാസ ക്യാമ്പ് സന്ദർശനം, വീട് വൃത്തിയാക്കൽ, ഭക്ഷണം പാക്കിംഗ് ചെയ്തു കൊടുക്കൽ എന്നിവ ചെയ്തു.

*മരകാവ്* :- പനമരം ദുരിതാശ്വാസ ക്യാമ്പ് സന്ദർശനം, പ്രളയബാധിതമായ വീട് വൃത്തിയാക്കൽ എന്നിവ ചെയ്തു.

*പുതിയിടം*:- നല്ല അയൽക്കാരൻ ഭക്ഷണ കിറ്റ് നൽകി, വിയാനി ദിനം ആഘോഷിച്ച് വികാരിയച്ചനെ ആദരിച്ചു.

*ബത്തേരി*:- തവിഞ്ഞാൽ ഇടവകയിലെ പ്രളയബാധിതർക്കായി 60 കിറ്റുകൾ നൽകി.

*വാളവയൽ*:- ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു. പരി.അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളും സ്വാതന്ത്ര്യദിനവും ഉൾപ്പെടുന്ന ക്വിസ്സ് മത്സരം നടത്തി.

*ഒറ്റപ്ലാവ്* :- ദുരിതാശ്വാസ മേഖലയിലുള്ളവർക്കായി പിരിവു നടത്തി മേഖലയിൽ ഏൽപ്പിച്ചു. ഭവന സന്ദർശനം നടത്തി ദൈവവിളി പ്രോത്സാഹിപ്പിച്ചു.
*ആറാട്ടുതറ*:- വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഘോഷിച്ചു. ഡയറക്ടർ ഷാജു അച്ചനെ ആദരിച്ചു. പ്രളയബാധിതങ്ങളായ ഭവനങ്ങൾ വൃത്തിയാക്കി അവശ്യ സാധനങ്ങൾ എത്തിച്ചു കൊടുത്തു.
*കയ്യൂന്നി* :- ദുരിതാശ്വാസ ക്യാമ്പ്, വിധവാ സംഗമം എന്നിവ സംഘടിപ്പിച്ചു. വിയാനി ഭവൻ സന്ദർശനം, രോഗി സന്ദർശനം, സിമിത്തേരി സന്ദർശനം എന്നിവ നടത്തി.
*വടക്കനാട്*:- വി. ജോൺ മരിയവിയാനി ദിനത്തിൽ വികാരിയച്ചനെ ആദരിക്കൽ, അത്മായ നേതൃത്വ ദിനം ആചരിക്കൽ എന്നിവ നടത്തി. ദുരിതാശ്വാസ കിറ്റ് Pack ചെയ്യാനും വിതരണം ചെയ്യാനും സഹായിച്ചു.
*വാകേരി* :- വികാരിയച്ചന് ജന്മദിനത്തിൽ ആശംസകൾ നേർന്നു. പ്രളയ ദുരിതർക്കുവേണ്ടി ആരാധന നടത്തി പ്രാർത്ഥിച്ചു.
നെയ്ക്കുപ്പ:- ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ചു. രോഗി സന്ദർശനം നടത്തി.
*പോരൂർ*:- പഞ്ചായത്തുവഴി ലഭിച്ച കിറ്റ് പ്രളയബാധിത വീടുകളിൽ എത്തിച്ചു കൊടുത്തു. വിയാനി ദിനത്തിൽ ശാഖ ഡയറക്ടർക്കും മുൻ ശാഖാ ഡയറക്ടർമാർക്കും ആശംസകൾ നേർന്നു.
*കുറുമണി* :- കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തോടനുബന്ധിച്ച് രൂപത എക്സിക്യൂട്ടീവ് അംഗം ശ്രീ. തോമസ് കല്ലറയ്ക്കലിന്റെ നേതൃത്വത്തിൽ പ്രസംഗ പരിശീലനം നടത്തി.
*കുറുമ്പാല*:- ലഹരിവിരുദ്ധ സെമിനാർ, രോഗി സന്ദർശനം, കോളനി സന്ദർശനം, മാതാപിതാക്കൾക്ക് സെമിനാർ എന്നിവ നടത്തി.
*പറളിക്കുന്ന്* :- പ്രളയക്കെടുതിയിൽ നിന്നും മോചനം ലഭിക്കുന്നതിനായി ഒരു ദിവസം പ്രാർത്ഥനാ ദിനമായി ആചരിച്ചു. ശാഖാ കലാമത്സരം നടത്തി വിജയികൾക്ക് സമ്മാനം നൽകി.
*മൂലങ്കാവ്* :- നല്ല അയൽക്കാരനു വേണ്ടി ഞായറാഴ്ചകളിൽ കാഴ്ചവയ്പ് നടത്തുന്നു. വിശുദ്ധരെ പരിചയപ്പെടുത്തുന്നു.
*ഇടിവണ്ണ*:- കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തിൽ ലഘു ജീവചരിത്രം വായിച്ചു, പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ച് അവിടുത്തെ ശാഖയ്ക്ക് - 10500-രൂപയുടെ സഹായങ്ങൾ നൽകുകയും ചെയ്തു.

നല്ല അയൽക്കാരൻ പദ്ധതിയുടെ ഭാഗമായി നിർദ്ധന കുടുംബത്തിന് – 1100 – രൂപയുടെ സാധനങ്ങൾ നൽകി.

*കല്ലുവയൽ*:– സ്വാതന്ത്ര്യദിനം, മാതാവിന്റെ സ്വർഗ്ഗാരോപണതിരുനാൾ, വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ എന്നിവ ആഘോഷിച്ചു . വികാരിയച്ചനെ ആദരിച്ചു.

*അപ്പപ്പാറ*:– കൂടൽക്കടവ് കോളനിയിൽ പ്രളയാനന്തര ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ചു. നല്ല അയൽക്കാരൻ പദ്ധതിയിൽ പങ്കാളികളായിക്കൊണ്ട് ചികിത്സാ സഹായം, ഭക്ഷണ കിറ്റ് വിതരണം എന്നിവ നടത്തി.

*റൂബിനഗർ*:– പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കറിവേപ്പില തൈ നട്ടു. ദൈവവിളി വർഷാരംഭം ബഹു. ഫാ. സിജോ പാലത്ത് തിരി തെളിച്ച് ഉദ്ഘാടനം ചെയ്തു. ഓരോ ഭവനത്തിനും കത്തിച്ച തിരികൾ നൽകി.

*ചിത്രഗിരി*:– പ്രളയബാധിതർക്കായി ആരാധന നടത്തി പ്രാർത്ഥിച്ചു. ബത്തേരി മേഖലയുടെ ആഭിമുഖ്യത്തിൽ പഴൂർ ഇടവകയിൽ വെച്ചു നടത്തിയ എയ്ഞ്ചൽസ് മീറ്റിൽ 14 കുട്ടികൾ പങ്കെടുത്തു.

*പുതുശ്ശേരി*:– ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് ആവശ്യമായ സഹായങ്ങൾ ചെയ്തു. രക്ഷാപ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തു.

*നെല്ലിയോടി* :– വിയാനി തിരുനാൾ ദിനത്തിൽ ബഹു. വികാരിയച്ചനെ ആദരിച്ച് ആശംസകൾ നേർന്നു. അത്മായ നേതൃത്വദിനം ആചരിച്ച് സി.എം.എൽ ഭാരവാഹികളെ ആദരിച്ചു. പ്രളയബാധിത പ്രദേശങ്ങൾ വൃത്തിയാക്കി തകർന്ന റോഡുകൾ നന്നാക്കുകയും ചെയ്തു.

*കൊട്ടിയൂർ*:– കണ്ടപ്പനം – പ്രൊവിഡൻസ് ഹോം സന്ദർശിച്ച്– 4600 – രൂപ സഹായം നൽകി.

*ഏലപ്പീടിക*:– സീനിയർ സി.എം.എൽ അംഗങ്ങൾ എല്ലാ ഞായറാഴ്ചയും പള്ളിയും പരിസരവും വൃത്തിയാക്കുന്നു. ഇടവകയിൽ സേവനം ചെയ്തവരും, ഇടവകയിൽ നിന്ന് ദൈവവിളി സ്വീകരിച്ചവരുമായ വൈദികരുടെ അഡ്രസ്സും ഫോട്ടോയും സംഘടിപ്പിച്ച് കാർഡുകൾ ഉണ്ടാക്കി എല്ലാ ഭവനങ്ങൾക്കും പ്രാർത്ഥിക്കാനായി കൊടുത്തു.

*പൂക്കോട്ടുംപാടം*:– വചനബോർഡ് എഴുതൽ, ജീവചരിത്രം പറയൽ, അനുഭവകുറിപ്പ് തയ്യാറാക്കൽ തുടങ്ങിയവ ചെയ്തു.

**മേഖല വാർത്തകൾ:**

*നീലഗിരി മേഖല*:– ലോഗോസ് പഠനസഹായി തയ്യാറാക്കി സോഷ്യൽ മീഡിയായിൽ പങ്കു വെച്ചു. വിശുദ്ധരുടെ തിരുനാളുകൾ അനുസ്മരിച്ചു.

നാമഹേതുക തിരുനാളുകൾ ആചരിച്ചവർക്ക് ആശംസാകാർഡുകൾ അയച്ചു. വിയാനി വാരാചരണം നടത്തി. ചിന്താവിഷയം, പ്രസംഗ പരമ്പരയ്ക്ക് തുടക്കം കുറിച്ചു. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. മാതാവിന്റെ രൂപാലങ്കാര മത്സരം നടത്തി. സ്വാതന്ത്ര്യസമര ചരിത്ര ക്വിസ്സ് മത്സരം നടത്തി.

മേഖല, രൂപത മത്സരങ്ങളും മിഷൻ മാസ ആചരണങ്ങളുമായി തിരക്കിട്ട പ്രവർത്തന ദിനങ്ങളിലൂടെയാണ് മിഷൻലീഗ് അംഗങ്ങൾ ഇപ്പോൾ കടന്നുപോകുന്നത്. നമ്മിലുള്ള മിഷൻ ചൈതന്യത്തെ ഉയർത്തുന്ന, വരും തലമുറക്ക് പ്രചോദനമാകുന്ന ഒന്നാവട്ടെ നമ്മുടെ ഈ വർഷത്തെ മിഷൻമാസ പ്രവർത്തനങ്ങൾ. ജപമാലയേന്തി പ്രാർത്ഥിച്ച് നമ്മുടെ പ്രവർത്തനങ്ങളെ പരി. അമ്മയുടെ മാദ്ധ്യസ്ഥത്തിന് കാഴ്ചവച്ചുകൊണ്ട് ഒന്നായി നമുക്ക് മുന്നേറാം.

**ടോം ജോസ് പൂവക്കുന്നേൽ**

സി.എം.എൽ രൂപതാ സെക്രട്ടറി

# Department of Youth Ministry

### ലൈഫ് ട്രെയിനിംഗ്

2019 ആഗസ്റ്റ് 23 വെള്ളിയാഴ്ച്ച വൈകുന്നേരം 6 മണി മുതൽ 24 ശനിയാഴ്ച്ച 3 മണിവരെ ലൈഫ് ട്രെയിനിംഗ് 2016, 2017 ബാച്ചിലെ വിദ്യാർത്ഥികളുടെ ട്രെയിനിംഗ് കാട്ടികുളം ജയമാതായിൽ വെച്ച് നടന്നു. ട്രെയിനിംഗ് പ്രോഗ്രാമിൽ 23 വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രാർത്ഥനയോടെ ആരംഭിച്ച ട്രെയിനിംഗ് പ്രോഗ്രാമിൽ ലൈഫ് ട്രെയിനിംഗ് കോഡിനേറ്റർ സി.ആൻസി തോമസ് സി.എം.സി വിദ്യാർത്ഥികളെ പ്രാർത്ഥനയിൽ സഹായിക്കുകയും ഫാ.ജോസ് മുണ്ടക്കാമറ്റം, ഫാ.ബിനു പൈനുങ്കൽ എന്നിവർ കുട്ടികളെ കുമ്പസാരിപ്പിക്കുകയും ചെയ്തു. തുടർന്ന് തങ്ങളുടെ പഠന നിലവാരത്തെയും ആത്മീയജീവിതത്തെയും കുറിച്ച് വിലയിരുത്തി സംസാരിക്കുകയും ആവശ്യമായ തിരുത്തലുകൾ നല്കുകയും ചെയ്തു. 24 ശനിയാഴ്ച്ച ഫാ.ലാൽ ജേക്കബ് പൈനുങ്കൽ വിദ്യാർത്ഥികൾക്ക് വേണ്ടി ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന് ആനന്ദ് വിൻസെന്റ് റാത്തപ്പിള്ളി കണക്ക് വിഷയത്തിൽ ക്ലാസ്സ് നല്കി.

### ലൈഫ് അവധിക്കാല പരിശീലനം

ലൈഫ് ട്രെയിനിംഗ് 2016, 2017, 2018, 2019 ബാച്ചുകളിലെ 68 കുട്ടികൾക്ക് വേണ്ടിയുള്ള പ്രോഗ്രാം കാട്ടിക്കുളം ജയമാതയിൽ വെച്ച് സെപ്റ്റംബർ 8 ഞായറാഴ്ച്ച 5 മണി മുതൽ 12 വ്യാഴാഴ്ച്ച 3 മണിവരെ നടന്നു. കുമ്പസാരത്തോടെ ആരംഭിച്ച പരിശീലനത്തിന് ഫാ. ജോസ് മുണ്ടക്കാമറ്റവും, ഫാ. ബിനു പൈനുങ്കലും നേതൃത്വം വഹിച്ചു. നാല് ദിനങ്ങളിലായി ബാച്ചടിസ്ഥാനത്തിൽ ക്ലാസ്സുകൾ നല്കി. കെമിസ്ട്രി വിഷയത്തിൽ ശ്രീ. ബെനഡിക്ട് മോളേപറമ്പിലും, ഫിസിക്സ് വിഷയത്തിൽ കുമാരി നിനു മാങ്കൂട്ടത്തിലും, കണക്ക് വിഷയത്തിൽ ആനന്ദ് വിൻസെന്റ് റാത്തപ്പിള്ളിയും, സയൻസ് വിഷയത്തിൽ സിബിൻ സെബാസ്റ്റ്യൻ കടകേലിലും നേതൃത്വം വഹിച്ചു. സി.ലിൻസി. എസ്.സി.വി അനുഭവ വിവരണങ്ങളിലൂടെ വി.കുർബാനയും പ്രാർത്ഥനയും എന്ന വിഷയത്തിൽ ക്ലാസ്സുകൾ നയിച്ചു. കുട്ടികളുടെ

കലാപരമായ കഴിവിന്റെ വളർച്ചയ്ക്കുതകും വിധം കലാപരിപാടികൾ സി.ആൻസി തോമസ് സി.എം.സി, ജെസ്പിൻ പള്ളിക്കാതൊട്ടിയിൽ സി.സബിത സി.എം.സി എന്നിവർ ചേർന്ന് പരിശീലിപ്പിച്ചു.

കൗമാര കാലഘട്ടത്തിലെ കുട്ടികളുടെ വൈകാരിക മാനസീക ശാരീരീക ആദ്ധ്യാത്മീക ബൗദ്ധീക പ്രശ്നങ്ങൾ ഏവയെന്നും അവ എപ്രകാരം  പരിഹരിക്കാമെന്നും ബാച്ചടിസ്ഥാനത്തിൽ ഡയറക്ടർ ഫ.ലാൽ ജേക്കബ് പൈനുങ്കൽ ക്ലാസ്സുകളിലൂടെ കുട്ടികൾക്ക് പരിശീലനം നല്കി. സി.ലിൻസിയും, സി.ആൻസിയും ചേർന്ന് എല്ലാ കുട്ടികൾക്കും സ്പിരിചൽ ഷെയറിംഗ് നല്കുകയും, കുമാരി നിനു പഠന മേഖലയിലെ മികവ് അഭിമുഖത്തിലൂടെ വിലയിരുത്തുകയും ചെയ്തു.

**ഓണാഘോഷം**

സെപ്റ്റംബർ 11 ന് തിരുവോണനാളിൽ ലൈഫ് കുടുംബം ഒന്നുചേർന്ന് ഓണ സദ്യ ഒരുക്കി, വൈദീകരും  അദ്ധ്യാപകരും ചേർന്ന് ഭക്ഷണം വിളമ്പി നല്കുകയും, ഓണപാട്ടുകളിലൂടെയും കളികളിലൂടെയും ആഹ്ലാദം പങ്കുവെച്ചു. ഞങ്ങളറിയുന്ന സിസ്റ്റേഴ്സ് സന്യാസത്തെ സ്നേഹിക്കുന്ന ലൈഫിലെ വിദ്യാർത്ഥികൾ തയ്യാറാക്കിയ അനുഭവ വിവരണങ്ങൾ ഉൾപ്പെടുത്തിയ വീഡിയോ സോഷ്യൽ മീഡിയായിൽ പ്രദർശിപ്പിച്ചു. യൂത്ത് മിനിസ്ട്രി ഫുൾടൈംമർ ജെസ്പിൻ പള്ളിക്കാതൊട്ടിയിൽ  ഇതിന് നേതൃത്വം വഹിച്ചു.

**സി. ലിൻസി എസ്.സി.വി.**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**അനിമ- 2019**

മാനന്തവാടി രൂപതയിൽ കെ.സി.വൈ.എം. പ്രസ്ഥാനത്തിന് ഉണർവും പ്രചോദനവുമേകുന്ന ആനിമേറ്റേഴ്സിനു വേണ്ടിയുള്ള ട്രയിനിംങ്ങ് പ്രോഗ്രാം അനിമ 2019 ഓഗസ്റ്റ് 22, 23 തീയതികളിൽ നടത്തപ്പെട്ടു. രൂപതാ ആനിമേറ്റർ സി.സാലി സി.എം.സി. വചനപ്രതിഷ്ഠ നടത്തി. കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളി സ്വാഗതം ആശംസിച്ചു. ആധുനിക കാലഘട്ടത്തിൽ യുവജനങ്ങളുടെ കൂടെ പ്രവർത്തിക്കുന്ന സമർപ്പിതർ ഇന്നിന്റ ശബ്ദം തിരിച്ചറിയേണ്ടതിന്റ ആവശ്യകതയെക്കുറിച്ച് ആമുഖ പ്രഭാഷണത്തിൽ രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറക്കത്തോട്ടത്തിൽ സിസ്റ്റേഴ്സിനെ ഓർമ്മപ്പെടുത്തി. കെ.സി.വൈ.എം. സംസ്ഥാന പ്രസിഡണ്ട് ശ്രീ. സിറിയക് ചാഴിക്കാടൻ ഉദ്ഘാടനം നിർവ്വഹിച്ചു. കെ.സി.വൈ.എം. സംസ്ഥാന സമിതി അംഗങ്ങൾ ഉദ്ഘാടന സമ്മേളനത്തിൽ പങ്കെടുത്തു. രൂപതാ പി ആർ ഒ അംഗം റവ. ഫാ. നോബിൾ പാറക്കൽ പ്രധാന ഡോക്കുമെന്റുകളായ സി സി സി, ബൈബിൾ, ആരാധനക്രമം, ചാക്രികലേഖനം, യൂത്ത്ക്യാറ്റ് എന്നിവയിൽ ആധികാരികമായ അറിവ് നേടേണ്ടതിന്റ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ്സ് നയിച്ചു. മുൻ കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് ശ്രീ. ജോസ് പള്ളത്ത് സാർ യുവജനങ്ങളെ അവർ ആയിരിക്കുന്ന അവസ്ഥയിൽ അംഗികരിക്കാനും, സ്വീകരിക്കാനും, വൈവിധ്യങ്ങളെ ഉൾക്കൊള്ളുവാനും, ആനിമേറ്റേഴ്സ് തയ്യാറായിരിക്കാൻ ആവശ്യമായ കാര്യങ്ങൾ വിവിധങ്ങളായ കളികളിലൂടെ ബോധ്യപ്പെടുത്തി. 23-ാം തീയതി രാവിലെ രൂപതാ പ്രൊക്കുറേറ്റർ റവ.ഫാ. ജിൽസൻ കോക്കണ്ടത്തിൽ വി. കുർബാന അർപ്പിച്ചു. ബലി മധ്യേ സിസ്റ്റേഴ്സ് ചെയ്യുന്ന സേവനങ്ങൾക്ക് നന്ദി അറിയിച്ചു. റവ. ഫാ. ജോയി ഉള്ളാട്ടിൽ യുവജനങ്ങളുടെ വ്യക്തിത്വം, കഴിവുകൾ, കാഴ്ചപ്പാടുകൾ എന്നിവയിൽ അധിഷ്ഠിതമായി ക്ലാസ്സുകൾ നയിച്ചു. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറക്കത്തോട്ടത്തിലും, രൂപതാ പ്രസിഡണ്ട് ശ്രീ. എബിൻ മുട്ടപ്പള്ളിയും ചർച്ചകൾക്ക് നേതൃത്വം നൽകി. രൂപതാ വൈസ് പ്രസിഡണ്ട് കുമാരി അലീന പാണ്ടിയാംപറമ്പിൽ ഏവർക്കും നന്ദിയർപ്പിച്ചു.

60 ൽ പരം സിസ്റ്റേഴ്സ് പങ്കെടുത്തു. ആനിമേറ്റേഴ്സിനെ പറഞ്ഞയച്ച യൂണിറ്റ് ഡയറക്ടർമാർക്കും സിസ്റ്റേഴ്സിനും ക്ലാസ്സുകൾ നയിച്ച ബഹു. വൈദീകർക്കും, ജോസ് സാറിനും രൂപതാ സമിതിയുടെ നന്ദി അറിയിക്കുന്നു.

**കനിവ് -2019**

കെ.സി.വൈ.എം. മാനന്തവാടി രൂപതയും വയനാട് വിഷനും സംയുക്തമായി പയ്യമ്പള്ളി മേഖലയുടെയും പടമല യൂണിറ്റിന്റെയും ആതിഥേയത്വത്തിൽ സെപ്റ്റംബർ 1 ന് ചാലിഗദ്ദ കോളനിയിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. കെ.സി.വൈ.എം. സഹരക്ഷാധികാരി മോൺ. അബ്രാഹം നെല്ലിക്കൽ, രൂപതാ പ്രൊക്കുറേറ്റർ റവ. ഫാ. ജിൽസൻ കോക്കണ്ടത്തിൽ എന്നിവർ ഓണാഘോഷത്തിൽ പങ്കുചേർന്നു. ഒ.ആർ. കേളു എം.എൽ.എ, സബ് കളക്ടർ ശ്രീ. എൻ എസ്.കെ. ഉമേഷ്, ശ്രീ. രഞ്ജിത്ത്കുമാർ, ശ്രീ. കെ.കെ. സഹദ്, ശ്രീ.ഹാരിസ്, ശ്രീ.സിബി വർഗ്ഗീസ് എന്നിവർ ഉൾപ്പെടുന്ന വിശിഷ്ഠ വ്യക്തിത്വങ്ങളുടെ സാന്നിധ്യം കനിവ് 2019 നെ മനോഹരമാക്കി. പ്രളയ ദിനങ്ങളിൽ പുത്തുമലയിൽ ആഹോരാത്രം സേവനം കാഴ്ച വച്ച സബ് കളക്ടർ ശ്രീ.എൻ.എസ്. കെ. ഉമേഷ്, ഡോ. അഭിലാഷ്, ശ്രീ.സിബി വർഗ്ഗീസ്, ശ്രീ. രഞ്ജിത്ത് കുമാർ കെ.സി.വൈ.എം. മാനന്തവാടി രൂപത കോഓർഡിനേറ്റർ ശ്രീ. റ്റിബിൻ പാറക്കൽ എന്നിവരെ രൂപതാ സമിതി മെമന്റോ നൽകി ആദരിച്ചു. ചലിഗദ്ദയിലെ കോളനി നിവാസികൾക്ക് 100 ഓണക്കിറ്റുകളും സമ്മാനാർഹരായവർക്ക് വിവിധങ്ങളായ സമ്മാനങ്ങളും കെ.സി.വൈ.എം. വിതരണം ചെയ്തു. ഓണാഘോഷ പരിപാടികൾക്ക് അന്നേദിനം നേതൃത്വം നൽകിയ മുൻ കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് ശ്രീ. സജിൻ ചാലിനും, മേബിൾ, അലീന, ജിൽസ എന്നിവർക്കും ചെണ്ടമേളത്തിനും നാടൻ പാട്ടുകൾക്കും നേതൃത്വം നൽകിയ മുൻ കെ.സി.വൈ.എം. രൂപതാ പ്രസിഡണ്ട് ശ്രീ. ഷാജു. പി. ജെയിംസ്, റോയി മാങ്കൂട്ടം, ഷിനു കളർത്തൊട്ടി, ബിജേഷ് കോയിക്കാട്ടിൽ എന്നിവരെയും സൂപ്പർ ഗാനങ്ങൾക്കൊണ്ട് കോളനി നിവാസികളെ ആനന്ദമണിയിച്ച കാവുമന്ദം ശരത്ത് രാജിനെയും നന്ദിയോടെ ഓർക്കുന്നു. മനോഹരമായ തിരുവാതിരക്കളിയിലൂടെ ഹൃദയാനന്ദം നല്കിയ തവിഞ്ഞാൽ യൂണിറ്റിലെ യുവതികൾക്കും ആനിമേറ്റർ സി.സ്മിതക്കും, പുലിക്കളിയിലുടെ ആഘോഷത്തെ സുന്ദരമാക്കിയ ചുങ്കക്കുന്ന് മേഖല ടീംമിനും പ്രസിഡണ്ട്

ശ്രീ. ജിജോ താന്നിവേലിക്കും, വർണാഭമായ ഓണപൂക്കളം ഒരുക്കിയ ഒണ്ടയങ്ങാടി യൂണിറ്റിനും, എല്ലാവിധ സഹകരണങ്ങളും നല്കിയ തൃശ്ശിലേരി യൂണിറ്റിനും, വിഭവ സമൃദ്ധമായ ഓണസദ്യ ഒരുക്കിതന്ന മാനന്തവാടി സ്നേഹദീപം ക്കൂട്ടായ്മക്കും, ശബ്ദവും വെളിച്ചവുമേകിയ ചലിഗദ്ദയിലെ ഹരിയേട്ടനും കെ.സി.വൈ.എം.മിനും വയനാട് വിഷനും അവസരമെരുക്കിയ ശ്രീ. ജസ്റ്റിൻ ചെഞ്ചട്ടയ്ക്കും, പയ്യമ്പള്ളി മേഖല ഡയറക്ടർ റവ. ഫാ. സിജോ എടക്കുടിയ്ക്കും, പടമല യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോണി കല്ലുപുരക്കും സർവ്വോപരി കനിവ് 2019 നെ മറക്കാനാവാത്ത അനുഭവമാക്കിയ ചലിഗദ്ദ കോളനിയിലെ ഓരോ അംഗത്തിനും നന്ദി. പ്രളയത്തിൽ പുഴ വഴിമാറിയൊഴുകി ജീവിതം തകർന്ന കോളനി സിവാസികൾക്കൊപ്പം ഓണമാഘോഷിക്കാൻ അവസരമൊരുക്കിയ രൂപതാ ഡയറക്ടർ റവ.ഫാ.അഗസ്റ്റ്യൻ ചിറക്കത്തോട്ടത്തിലച്ചനും രൂപത സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് അംഗങ്ങൾക്കും ചലിഗദ്ദ കോളനി നിവാസികൾ നന്ദിയറിച്ചു.

**ആദരാഞ്ജലികൾ**

കെ.സി.വൈ.എം. തലശ്ശേരി അതിരൂപത ജോയിൻ സെക്രട്ടറി കുമാരി നിമിഷയുടെ അകാല നിര്യാണത്തിൽ മാനന്തവാടി രൂപത ആദരാഞ്ജലികൾ അർപ്പിക്കുന്നു. കെ.സി.വൈ.എം. രൂപതാ ഡയറക്ടർ റവ. ഫാ. അഗസ്റ്റ്യൻ ചിറക്കത്തോട്ടത്തിൽ, കോഓർഡിനേറ്റർ ശ്രീ. റ്റിബിൻ പാറക്കൽ, ട്രഷറർ ശ്രീ. ജിയോ ജെയിംസ് എന്നിവർ സംസ്ക്കാര ശുശ്രൂഷകളിൽ പങ്കെടുത്തു.

**സമർപ്പിത സംഗമം - ഐക്യദാർഢ്യവുമായി കെ.സി.വൈ.എം.**

കത്തോലിക്ക സന്യാസത്തെയും ക്രൈസ്തവ മൂല്യങ്ങളെയും വെല്ലുവിളിക്കുന്ന ആധുനിക മാധ്യമങ്ങൾക്ക് മുന്നിൽ ക്രിസ്തുവിൽ അഭിമാനത്തോടെ ഒന്ന്ചേർന്ന 2800 ൽ പരം സമർപ്പിതർക്ക് പിന്തുണയുമായി മാനന്തവാടി കെ.സി.വൈ.എം. യുവജനങ്ങൾ ഒത്തുചേർന്നു. ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ബാനറും, പ്ലക്കാർഡുകളും, കെ.സി. വൈ.എം. പതാകയുമേന്തി യുവജനക്കൂട്ടായ്മ നടത്തിയ റാലി ഏറെ ശ്രദ്ധേയമായിരുന്നു. രൂപതയിലെ സമർപ്പിതർക്ക് ഏറെ അഭിമാനവും സന്തോഷവും പ്രദാനം ചെയ്യുന്നതായിരുന്നു യുവജനങ്ങളുടെ പിന്തുണയും സഹായ സഹകരണങ്ങളും. വിവിധ ഇടവകകളിൽ നിന്നും വന്ന യുവജന സുഹൃത്തുക്കൾക്കും അവർക്ക് പ്രോൽസാഹനം നല്കിയ യൂണിറ്റ് ഡയറക്ടർമാർക്കും രൂപത സമിതിയുടെ നന്ദി അറിക്കുന്നു.

**പേൾ– 2019 സാഹിത്യ മത്സരങ്ങൾ**

ഈ വർഷത്തെ രൂപതാ സാഹിത്യ മത്സരങ്ങൾ അതാത് മേഖല കളിൽ വച്ച് സെപ്റ്റംബർ 22 ന് ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണി മുതൽ 4.00 മണി വരെ നടത്തപ്പെട്ടു. സാഹിത്യ മത്സരത്തിന് എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ മേഖല ഡയറക്ടർമാർക്കും യൂണിറ്റ് ഡയറക്ടർമാർക്കും ഓരോ മേഖലയിലേക്കും രൂപതാ പ്രതി നിധികളായ് എത്തി, മേൽനോട്ടം വഹിച്ചവർക്കും സാഹിത്യ മത്സരങ്ങളിൽ പങ്കെടുത്തവർക്കും രൂപത സമിതിയുടെ നന്ദിയറി ക്കുന്നു.

**ഒക്ടോബർ മാസത്തിലെ പ്രവർത്തനങ്ങൾ**

**ഡിബേറ്റ് – 2019**

ആഗസ്റ്റ് 28 ന് ചേർന്ന സെക്രട്ടറിയേറ്റ്, സിൻഡിക്കേറ്റ് തീരു മാനപ്രകാരം കലാമത്സര ഇനമായ ഡിബേറ്റ് ഈ വർഷം ഒക്ടോ ബർ 2 ന് നടവയൽ മേഖലയിൽ പനമരം യൂണിറ്റിൽ വച്ച് നടത്തു ന്നതായിരിക്കും. ഒരു മേഖലയിൽ നിന്ന് 2 ടീംമിന് പങ്കെടുക്കാവു ന്നതാണ്. സമയം 10. 00 മണി മുതൽ 4. 00 മണി വരെ.

**ജൂബിലി കൺവെൻഷൻ – 2019**

KCYM മാനന്തവാടി രൂപതയുടെ രജത ജൂബിലിയോടനുബന്ധിച്ച് ഒക്ടോബർ 7 ന് ഏകദിന യുവജന കൺവെൻഷൻ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. തൃശ്ശൂർ അതിരൂപത വൈദീകനും കിഡ്നി ഫെഡറേഷൻ സ്ഥാപകനും ഡയറക്ടറുമായ റവ.ഫാ. ഡേവിസ് ചിറമ്മേൽ ക്ലാസ്സ് നയിക്കുന്നതായിരിക്കും. അന്നേ ദിവസം വി. കുർബാനയും കുമ്പസാരവും ആവശ്യമുള്ളവർക്ക് കൗൺസിലിംഗ് സൗകര്യവും ഉണ്ടായിരിക്കും. രാവിലെ 8.30 ന് രജിസ്ട്രേഷൻ ആരം ഭിക്കും. 4.00 മണിക്ക് സമാപനവും. ഒരു അംഗത്തിന് 100 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. യൂണിറ്റിൽ നിന്നും എത്ര പേർ പങ്കെടുക്കുമെന്ന് അറിയുന്നതിനുവേണ്ടി തന്നിരിക്കുന്ന രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ച് എത്രയും നേരത്തെ രൂപതാ ഓഫീസിൽ എത്തിക്കുമല്ലോ.

**മേഖല വാർത്തകൾ**

**മാനന്തവാടിമേഖല**

മാനന്തവാടി മേഖല ഓണാഘോഷ പരിപാടികൾ വേണ്ടന്ന് തീരു മാനിക്കുകയും അതിനായി നീക്കിവച്ച സംഖ്യ പ്രളയത്തിൽ ദുരിത മനുഭവിക്കുന്നവർക്കായ് യൂണിറ്റ് തലത്തിൽ വിതരണം ചെയ്യാൻ തീരു മാനിക്കുകയും ചെയ്തു.

## യൂണിറ്റ് വാർത്തകൾ

### കൊട്ടിയൂർ യൂണിറ്റ്

കെ.സി.വൈ.എം. യൂണിറ്റിന്റെ നേതൃത്വത്തിൽ മഴക്കെടുതി മൂലം ദുരിതമനുഭവിക്കുന്നവരെ ചെന്ന് കാണുകയും അവർക്ക് ആവശ്യമായ സാധനങ്ങൾ നൽകുകയും ചെയ്തു. അമ്പായത്തോട്, കൊട്ടിയൂർ, ചുങ്കക്കുന്ന് ക്യാമ്പുകൾ സന്ദർശിക്കുകയും കഴിയുന്ന സഹായ സഹകരണങ്ങൾ ചെയ്തു. കെ.സി.വൈ.എമ്മിന്റ നേതൃത്വത്തിൽ പണിയുന്ന വീടിന് സോപ്പുപൊടി നിർമ്മാണത്തിലൂടെ പണം സ്വരൂപിച്ച് നല്കി. റവ. ഫാ. ഷിജോയുടെയും പ്രസിഡണ്ട് ജോഷൽ ഈന്തുങ്കലിന്റെയും നേതൃത്വത്തിൽ പ്രവർത്തനങ്ങൾ സജീവമായി മുന്നോട്ട് പോകുന്നു.

### കല്ലോടി യൂണിറ്റ്

ഓഗസ്റ്റ് 1-ാം തീയതി യുവജന മാസാചരണത്തിന്റ ഭാഗമായി കെ.സി.വൈ.എം. പതാക ഉയർത്തി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. ഉപവാസ മദ്ധ്യസ്ഥ പ്രാർത്ഥനയും രോഗി സന്ദർശനവും നടത്തി. വി. മരിയ വിയാനിയുടെ തിരുനാൾ ഇടവകയിൽ ആഘോഷിക്കുകയും ബഹു. വൈദീകർക്ക് ആശംസകൾ അർപ്പിക്കുകയും ചെയ്തു. പ്രളയത്തിൽ ദുരിതമനുഭവിച്ചവർക്ക് സഹായമാകുവാൻ, വീടുകൾ വൃത്തിയാക്കുകയും ക്യാമ്പുകൾ സന്ദർശിക്കുകയും സഹായങ്ങൾ ചെയ്യുകയും ചെയ്തു. പള്ളിയോട് ചേർന്ന് ഒരു പച്ചക്കറിത്തോട്ടം നിർമ്മിച്ചു. ഒപ്പം ജില്ലാ ആശുപത്രിയിലെ ഒരു നേരത്തെ ഉച്ചഭക്ഷണം നൽകാൻ സഹായിക്കുകയും ചെയ്തു. ഒപ്പം തന്നെ ഒരു രക്തദാന ഗ്രൂപ്പ് രൂപീകരിക്കുകയും ചെയ്തു. പൂർവ്വപിതാക്കൻന്മാരെ അനുസ്മരിച്ച് കുർബാന അർപ്പിച്ച് പ്രാർത്ഥിച്ചു.

### കാട്ടിക്കുളം യൂണിറ്റ്

കെ.സി.വൈ.എം. പ്രവർത്തന മാസം ദിശ-2019 ബഹു. ജയ്മോൻ കളമ്പുക്കാട്ട് അച്ചൻ ഉദ്ഘാടനം നടത്തി. കെ.സി.വൈ.എം. പതാക വന്ദനം, കെ.സി.വൈ.എം. ആന്തം എന്നിവയ്ക്ക് യുവജനങ്ങൾ നേതൃത്വം നല്കി. യുവജന സംഗമത്തിന് വികാരിയച്ചന്റ നേതൃത്വത്തിൽ ആനുകാലിക വിഷയങ്ങളെക്കുറിച്ച് ചർച്ച നടത്തുകയും യുവജനങ്ങളുടെ അഭിപ്രായങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. സ്നേഹതീരം എന്ന പേരിൽ യുവജനങ്ങൾ ഗവ. ആശുപത്രിയിൽ ഉച്ചഭക്ഷണം തയ്യാറാക്കി വിതരണം ചെയ്യുന്നതിന് സഹായിച്ചു. ശുചിത്വം - 2019 ന്റ ഭാഗമായി വെയിറ്റിംഗ് ഷെഡ്, റോഡ് എന്നിവ യൂണിറ്റ് അംഗങ്ങൾ

വൃത്തിയാക്കി. സാന്ത്വനം എന്ന പേരിൽ ഇടവകയിലെ വീടുകളിൽ നിന്ന് ശേഖരിച്ച 15000 രൂപയുടെ സാധനങ്ങൾ ഓസാനാംഭവനിൽ നൽകുകയും, ഓസാനാം ഭവൻ വൃത്തിയാക്കുകയും ചെയ്തു. വീട് -ഇടവകയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ഭവന നിർമ്മാണ പ്രവർത്തനങ്ങൾക്ക് യുവജനങ്ങൾ സഹായിച്ചു.

**നരിവാലമുണ്ട യൂണിറ്റ്**

വി. ജോൺ മരിയ വിയാനിയുടെ തിരുനാളിൽ കെ.സി.വൈ.എം. യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോഷി പാലക്കാട്ട് ബഹു. വികാരിയച്ചന് ആശംസകൾ അർപ്പിക്കുകയും സമ്മാനം നൽകുകയും ചെയ്തു. മഴക്കെടുതി മൂലം ദുരിതമനുഭവിക്കുന്നവർക്ക് ഒരു കൈത്താങ്ങായി പ്രവർത്തിച്ചു. ഉരുൾപൊട്ടലിൽ എല്ലാം തകർന്ന ദുരിതബാധിതർക്കൊപ്പം ഇടവകയിലെ യുവജനങ്ങളും പങ്കുചേർന്നു. പൂളപ്പാടം ദുരിതാശ്വാസ ക്യാമ്പിൽ കഴിയുന്നവർക്ക് വസ്ത്രങ്ങളും മറ്റ് ആവശ്യ വസ്തുക്കളും എത്തിച്ച് കൊടുത്തു. കുനിപ്പാല പ്രദേശത്തെ വെള്ളം കയറിയ വീടുകളും പരിസരങ്ങളും യുവജനങ്ങളുടെ നേതൃത്വത്തിൽ വൃത്തിയാക്കി. സെപ്റ്റംബർ 8 ന് മാതാവിന്റ ജനന തിരുനാളിനോടനുബന്ധിച്ച് ഇടവകയിൽ മധുരം വിതരണം ചെയ്തു. രോഗികളെ സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും ചെയ്തു. യുവജനങ്ങളുടെ നേതൃത്വത്തിൽ ശനിയാഴ്ച തോറും ആരാധന നടത്തി വരുന്നു.

**വാളേരി യൂണിറ്റ്**

ഓഗസ്റ്റ് 4 ന് ഇടവകയിൽ റവ. ഫാ. ചാക്കോച്ചൻ വാഴക്കാലയുടേയും ആനിമേറ്റർ സി.റോസിലിന്റെയും നേതൃത്വത്തിൽ തിരിതെളിച്ച് പ്രവർത്തനമാസം ഉദ്ഘാടനം ചെയ്തു. ഓഗസ്റ്റ് 15 ന് ഇടവകയിലെ ദുരിതമനുഭവിക്കുന്ന കുടുംബത്തെ സഹായിക്കുകയും വീട് ശുചീകരിക്കുകയും ചെയ്തു. ഇടവകയിൽ നിന്നും നെറ്റ്, ജെ ആർ ഫ് പരീക്ഷകളിൽ ഉന്നത വിജയം നേടിയ കെ.സി.വൈ.എം. മുൻ ഭാരവാഹിയായ അഞ്ജു കുരിയക്കാട്ടിലിന് അനുമോദനങ്ങൾ നേരുകയും ഉപഹാരം സമർപ്പിക്കുകയും ചെയ്തു. കാരുണ്യപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നല്കിക്കൊണ്ട് എല്ലാ ഭവനങ്ങളിലും ഓരോ കുടുക്ക സമ്മാനിച്ച് കാരുണ്യനിധി ഉദ്ഘാടനം ചെയ്തു. ഇടവകയിലെ 20 കുടുംബങ്ങൾക്ക് ഓണക്കിറ്റ് വിതരണം ചെയ്തു. ഓഗസ്റ്റ് 26 ന് രക്തസാക്ഷിത്വദിനത്തോട് അനുബന്ധിച്ച് ജപമാലയും ആരാധനയും നടത്തി.

**മണിമൂളി യൂണിറ്റ്**

കെ.സി.വൈ.എം. മാസാചരണത്തിന്റ ഭാഗമായി ഓഗസ്റ്റ് 1-ാം തീയതി വി. കുർബാനയിൽ വായന, ശുശ്രൂഷി, ഗാനശുശ്രൂഷ എന്നിവയ്ക്ക് യുവജനങ്ങൾ നേതൃത്വം നല്കി. റവ. ഫാ. അജിൽ ചക്കാലയ്ക്കലിന്റ നേതൃത്വത്തിൽ കെ.സി.വൈ.എം. പതാക ഉയർത്തി, പതാക വന്ദനവും നടത്തി. വിയാനി ദിനത്തിനൊരുക്കമായി ആശംസാ വചനം തയ്യാറാക്കി നോട്ടീസ് ബോർഡിൽ അലങ്കരിച്ചു. മഴക്കെടുതികൾ മൂലം ക്യാമ്പിൽ കഴിയുന്നവരെ സഹായിച്ചു. ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്തു. മഴയും മണ്ണിടിച്ചിലും മൂലം ചെളി കയറിയ വഴിക്കടവ് ഭാഗത്തുള്ള ഭവനങ്ങൾ കഠിനാദ്ധ്വാനത്തിലൂടെ ക്ലീൻ ചെയ്തു. മെഡിക്കൽ ക്യാമ്പിന് വേണ്ട സഹായ സഹകരണങ്ങൾ ചെയ്തു. ഇടവക വികാരി റവ. ഫാ. കുര്യാക്കോസ് കുന്നത്തിന്റ നേതൃത്വത്തിൽ പതാക വന്ദനം നടത്തി പ്രസിഡണ്ട് പതാക താഴ്ത്തിയതോടെ യുവജന മാസചരണം സമാപിച്ചു.

**പാതിരിപ്പാടം യൂണിറ്റ്**

പ്രളയത്തിൽ മരിച്ചവർക്കു വേണ്ടി പ്രത്യേക പ്രാർത്ഥനയും ആരാധനയും നടത്തി. യൂണിറ്റിലെ യുവജനങ്ങൾ സി. ഫിലോയുടെ നേതൃത്വത്തിൽ രോഗിസന്ദർശനം നടത്തി അവർക്കായ് പ്രാർത്ഥിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. അനിൽ മൂഞ്ഞനാട്ടിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ പള്ളിയും പരിസരവും ഓഫീസ് മുറികളും വൃത്തിയാക്കി.

**മക്കിയാട് യൂണിറ്റ്**

വനിതാ സംഗമം യൂണിറ്റ് തലത്തിൽ സംഘടിപ്പിച്ചു. 25 പേർ പങ്കെടുത്തു. 'സ്ത്രീ ശാക്തീകരണവും വനിതകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിഹാരങ്ങളും' എന്ന വിഷയം ആസ്പദമാക്കി റവ. ഡോ. റ്റിനി തോമസ് എം.എസ്. എം. ഐ. ക്ലാസ്സെടുത്തു. കൂടാതെ "Stress Management" എന്ന വിഷയത്തിൽ റവ. സി. റജിൻ മാത്യു ക്ലാസ്സെടുത്തു. വി.മരിയ വിയാനിയുടെ തിരുനാൾ ഇടവകയിൽ ആഘോഷിക്കുകയും ബഹു. വികാരിയച്ചന് ആശംസകൾ അർപ്പിക്കുകയും ചെയ്തു. ഹോസ്പിറ്റൽ സന്ദർശിച്ച് രോഗികൾക്കുവേണ്ടി പ്രാർത്ഥിച്ചു. ഓഗസ്റ്റ് 28 ന് 'ക്രിസ് ഗോൾഡ്' എന്ന പേരിൽ 60 വയസ്സിന് മുകളിൽ പ്രായമുള്ള മാതാപിതാക്കളുടെ സംഗമം നടത്തി. 35 പേർ പങ്കെടുത്തു. റവ. ഡോ. അഗസ്റ്റ്യൻ വചന സന്ദേശം നൽകി.

**പാടിച്ചിറ യൂണിറ്റ്**

ജൂലൈ 14 ന് പാടിച്ചിറ യൂണിറ്റ് ആരംഭിച്ചു. 230 യുവജനങ്ങൾ പങ്കെടുത്തു. സെമിനാറിൽ ശ്രീ. പൗലോസ് കുട്ടൻപുഴ ക്ലാസ്സ് നയിച്ചു. ഓഗസ്റ്റ് 15 ന് അർപ്പൺ – 2019 എന്ന പേരിൽ രക്തദാന ക്യാമ്പ് നടത്തി. ബത്തേരി താലൂക്ക് ഗവൺ. ആശുപത്രിയിലെ ഡോക്ടർമാരും നേഴ്സ്മാരും ബ്ലഡ് ബാങ്ക് പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. സ്വാതന്ത്ര്യ ദിനാചരണവും രക്തസാക്ഷിത്വ ദിനാചരണവും ഒപ്പം സംഘടിപ്പിച്ചു. എട്ട് നോമ്പിന്റ ദിനങ്ങളിൽ പള്ളിയിലെ സർവ്വപ്രവർത്തനങ്ങളിലും 35 ൽ പരം യുവജനങ്ങൾ സഹായിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജെയിസ് പൂതക്കുഴി, ആനിമേറ്റർ സി. ജാന്റി സി എം.സി, പ്രസിഡണ്ട് ആന്റോ പള്ളിക്കൽ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

**ജിഷിൻ മുണ്ടക്കാത്തടത്തിൽ**
കെ. സി. വൈ. എം. ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

ദ്വാരക പാസ്റ്ററൽ സെന്ററിൽ സെപ്റ്റംബർ 1 മുതൽ 4 വരെ നടന്ന MPC യിൽ 115 പേർ പങ്കെടുത്തു. ഇതിന്റെ വിജയത്തിനായി സഹകരിച്ച എല്ലാ വൈദികർക്കും ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| ഒക്ടോബർ 25-28 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ 11-14 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| നവംബർ 22-25 | - | മണിമൂളി പാസ്റ്ററൽ സെന്റർ |
| ഡിസംബർ 1-4 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**മരിയൻ സിംഗിൾസ്**

സെപ്റ്റംബർ 21 ന് രൂപതാ മീറ്റിംഗ് കൂടി. എസ് എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടത്തിയ കൂട്ടായ്മയിൽ 22 ന് പേർ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഒക്ടോബർ 22 ന്.

**മാതൃവേദി**

ഓഗസ്റ്റ് 31 ന് രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മുൻവർഷങ്ങളിലേതുപോലെ സംഭാവന കൂപ്പൺ വഴി മാതൃവേദി പ്രവർത്തന ഫണ്ട് സ്വരൂപിക്കുന്നതാണ്. പ്രളയ ദുരിതാശ്വാസ ഫണ്ടിലേക്ക് മാതൃവേദിയും സംഭാവന നൽകുന്നതാണ്. ശാഖകളുടെ പ്രവർത്തന റിപ്പോർട്ടുകൾ ഒക്ടോബർ 8 നു മുമ്പായി മേഖലയിലേൽപിക്കേണ്ടതാണ്. മേഖലാ ടീം ശാഖകൾ സന്ദർശിച്ച് നവംബർ 3 ന് മുമ്പായി മേഖലയിലെ മികച്ച ശാഖയുടെ റിപ്പോർട്ട് രൂപതയിൽ എത്തിക്കണം. അമ്മമാർക്കുള്ള സാഹിത്യമത്സരങ്ങൾ ഇതിനോടകം മേഖലയിൽ നടത്തിയിരിക്കുമല്ലോ. ഓരോ ഇനത്തിലും ഒന്നാമതെത്തിയവരുടെ പേര് അംഗത്വനമ്പർ സഹിതം രൂപതയിൽ എത്തിക്കണം.

**ചുങ്കക്കുന്ന് മേഖല**

മഴക്കാല രോഗപ്രതിരോധ മരുന്ന് നൽകി. ചെയിൻ റോസറി നടത്തി. ലോഗോസ് പരീക്ഷ നടത്തി. പ്രളയത്തിൽ വെള്ളം കയറിയ ഭവനങ്ങൾ സന്ദർശിച്ചു. ഭക്ഷണകിറ്റ് നൽകി. ക്ലീനിംഗ് നടത്തി. അതാത് ഇടവകയിൽ സാമ്പത്തിക സഹായം നൽകി. ജപമാല ചൊല്ലി.

വി.മോനിക്ക പുണ്യവതിയുടെ തിരുനാളിൽ അമ്മമാർ അംഗത്വ നവീകരണം നടത്തി.

**തരിയോട് മേഖല**

ഉരുൾപൊട്ടലിൽ തകർന്ന രണ്ടു ഭവനങ്ങൾക്ക് 5000 രൂപ സഹായം നൽകി.

**കുഞ്ഞോം**

എല്ലാ ഞായറാഴ്ചയും മദ്ധ്യസ്ഥപ്രാർത്ഥന നടത്തിവരുന്നു. ബഹു. വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു. മേഖലാ സാഹിത്യ മത്സരത്തിൽ അമ്മമാർ പങ്കെടുത്തു. പ്രളയം ബാധിച്ച കുടുംബങ്ങൾ സന്ദർശിച്ച് വീടുകൾ വൃത്തിയാക്കുകയും അത്യാവശ്യ സാധനങ്ങൾ എത്തിച്ചു കൊടുക്കുകയും ചെയ്തു.

**കല്ലുവയൽ**

ഭവനസന്ദർശനം, രോഗീസന്ദർശനം, എന്നിവ നടത്തി. ഒരു നിർദ്ധനരോഗിക്ക് 5000 രൂപ ചികിത്സ സഹായം നൽകി. പ്രളയ ബാധിത പ്രദേശങ്ങളിൽ ക്ലിനിംഗ് നടത്തി. സ്വർഗ്ഗാരോഹണ തിരുനാൾ ആഘോഷിച്ചു. മരണാസന്നരെ സന്ദർശിച്ചു. സീറോ മലബാർ സഭയ്ക്കുവേണ്ടി ഉപവാസദിനം ആചരിച്ചു. മേഖല സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. മാതാപിതാക്കൾക്കായി നടത്തിയ സെമിനാറിൽ 142 അമ്മമാർ പങ്കെടുത്തു.

**കോട്ടത്തറ**

പ്രളയം ബാധിച്ച ഭവനങ്ങളിൽ ക്ലീനിംഗ് നടത്തി. ഇടവകയിൽ സാഹിത്യ മത്സരം നടത്തി. കിടപ്പുരോഗികൾക്കുവേണ്ടി കരുണക്കൊന്ത ചൊല്ലി പ്രാർത്ഥിച്ചു.

**പുൽപ്പള്ളി**

അമ്മമാർ ഒരു മണിക്കൂർ ആരാധന നടത്തി. ബഹു. സി. ആൻസി പോൾ അമ്മമാർക്ക് ക്ലാസ്സ് എടുത്തു. പെയിൻ ആന്റ് പാലിയേറ്റിവ് പ്രവർത്തനങ്ങളുടെ നടത്തിപ്പിനുവേണ്ടി അമ്മമാർ സംഭാവന നൽകി. ശ്രീ. എൻ യു എമ്മാനുവേൽ ക്ലാസ്സ് നയിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിച്ചു.

**അമ്പായത്തോട്**

തെറ്റുവഴി കൃപാ ഭവൻ സന്ദർശിച്ച് 2000 രൂപ സഹായമായി നൽകി. സെന്റ് കമില്ലസ് ഹോസ്പിറ്റൽ സന്ദർശിച്ചു. പാലിയേറ്റീവ് കെയർ സെന്ററിന് 2000 രൂപ നൽകി. നവോമി സംഗമം നടത്തി. 20

പേർ പങ്കെടുത്തു. ബഹു. വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു. മഴക്കെടുതിയിൽ ദുരിതമനുഭവിച്ച 5 കുടുംബങ്ങൾക്ക് ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്തു. മഴക്കാല രോഗപ്രതിരോധമരുന്ന് 100 കുടുംബങ്ങൾക്ക് നൽകി. മഴക്കെടുതിമൂലം തകർന്നുപോയ സ്കൂൾ മതിലിന്റെ അറ്റകുറ്റപണികൾക്കും ക്ലീനിങ്ങിനുമായി സഹായിച്ചു. വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ അംഗത്വ നവീകരണം നടത്തി.

**പൂക്കോട്ടുംപാടം**

അച്ചാർമേള നടത്തി ലേലം ചെയ്തു കിട്ടിയ 5000 രൂപയും 20 കിലോ അരിയും ചികിത്സയിലായിരിക്കുന്ന ഒരു നിർദ്ധന കുടുംബത്തിനു നൽകി. വൃദ്ധമാതാപിതാക്കളെ സന്ദർശിച്ചു. തലശ്ശേരിയിലെ വിയാനി ഭവൻ സന്ദർശിച്ചു. രോഗിസന്ദർശനം, വിധവസന്ദർശനം, എന്നിവ നടത്തി. പിടിയരി ശേഖരിച്ച് അർഹതപ്പെട്ട കുടുംബങ്ങൾക്ക് നൽകി. പേരന്റ്സ് ഡേ ആചരിച്ചു. ലോഗോസ് ക്വിസ്സിന് പേര് രജിസ്റ്റർ ചെയ്തു.

**ബോസ്പാറ**

ചെയിൻ റോസറി, ചെയിൻ ഉപവാസം എന്നിവ നടത്തി. വി. മോനിക്ക പുണ്യവതിയുടേയും വി. എവുപ്രാസിയമ്മയുടേയും തിരുനാൾ ആചരിച്ചു. ആശാഭവൻ സൻർശിച്ചു. 1000 രൂപ നൽകി ഒരു സഹോദരനെ ധ്യാനത്തിന് പറഞ്ഞയച്ചു. പ്രളയബാധിതർക്കുവേണ്ടി ആരാധന നടത്തി.

**കയ്യൂന്നി**

വിയാനിഭവൻ സന്ദർശിച്ചു. വിശ്രമജീവിതം നയിക്കുന്ന എസ് എച്ച് സിസ്റ്റേഴ്സിനെ സന്ദർശിച്ചു. പ്രളയബാധിത കുടുംബങ്ങൾക്ക് സ്കൂളിൽ താമസസൗകര്യം ഒരുക്കുകയും അവർക്കുവേണ്ട സഹായങ്ങൾ ചെയ്തു. ബഹു. ജെസ്സി പോളിന്റെ നേതൃത്വത്തിൽ വിധവ-വിഭാര്യ സംഗമം നടത്തി. സ്നേഹതണൽ അന്തേവാസികൾക്ക് ഭക്ഷണത്തിനായി 1500 രൂപ നൽകി. ഒരാൾക്ക് ചികിത്സയ്ക്കായി 3000 രൂപ നൽകി.

**പറളിക്കുന്ന്**

ഒരു നിർദ്ധനകുടുബത്തെ സന്ദർശിച്ച് 1000 രൂപ രോഗീസഹായം നൽകി. തിരുസഭക്കുവേണ്ടി അമ്മമാർ ഒരു ദിവസം പ്രാർത്ഥനാ ദിനമായി ആചരിച്ചു. മേഖലാ സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. പ്രളയബാധിത ക്യാമ്പ് സന്ദർശിച്ച് സഹായങ്ങൾ നൽകി.

**പുതിയിടംകുന്ന്**

ആശുപത്രി കൂട്ടായ്മയിൽ പങ്കെടുത്തു. മാതാവിന്റെ തിരുനാൾ ആഘോഷിച്ചു. സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. ദുരിതാശ്വാസ കിറ്റ് വിതരണം ചെയ്തു. ദിരിതാശ്വാസ പൊതുക്ലീനിംഗിൽ പങ്കെടുത്തു.

**പോരൂർ**

മാതൃവേദിക്ക് സ്വന്തമായി ഒരു ഓഫീസ് വെഞ്ചിരിച്ച് ഉദ്ഘാടനം ചെയ്തു. വിയാനി ഡേ ആചരിച്ചു. കിടപ്പുരോഗികളെ സന്ദർശിച്ചു. അംഗത്വനവീകരണം നടത്തി.

**ഇടിവണ്ണ**

യുവജനദിനം ആഘോഷിച്ചു. വി. അൽഫോൻസാമ്മയുടെ തിരുനാൾ ആചരിച്ചു.

**ആടിക്കൊല്ലി**

ഭവനസന്ദർശനം, രോഗീസന്ദർശനം, എലീശ്വ സന്ദർശനം എന്നിവ നടത്തി നിത്യോപയോഗ സാധനങ്ങൾ നൽകി. 13 മണി ആരാധന നടത്തി. ജോസ് പള്ളത്ത് സാർ അമ്മമാർക്ക് ക്ലാസ്സ് എടുത്തു. ആഗസ്റ്റ് മാസത്തിൽ അനുസ്മരിക്കുന്ന വിശുദ്ധരുടെ തിരുനാളുകൾ ആചരിച്ചു.

**വെള്ളൂന്നി**

തലശ്ശേരി രൂപതയിലെ ശ്രീമതി ജെയ്നി ടീച്ചർ 'കുടുംബത്തിന്റെ വിളക്ക് അമ്മമാർ' എന്ന വിഷയത്തെ സംബന്ധിച്ച് ക്ലാസ്സ് എടുത്തു. മാതാവിന്റെതിരുനാൾ ദിനത്തിൽ ജപമാലക്ക് നേതൃത്വം നൽകി.

**പുതിയിടം**

വി. മോനിക്കയുടെ തിരുനാൾ ആചരിച്ചു. മാതാവിന്റെ തിരുനാൾ ആഘോഷപൂർവ്വം കൊണ്ടാടി. മേഖലാ സാഹിത്യ മത്സരത്തിൽ പങ്കെടുത്തു. അമ്മമാർക്ക് വചന വാക്യമത്സരം നടത്തി.

**കൽപ്പറ്റ**

പരി. അമ്മയുടെ തിരുനാൾ ദിനത്തിൽ വിവിധ നിയോഗങ്ങൾവെച്ച് പ്രാർത്ഥിച്ചു. ദമ്പതീദിനം ആചരിച്ചു. അഖണ്ഡ ജപമാല ചൊല്ലി പ്രാർത്ഥിച്ചു. ക്ലാരഭവൻ അഗതി മന്ദിരം സന്ദർശിച്ചു. പ്രളയ ബാധിതർക്ക് അടിയന്തിരസഹായം നൽകി. പള്ളിമുറിയും സെമിത്തേരിയും വൃത്തിയാക്കി. ഒരമ്മ 10 രൂപ സമാഹരിച്ച് വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി സഹായിച്ചു.

**വാഴവറ്റ**

ബഹു. വൈദികരെ ആദരിച്ച് വൈദികദിനം ആചരിച്ചു. മേഖല സാഹിത്യ മത്സരത്തിൽ പങ്കടുത്തു. ഭവനസന്ദർശനം, ജാഗരണ പ്രാർത്ഥന, രോഗീസന്ദർശനം എന്നിവ നടത്തി. വൈദികവിദ്യാർത്ഥികൾക്ക് സംഭാവന നൽകി. ജ്യോതിനിവാസ് സന്ദർശിച്ചു ഭക്ഷണം നൽകി. ദുരിതാശ്വാസ ക്യാമ്പ് സന്ദർശിച്ച് വസ്ത്രം നൽകി. പെരുവക ജീവൻധാര അഗതിമന്ദിരം സന്ദർശിച്ചു.

**തരിയോട്**

രോഗീസന്ദർശനം നടത്തി. ഉരുൾ പൊട്ടിയ സ്ഥലങ്ങളും ഭവനങ്ങളും സന്ദർശിച്ച് പ്രാർത്ഥിച്ചു. വി. മോനിക്ക, വി. എവുപ്രാസിയ എന്നിവരുടെ തിരുനാൾ ആഘോഷിച്ചു.

**ആലാറ്റിൽ**

ബഹു. അച്ചന്റെ നേതൃത്വത്തിൽ പുത്തുമല സന്ദർശിച്ച് പ്രാർത്ഥിച്ചു. പ്രളയാനന്തര ശുചീകരണ പ്രവർത്തനത്തിൽ സജ്ജീവമായി പങ്കെടുത്തു. വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ ആഘോഷിച്ചു

**പാതിരിപ്പാടം**

ബഹു. ഡോ. സി. സ്റ്റെഫീന കുടുംബജീവിതത്തിൽ അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെകുറിച്ച് ക്ലാസ്സെടുത്തു. കിടപ്പുരോഗികൾക്ക് 5000 രൂപ സഹായം നൽകി. ഭവനസന്ദർശനം നടത്തി. പ്രളയം ബാധിച്ച ഭവനങ്ങൾ വൃത്തിയാക്കി.

**മരകാവ്**

പ്രോ-ലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിനായി അമ്മമാർ തിരുഹൃദയ കൊന്ത ചൊല്ലി. ബഹു. വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു. കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന ഭവനാംഗങ്ങൾക്കുവേണ്ടി ഉപവാസമനുഷ്ഠിച്ച് പ്രാർത്ഥിച്ചു. ക്ലീനിംഗ് നടത്തി. ക്യാമ്പിൽ കഴിയുന്നവർക്കുവേണ്ട സഹായം നൽകി. മോനിക്ക പുണ്യവതിയുടെ തിരുനാൾ ആചരിച്ചു. മേഖലാ സാഹിത്യ മത്സരത്തിൽപങ്കെടുത്തു.

**കളത്തുവയൽ**

ഡയാലിസിസ് രോഗികൾക്കായി 2000-രൂപയും സെമിനാരി ഫണ്ടിന് -1500 രൂപയും മേഖല വിഹിതത്തിന് 1000 രൂപയും പച്ചക്കറി രജിസ്ട്രേഷന് 100- രൂപയും നൽകി. ചെയിൻ റോസറി നടത്തി. ലോഗോസ് രജിസ്ട്രേഷൻ നടത്തി. കുടുംബകൂട്ടായ്മയിൽ എല്ലാ അമ്മമാരും പങ്കെടുത്തു. വിയാനി ഭവൻ സന്ദർശിച്ചു. രോഗീസന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി.

**കൽപ്ര**

ശ്രീമതി ഷൈലയുടെ നേതൃത്വത്തിൽ ചക്കകൊണ്ടുള്ള വിവിധ വിഭവങ്ങൾ ഉണ്ടാക്കുന്നതിനുള്ള ട്രെയിംനിംഗ് നടത്തി. ഭവന സന്ദർശനം, വിധവാസന്ദർശനം, ചെയിൻ റോസറി എന്നിവ നടത്തി. പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിച്ചു, വീടുകൾ വൃത്തിയാക്കി, സഹായങ്ങൾ നൽകി. അഡ്വ. ജിജിലിന്റെ നേതൃത്വത്തിൽ അമ്മമാർക്ക് മീഡിയയെകുറിച്ച് ക്ലാസ്സ് നൽകി. 90 അമ്മമാർ പങ്കെടുത്തു. വി. മോനിക്കയുടെ തിരുനാൾ ആചരിച്ചു.

**ബത്തേരി**

ശ്രീമതി സാലി ജോസഫ് അമ്മമാർക്ക് ക്ലാസ്സെടുത്തു. പുത്തുമല സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർത്ഥിച്ചു. വി. മോനിക്ക പുണ്യവതിയുടെ തിരുനാൾ ആചരിച്ചു. വൈദിക വിദ്യാർത്ഥികൾക്കുവേണ്ടി അമ്മമാർ സ്വരൂപിച്ച രൂപ നൽകി. വിയാനി ഭവൻ സന്ദർശിച്ചു. മേഖല സാഹിത്യ മത്സരത്തിൽ അമ്മമാർ പങ്കെടുത്തു.

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**
ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**ആദ്യവെള്ളി (6-9-19)**

രാവിലെ 10 മണിക്ക് എൽഡറിംഗ് ആരംഭിച്ചു. തുടർന്ന് കുരിശിന്റെ വഴിയും സ്തുതി ആരാധനയും നടത്തി. ടീം മീറ്റിംഗിൽ ഒരു മാസത്തെ ശുശ്രൂഷകൾ വിലയിരുത്തി. തുടർന്ന് ആദ്യശനി കൺവെൻഷനുള്ള ഒരുക്ക ശുശ്രൂഷകൾ നടത്തി. 5 മണിക്ക് ജാഗരണ പ്രാർത്ഥന ആരംഭിച്ചു. 10 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**ആദ്യശനി കൺവെൻഷൻ (7-9-19)**

രാവിലെ 6 മണിക്ക് ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി. 8.45 ന് പൊതുശുശ്രൂഷകൾ ആരംഭിച്ചു. ജപമാലപ്രദക്ഷിണം, സ്തുതി ആരാധന, എന്നിവയ്ക്ക് ശേഷം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് വചന പ്രഘോഷണവും അസി.ഡയറക്ടർ ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയും അർപ്പിച്ചു. കുമ്പസാരത്തിലും സ്പിരിച്വൽ ഷെയറിംഗിലും ധാരാളം പേർ പങ്കെടുത്തു ലഘുഭക്ഷണത്തിനു ശേഷം ദിവ്യകാരുണ്യ ആരാധനയ്ക്ക് ഫാ.സോണി വാഴക്കാട്ട് നേതൃത്വം നല്കി. 3.30 ന് ശുശ്രൂഷകൾ സമാപിച്ചു. കൺവെൻഷൻ ചിലവ് വഹിക്കുകയും പങ്കാളിത്തം കൊണ്ടും, സഹകരണം കൊണ്ടും, ശുശ്രൂഷകളെ ധന്യമാക്കുകയും ചെയ്ത തിരുഹൃദയ സഭയുടെ മാനന്തവാടി പ്രൊവിൻസിലെ മുഴുവൻ സിസ്റ്റേഴ്സിനെയും മദർ പ്രൊവിൻഷ്യലിനെയും നന്ദിയോടെ ഓർക്കുന്നു.

**താമസിച്ചുള്ള ധ്യാനം-ആന്തരികസൗഖ്യധ്യാനം- (8-11)**

നാല് ദിവസത്തെ താമസിച്ചുള്ള ആന്തരിക സൗഖ്യധ്യാനത്തിന് സീയോൻ ധ്യാനകേന്ദ്രം ഡയറക്ടർ റവ. ഫാ. സോണി വാഴകാട്ട് അസി. ഡയറക്ടർ റവ. ഫാ. ജിന്റോ തട്ടുപറമ്പിൻ, റവ.ഫാ. ബാബു മൂത്തേടം, റവ. ഫാ. ജെയ്മോൻ കളമ്പുകാട്ട്, ബ്രദർ ബിജു, ബ്രദർ ജോസഫ് വട്ടകുന്നേൽ, ബ്രദർ പൈലി തുറപ്പാട്ട് സി. ലിസ SKD സി.അന്ന FCC എന്നിവർ നേതൃത്വം നല്കി. 60 പേർ പങ്കെടുത്തു.

**രണ്ടാം ശനി- പൊതു സ്പിച്ച്വൽ ഷെയറിംഗ് (14-9-19)**

ശനിയാഴ്ച രാവിലെ 8.30 മുതൽ ശുശ്രൂഷകർ പ്രാർത്ഥിച്ചൊരുങ്ങി 9.30ന് പൊതുസ്പിരിച്ച്വൽ ഷെയറിംഗ് ആരംഭിച്ചു. 47 പേർ പങ്കെടുത്തു.

**ജാഗരണം മൂന്നാം വെള്ളി (20-9-19)**

വൈകിട്ട് 6 മണിക്ക് കുരിശിന്റെവഴി ആരംഭിച്ചു. തുടർന്ന് കരുണകൊന്ത, ജപമാല, മദ്ധ്യസ്ഥ പ്രാർത്ഥന എന്നിവ നടത്തി. ബ്രദർ ജോസ് മാളോല, ബേബി നാക്കുഴിക്കാട്ട്, പൈലി തുറപ്പാട്ട്, ബേബി കുപ്പയിൽ എന്നിവർ നേതൃത്വം നൽകി. ഫാ. ജിന്റോ തട്ടുപറമ്പിൽ വി.ബലി അർപ്പിച്ചു. 5.00 മണിക്ക് ശുശ്രൂഷകൾ സമാപിച്ചു.

**നാലാം ശനി-രോഗസൗഖ്യ ശുശ്രൂഷാദിനം (28-9-19)**

രാവിലെ 9.30 ന് രോഗസൗഖ്യ ശുശ്രൂഷകൾക്ക് വേണ്ടിയുള്ള പ്രാർത്ഥന ആരംഭിച്ചു. ആരാധന, കുരിശിന്റെവഴി, സ്തുതി ആരാധന, വി. ബലി എന്നിവയ്ക്കുശേഷം തൈലാഭിഷേക പ്രാർത്ഥനയ്ക്ക് റവ. ഫാ. ജിന്റോ തട്ടുപറമ്പിൽ നേതൃത്വം നൽകി.

**2019 ഒക്ടോബർ മാസത്തിലെ ശുശ്രൂഷകൾ**

| | | |
|---|---|---|
| 4-10-2019 ആദ്യവെള്ളി | - | എൽഡറിംഗ്, ടീം മീറ്റിംഗ്, ജാഗരണപ്രാർത്ഥന |
| 5-10-2019 ആദ്യശനി | - | ഏകദിന കൺവെൻഷൻ |
| 11-10-2019 രണ്ടാം വെള്ളി | - | തൂവാനീസാ സംഗമം |
| 12-10-2019 രണ്ടാം ശനി | - | പൊതു സ്പിരിച്ച്വൽ ഷെയറിംഗ് |
| 18-10-2019 മൂന്നാം വെള്ളി | - | ജാഗരണ പ്രാർത്ഥന |
| 18-21 വെള്ളി - തിങ്കൾ | - | മരിയൻ ധ്യാനം |
| 26-10-2019 നാലാം ശനി | - | രോഗസൗഖ്യ ശുശ്രൂഷാദിനം |

(സെപ്റ്റംബർ 24 ഒക്ടോബർ 13 ഗൾഫ്)

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, സിയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരേ,

നാം ദൈവത്തെ സ്നേഹിച്ചാൽ മാത്രം പോര, നമ്മോടൊപ്പം അയൽക്കാരും ദൈവത്തെ സ്നേഹിക്കുന്നില്ലെങ്കിൽ നമ്മുടെ ദൈവസ്നേഹം പൂർണമാകുകയില്ല - (സെന്റ് വിൻസെന്റ് ഡി പോൾ) സെന്റ് വിൻസെന്റ് ഡി പോളിന്റെ ഈ വാക്കുകൾ - സുവിശേഷ ത്തിലെ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്നതിന്റെ മറ്റൊരു പരിച്ഛേദനമാണ്.വിൻസെൻഷ്യൻ പ്രവർത്ത കരായ നമ്മുടെ ജീവിതങ്ങളിൽ പരമപ്രധാനമായ സ്ഥാനമാണ് സ്നേഹത്തിനുള്ളത്. അപരനെ സ്നേഹിക്കുകയെന്നത് ദൈവീക ഭാവമാണ്. നാം മറ്റുള്ളവരെ സ്നേഹിക്കുമ്പോൾ യഥാർത്ഥ ദൈവമക്കളാവുകയാണ്. മനുഷ്യന്റെ പ്രവർത്തനങ്ങളിൽ പലപ്പോഴും ഉയർന്നുവരുന്നത് സ്വാർത്ഥതയെന്ന ഭാവമാണ്. സ്വാർത്ഥത ദൈവീകമല്ല. സമയവും, സമ്പത്തും, സ്നേഹവും - നമുക്കുള്ളതെല്ലാം പങ്കുവയ്ക്കുവാനുള്ള മനോഭാവം നാമോരോരുത്തരിലുമുണ്ടാവണം. ഓരോ വിൻസെൻഷ്യന്റെയും വാക്കിലും പ്രവർത്തിയിലും സ്നേഹവും കരുണയും കരുതലുമുണ്ടാവണം. പരസ്പരസ്നേഹത്തിലൂടെയും പങ്കുവയ്ക്കലിലൂടെയുമാവണം ഓരോ വിൻസെൻഷ്യനെയും മറ്റുള്ളവർ തിരിച്ചറിയേണ്ടത്. ഈ തിരിച്ചറിവുകളാവണം മറ്റുള്ളവരെ നമ്മിലേക്ക് ആകർഷിക്കുന്ന മുഖ്യഘടകം. നമുക്ക് മിച്ചം വരുന്നതുകൊണ്ടല്ല നാം മറ്റുള്ളവരെ സഹായിക്കേണ്ടത്. നമുക്കുള്ളവ പകുത്ത് നല്കണം. നാം സമ്പത്തിന്റെ ഉടമകളല്ല കാവൽക്കാർ മാത്രമാണ്. ദാനം ചെയ്ത് ദരിദ്രരായവരില്ല. നമ്മുടെ വാക്കുകൾ, പ്രവർത്തികൾ ദൈവസ്നേഹം നിറഞ്ഞതാവട്ടെ. അപരനെ നമ്മിലേക്ക് - നമ്മൾ വഴി ദൈവത്തിങ്കലേക്ക് ചേർത്ത് നിർത്തുന്നതാവട്ടെ നമ്മുടെ വാക്കുകളും പ്രവർത്തികളും.

**സി.സി.യോഗം**

2019-ഓഗസ്റ്റ് 28-ന് നടവയൽ ഓസാനാംഭവനിൽ സി.സി.യോഗം ചേർന്നു. സി.സി. പ്രസിഡന്റ് ബ്ര.ജോർജ്ജ് ആക്കാന്തിരി അധ്യക്ഷത വഹിച്ചു. സി.സി. ആത്മീയോപദേഷ്ടാവ് റവ.ഫാ.അഗസ്റ്റിൻ പുത്തൻപുര യോഗം ഉദ്ഘാടനം ചെയ്തു. സി.സി. ജനറൽസെക്രട്ടറി ബ്രദർ.ബാബു നമ്പുടാകം പ്രവർത്തന റിപ്പോർട്ടും, ട്രഷറർ ബ്ര.

എൻ.യു.ജോൺ സി.സി. കണക്കുകൾ, ഓസാനാംഭവൻ സെക്രട്ടറി ബ്ര. വിൻസെന്റ് ജോൺ വടക്കുംചേരി ഓസാനാംഭവൻ കണക്കുകൾ എന്നിവ അവതരിപ്പിച്ചു. ചർച്ചകൾക്കുശേഷം യോഗം ഇവ അംഗീകരിച്ചു. പ്രളയാനന്തര പ്രവർത്തനങ്ങൾ യോഗം അവലോകനം ചെയ്തു. ദുരിതബാധിതരെ സഹായിക്കുവാൻ സുസജ്ജരായി രംഗത്തിറങ്ങി നേതൃത്വം നല്കിയ നിലമ്പൂർ, മണിമൂളി എ.സി. പ്രസിഡന്റുമാരെ യോഗം അനുമോദിച്ചു. പ്രളയ ബാധിതർക്ക് സഹായമെത്തിക്കുവാൻ മുന്നിട്ടിറങ്ങിയ നാഷണൽ കൗൺസിൽ, തിരുവനന്തപുരം, എറണാകുളം, താമരശ്ശേരി സി.സി.കളെ യോഗം നന്ദിപൂർവ്വം അനുസ്മരിച്ചു. ദുരിതബാധിതർക്ക് ജീവനോപാധികൾ, വീട്ടുപകരണങ്ങൾ എന്നിവ നല്കുന്നതിന് പ്രാമുഖ്യം നല്കുവാൻ തീരുമാനിച്ചു.

പ്രളയബാധിതരെ സഹായിക്കുന്നതിനായി ഓരോ വിൻസെൻഷ്യൻ അംഗവും 100-രൂപയിൽ കുറയാത്ത സംഖ്യ ഒക്ടോബറിൽ സംഭരിച്ച് അതാത് എ.സി.പ്രസിഡന്റുമാർ സി.സി.യിൽ ഏല്പിക്കേണ്ടതാണ്.

**വനിതാസംഗമം ഒക്ടോബർ 12-ന്**

മാനന്തവാടി സി.സി.യിൽപ്പെട്ട വനിത അംഗങ്ങളുടെ സംഗമം ഒക്ടോബർ 12-ന് നടവയൽ ഓസാനാംഭവനിൽ നടക്കുന്നതാണ്. സി.സി.യുടെ കീഴിലുള്ള 18 എ.സികളിലെ മുഴുവൻ വനിത അംഗങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ടാണ് സംഗമം നടത്തുന്നത്. 12-ന് രാവിലെ 9.30-ന് രജിസ്ട്രേഷൻ, 10-ന് സെമിനാർ, 1.30-ന് സമാപനം.

**യുവജന സംഗമം നവംബർ 9-ന്**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി മാനന്തവാടി സി.സി.യിലെ യുവജന വിഭാഗത്തിന്റെ സംഗമം നവംബർ 9-ന് നടവയൽ ഓസാനാംഭവൻ ഹാളിൽ നടക്കും. എല്ലാ കോൺഫ്രൻസുകളിൽ നിന്നും രണ്ട് യുവജനപ്രതിനിധികളെ വീതമാണ് സംഗമത്തിൽ പങ്കെടുപ്പിക്കേണ്ടത്. 9-ന് രാവിലെ 9.30-ന് പ്രതിനിധികളുടെ രജിസ്ട്രേഷൻ, 10-ന് സെമിനാർ, 1.30-ന് സമാപനം.

**ഓസാനാംഭവൻ**

ഓസാനാംഭവൻ വാർഷികം 2019-സെപ്തംബർ 28-ന് നടത്തുവാൻ തീരുമാനിച്ചു. തലശ്ശേരി അതിരൂപതാധ്യക്ഷൻ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവ്, കല്പ്പറ്റ നിയോജക മണ്ഡലം

എം.എൽ.എ. സി.കെ.ശശീന്ദ്രൻ തുടങ്ങിയവരെ പങ്കെടുപ്പിക്കുവാൻ തീരുമാനിച്ചു. നടത്തിപ്പിനായി വിവിധ സബ്കമ്മറ്റികൾ രൂപീകരിച്ചു.

ചന്ദ്രൻ, ഗോപാലൻ, തോമസ് കുന്നുമ്പുറത്ത് (പാലാങ്കര), സീതാറാം, മുരുകൻ, അശോകൻ, ജഗദീഷ്, ചാക്കോ തേനേരിക്കൽ (ആടിക്കൊല്ലി), കണാരൻ (മുതുകുടിക്കുന്ന്) എന്നിവർക്ക് ഓസാനാം ഭവനിൽ പ്രവേശനം നല്കി. ഇവരിൽ 7-പേരെ സാമൂഹ്യ നിതി വകുപ്പിന്റെ നിർദ്ദേശാനുസരണമാണ് പ്രവേശനം നല്കിയത്. അനൂപ് മഞ്ഞപ്പറമ്പിൽ വീട്ടുകാരോടൊപ്പം തിരികെ പോയി.

മത്തായി ചെറിയമ്പനാട്ട് (സീതാമൗണ്ട്), ജോർജ്ജ് പള്ളത്തുകുടി (കുപ്പാടി), ജോസഫ് കാപ്പിൽ (കൊമ്മയാട്), അശോകൻ എന്നിവർ നമ്മെ വേർപിരിഞ്ഞ് ദൈവസന്നിധിയിലേക്ക് പോയി.

**ഓസാനാംഭവൻ സന്ദർശനം**

2019 ഒക്ടോബർ 1-15 കുറുമ്പാല എ.സി. ക്രിസ്തുരാജ (പുതുശ്ശേരികടവ്), സെൻറ് അൽഫോൻസ (പുതുശ്ശേരികടവ്), സെന്റ് സെബാസ്റ്റ്യൻ (കുറുമണി), സെന്റ് ജോസഫ്സ് (കുറുമ്പാല), സെന്റ് മേരീസ് (കുറുമ്പാല).

ഒക്ടോബർ 16-30 തരിയോട് എ.സി. സെന്റ് ഫ്രാൻസീസ് (മഞ്ഞൂറ), സെന്റ് തെരേസ (തരിയോട്), സെന്റ് തോമസ് (ചെന്നലോട്), സെന്റ് മേരീസ് (ചെന്നലോട്), സെന്റ് അൽഫോൻസ (കാവുംമന്ദം), സെന്റ് ജോർജ്ജ് (കോട്ടത്തറ), ലൂർദ്ദ്മാതാ (കാവുംമന്ദം).

പ്രാർത്ഥന ആശംസകളോടെ,

**റവ. ഫാ. അഗസ്റ്റിൻ പുത്തൻപുര**
സി.സി. ആത്മീയ ഉപദേഷ്ടാവ്
**ബ്ര. ജോർജ്ജ് ആക്കാന്തിരി**
സി.സി. പ്രസിഡന്റ്

**നീർത്തട വികസന പദ്ധതി സർവ്വേ നടത്തി**

നബാർഡ് സമഗ്ര നീർത്തട വികസന പദ്ധതിയുടെ ഭാഗമായി മട്ടിലയം, പോർലോം നീർത്തട പ്രദേശത്ത് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മുഴുവൻ ഭവനങ്ങളിലും സർവ്വേ നടത്തി. നീർത്തട പ്രദേശത്ത് അടുത്ത നാലു വർഷക്കാലം നടപ്പിലാക്കേണ്ട വിവിധ വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെ ഭാഗമായാണ് സർവ്വേ നടത്തിയത്. സർവ്വേക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ., നീർത്തട വികസന പദ്ധതി കമ്മിറ്റി അംഗങ്ങൾ, ഡി.ഡി.യു.ജി.കെ.വൈ. വിദ്യാർത്ഥികൾ എന്നിവർ നേതൃത്വം നൽകി.

**ദുരിതാശ്വാസ കിറ്റുകൾ വിതരണം ചെയ്തു.**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രളയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി ദുരിതാശ്വാസ കിറ്റുകൾ വിതരണം ചെയ്തു. ചേരിയംകൊല്ലി, പുതുശ്ശേരിക്കടവ്, കുറുമണി, കാരക്കാമല, കൊമ്മയാട്, കുറുക്കൻമൂല, പനമരം എന്നിവിടങ്ങളിലായി 1000 കിറ്റുകൾ ആണ് വിതരണം ചെയ്തത്. വിതരണത്തിന് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഡയറക്ടർ റവ. ഫാ. പോൾ കൂട്ടാല, അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ.ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ., കാരിത്താസ് ഫിനാൻസ് മാനേജർ നിക്സൺ, റവ. ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ, റവ. ഫാ. സെബാസ്റ്റ്യൻ പുത്തേൻ, റവ. ഫാ. ശാന്തിദാസ് മുതുകാട്ടിൽ, റവ. ഫാ. ജോണി കല്ലുപുരയ്ക്കൽ, റവ. ഫാ. ജോൺ പെരുമാട്ടിക്കുന്നേൽ എന്നിവർ നേതൃത്വം നല്കി.

**DDU-GKY**

ഭാരത സർക്കാർ കേന്ദ്ര ഗ്രാമവികസന മന്ത്രാലയം വഴി നടപ്പിലാക്കുന്ന ഒരു യുവജന തൊഴിൽ ദാന പദ്ധതിയാണ് ദീനദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യയോജന. കേരളത്തിൽ കുടുംബശ്രീ മിഷൻ

ആണ് ഈ പദ്ധതിക്ക് മേൽനോട്ടം വഹിക്കുന്നത്. ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായ ഈ പദ്ധതി നിർദ്ധനരായ യുവജനങ്ങൾക്ക് തൊഴിൽ വൈദഗ്ദ്യ പരിശീലനവും തൊഴിലും നൽകി ഒരു ഉപജീവന മാർഗ്ഗം പ്രദാനം ചെയ്യുക വഴി ദാരിദ്ര്യ നിർമ്മാർജ്ജനമാണ് ലക്ഷ്യമിടുന്നത്. 15 നും 35 നും ഇടയിൽ പ്രായമുള്ളവരാണ് പദ്ധതിയുടെ ഗുണഭോക്താക്കൾ. സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, ഗോത്രവിഭാഗക്കാർ എന്നിവരിൽ 45 വയസ്സുവരെയാണ് പ്രായപരിധി. WSSS ന്റെ കീഴിൽ ഉള്ള ബോയ്സ്ടൗൺ DDU-GKY സെന്ററിൽ ഫാബ്രിക്കേഷൻ ബ്യൂട്ടീഷ്യൻ, ഇൻഡസ്ട്രിയൽ ഇലക്ട്രിഷ്യൻ, എന്നീ കോഴ്സുകളിൽ 150 വിദ്യാർത്ഥികൾ താമസിച്ച് പഠിക്കുന്നുണ്ട്. വിദ്യാർത്ഥികൾക്ക് വേണ്ടി ലീഗൽ എയ്ഡ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ഓണാഘോഷവും നടത്തി.

## Water aic/

World health organisation സഹായത്തോടെ WSSS നടത്തി വന്നിരുന്ന water aic/ പദ്ധതി വിജയകരമായി പൂർത്തീകരിച്ചു. 50 അംഗൺവാടികളിലും 11 ഹെൽത്ത് സെന്ററുകളിലും ഒരു ആയുർവേദ ആശുപത്രിയിലും ആണ് നിർമ്മാണ പ്രവർത്തികൾ നടത്തിയത്. കൂടാതെ Wash kit, Water filter, Water Quality kit എന്നിവയുടെ വിതരണവും പൂർത്തിയായി. 4891072/- രൂപയുടെ പുനരുദ്ധാരണ പ്രവർത്തിയാണ് നടപ്പിലാക്കിയത്.

**കേരളാ ലേബർ മൂവ്മെന്റ്**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനുമായി പ്രവർത്തിച്ചുവരുന്ന കേരളാ ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ട് പോകുന്നു.

**സ്വാവലംബൻ**

കേന്ദ്രഗവൺമെന്റിന്റെ പെൻഷൻ പദ്ധതിയായ സ്വാവലംബൻ സുരക്ഷാപദ്ധതിയിൽ ചേർന്ന 60 വയസ്സായവരുടെ മെച്ചൂരിറ്റി ഫണ്ട് കിട്ടിതുടങ്ങി. മുള്ളൻകൊല്ലി, അമ്പായത്തോട്, കമ്മന, കാട്ടിക്കുളം, വടുവൻചാൽ, കുപ്പാടിത്തറ, പടിഞ്ഞാറത്തറ, പുല്പള്ളി, ഇരുളം, മാനന്തവാടി, കണിയാരം, കൊട്ടിയൂർ, പുതിയിടംകുന്ന് എന്നീ ഇടവകകളിലുള്ളവർക്ക് ലഭിച്ചു.

**ക്യാഷ് അവാർഡ്**

തയ്യിൽ തൊഴിലാളി, നിർമ്മാണ തൊഴിലാളി, കർഷകതൊഴിലാളി എന്നീ ക്ഷേമനിധിയിൽ ചേർന്ന അംഗങ്ങളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് അപേക്ഷ (11 പേർ) സമർപ്പിച്ചു.

**PMJJBY**

പ്രധാന മന്ത്രി ജീവൻ ജ്യോതി ഭീമാ യോജന പദ്ധതി 2 ലക്ഷം ഇൻഷൂറൻസ് പരിരക്ഷ കിട്ടുന്ന പദ്ധതിയാണ്. 330/- രൂപ പ്രതിവർഷം വേണം. KLM 215 രൂപയ്ക്ക് ആണ് ചെയ്യുന്നത്. ബാക്കി തുക LIC ആണ് എടുക്കുന്നത്. ഈ വർഷം രൂപതയിൽ നിന്നും KLM ന്റെ നേതൃത്വത്തിൽ 28 അംഗങ്ങളെ ചേർത്തു.

**Save A Family Plan**

സേവ് എന്ന ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയുടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നേറുന്നു. സീതാമൗണ്ട്, എടയൂർകുന്ന്, മംഗലശ്ശേരി ഇടവകകളിൽ സെന്റർ ലെവൽ മീറ്റിംഗുകൾ നടത്തി. മംഗലശ്ശേരി, തവിഞ്ഞാൽ, വാകേരി ഇടവകകളിൽ ഫാമിലി ആക്ഷൻ ടീം മീറ്റിംഗുകൾ നടന്നു. മാനന്തവാടി, കല്പറ്റ, പുൽപ്പള്ളി റീജണുകളിലായി 53 കുടുംബങ്ങളിൽ ആനിമേറ്റേഴ്സും 12 വീടുകളിൽ കോ-ഓഡിനേറ്ററും സന്ദർശനം നടത്തി അവരുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. 65 കുടുംബങ്ങൾക്ക് Relief kit കൾ വിതരണം ചെയ്തു. ഈ മാസം വിവിധ വരുമാന വർദ്ധക പദ്ധതികൾക്കായി കുടുംബങ്ങൾക്ക് സേവ് എ ഫാമിലിയിൽ നിന്ന് മറ്റ് സംഘടനകളിൽ നിന്ന് ലഭിച്ച ധനസഹായം.

| | | |
|---|---|---|
| ഭവനനിർമ്മാണം | - | 60000 (SELAVIP) |
| മൃഗസംരക്ഷണം | - | 78000 (SAFP) |
| കൃഷി | - | 56500 (SAFP) |
| തയ്യൽ | - | 52000 (SAFP) |
| കോഴിവളർത്തൽ | - | 18000 (SAFP) |
| വ്യാപാരം | - | 32000 (SAFP) |
| ചികിത്സ | - | 8500 (SAFP) |
| റിലീഫ് കിറ്റ് | - | 175000 (WSSS) |
| ആകെ | - | 480, 000.00 |

**ഫാ. പോൾ കൂട്ടാല**
ഡയറക്ടർ, WSSS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവവിഭവങ്ങളുപയോഗിച്ച് പരിസ്ഥിതിക്ക് കോട്ടം വരാത്തരീതിയിൽ പ്രാദേശിക കാലാവസ്ഥാഭേദങ്ങൾക്ക് അനുസരണമായി ഗുണമേന്മയുള്ള ഉത്പ്പന്നങ്ങൾ ഉണ്ടാക്കുന്ന സ്ഥായിയായ കൃഷിരീതികളെ ജൈവകൃഷി എന്ന് പറയാം. മണ്ണിന്റേയും വിലയുടേയും ഉത്പാദനക്ഷമത ഉയർത്തുകയും നിലനിർത്തുകയും ചെയ്യുന്നതരത്തിലുള്ള കൃഷിമുറകളായിരിക്കണം ജൈവകൃഷിയിൽ അനുവർത്തിക്കേണ്ടത്. ഓഗസ്റ്റ് മാസവും മികവുറ്റ പ്രവർത്തനങ്ങളും മികച്ച കർഷകപങ്കാളിത്തവും ഉറപ്പു വരുത്തുവാൻ സാധിച്ചു.

**ജൈവ സാക്ഷ്യപത്രം പുതുക്കൽ**

വോഫെയിൽ അംഗങ്ങളായ 2500 കർഷകരുടെ (5. ICS) ജൈവസാക്ഷ്യപത്രം പുതുക്കുന്നതിനുള്ള സർട്ടിഫിക്കേഷന് ഏജൻസിയുടെ പരിശോധന പൂർത്തീകരിച്ചു. ലാക്കോൺ സർട്ടിഫിക്കേഷൻ ഏജൻസിയിൽ നിന്നും ഓർഗാനിക് ഓഡിറ്റർ ശ്രീ. യദു കൃഷ്ണൻ ഓഫീസും കൃഷിയിടങ്ങളും സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. മാനന്തവാടി, മീനങ്ങാടി, പുല്പ്പള്ളി, തവിഞ്ഞാൽ, പനമരം എന്നിവിടങ്ങളിലായി 130 കൃഷിയിടങ്ങളാണ് ഓഡിറ്റിന്റെ ഭാഗമായി ഓഡിറ്റർ പരിശോധന നടത്തിയത്.

**ജൈവകൃഷി – ശാസ്ത്രീയ രീതിയിൽ പരിശീലന ശിബിരങ്ങൾ**

കർഷകരെ ജൈവകൃഷി രീതിയുമായി ആഭിമുഖ്യമുള്ളവരാക്കുവാനും ജൈവവളങ്ങൾ ശാസ്ത്രീയ രീതിയിൽ ഉണ്ടാക്കി കൃഷിയിടങ്ങളിൽ ഉപയോഗിക്കുവാൻ പ്രാപ്തരാക്കുന്നതിനുമായി ബയോവിന്റെ ആഭിമുഖ്യത്തിൽ കോട്ടത്തറ, എടവക എന്നിവിടങ്ങളിൽ സെമിനാറുകൾ സംഘടിപ്പിക്കുകയും, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാരായ കുമാരി ലീമ, ശ്രീ. മിഥുൻ എന്നിവർ ക്ലാസ്സുകൾ നയിക്കുകയും ചെയ്തു. സെമിനാറുകളിൽ ബയോവിൻ അസ്സോസ്സിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ, ICS കോർഡിനേറ്റർ ശ്രീ. സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു.

**കർഷക ഗ്രൂപ്പ് മീറ്റിംഗുകൾ**

ചെറു കർഷക സംഘങ്ങളുടെ ശാക്തീകരണം ലക്ഷ്യമിട്ട് ഗ്രൂപ്പുകൾ വിവിധ മേഖലകളിലായി ഒത്തുചേരുകയും യോഗങ്ങളിൽ റീജണൽ കോർഡിനേറ്റർമാർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവർ പങ്കെടുക്കുകയും കർഷക ഭവനങ്ങളും കൃഷിയിടവും സന്ദർശിക്കുകയും ചെയ്തു. ഗ്രൂപ്പുകളിലെ 2020-23 വർഷത്തിലേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് ബയോവിൻ അസ്സോസിയേറ്റ് ഡയറക്ടർ റവ. ഫാ. ബിനു പൈനുങ്കൽ, ICS കോർഡിനേറ്റർ, അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർമാർ എന്നിവരുടെ സാന്നിധ്യത്തിൽ നടന്നു വരുന്നു.

**പുതിയ അംഗത്വം**

പുതിയ വർഷം കൂടുതൽ കർഷകരെ ജൈവകൃഷി രീതിയിലേക്ക് കൊണ്ടുവരിക എന്ന ഉദ്ദേശ്യത്തോടു കൂടി വിവിധ റീജിയനുകളിൽ നിന്നും 595 കർഷകരെ പദ്ധതിയിൽ ഉൾപ്പെടുത്തി. ഇതുവരെ പദ്ധതിയിൽ അംഗങ്ങളായ മുഴുവൻ കർഷകരെയും വിവിധ ICS കളുടെ ഭാഗമാക്കി സാക്ഷ്യപത്രം ലഭ്യമാക്കുവാനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു.

**കഫേ എക്സിക്യൂട്ടീവ് മീറ്റിംഗ്**

വാർഷിക പൊതുയോഗ തീരുമാനങ്ങൾ വിശകലനം ചെയ്യുന്നതിനും പദ്ധതികൾ നിടപ്പിലാക്കുന്നതിനുമായി ഓഗസ്റ്റ് മാസം മൂന്നാം തീയതി ബയോവിൻ അഗ്രോ റിസേർച്ചിൽ വച്ച് കഫേ എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തപ്പെട്ടു. യോഗത്തിൽ കഫേ ചെയർമാൻ റവ. ഫാ. ബിജു കോയിക്കാട്ടിൽ അദ്ധ്യക്ഷത വഹിച്ചു.

**പ്രധാന യോഗ തീരുമാനങ്ങൾ**

1. സംഘടന വഴിയായി നടപ്പിൽ വരുത്തികൊണ്ടിരിക്കുന്ന സാമൂഹിക പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ പൂർത്തീകരിക്കുവാൻ തീരുമാനിക്കുകയും ആയതു പ്രകാരം ഭവന പുനരുദ്ധാരണം/ നിർമ്മാണം, ചികിത്സാ സഹായം എന്നിവ അർഹതപ്പെട്ടവരിൽ നിന്നും ആഗസ്റ്റ് 31 ന് മുൻപായി അപേക്ഷ സ്വീകരിച്ചു നടപ്പിൽ വരുത്തുവാനും തീരുമാനിച്ചു.
2. ഫെയർട്രേഡ് സ്റ്റാൻഡേർഡ് പ്രകാരം മുൻവർഷത്തെ പോലെ സംഘടനയിലെ എല്ലാ സ്റ്റാഫ് അംഗങ്ങൾക്കും ഗ്രൂപ്പ് ഇൻഷൂറൻസ് ഏർപ്പെടുത്തുവാൻ തീരുമാനിച്ചു.
3. സംഘടനയിൽ അംഗങ്ങളായ എല്ലാ കർഷകർക്കും ജൈവവളം ലഭ്യമാക്കുന്നതിനായി ബോയ്സ് ടൗണിൽ വള നിർമ്മാണ യൂണിറ്റിന്

ആവശ്യമായ സ്ഥലം കരാറടിസ്ഥാനത്തിൽ എടുത്തു പദ്ധതി പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.

4. മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്ന ഗ്രൂപ്പുകൾക്ക് ഗ്രാന്റ് അനുവദിക്കുവാൻ തീരുമാനിക്കുകയും പ്രത്യേകം തയ്യാറാക്കിയ അപേക്ഷ ഗ്രൂപ്പുകളിൽ നിന്നും സ്വീകരിച്ച് 2020 മാർച്ച് 31 ന് മുൻപായി ഗ്രൂപ്പുകളെ കണ്ടെത്തി പദ്ധതി പൂർത്തീകരിക്കുവാനും തീരുമാനിച്ചു.

**വോഫെ എക്സിക്യൂട്ടീവ് യോഗം**

വോഫെയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും, പ്രവർത്തനങ്ങൾക്ക് രൂപം നല്കുന്നതിനുമായി 2019 ഓഗസ്റ്റ് മാസത്തിൽ എക്സിക്യൂട്ടീവ് യോഗം ചേർന്നു. യോഗത്തിനു വോഫെ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അദ്ധ്യക്ഷത വഹിച്ചു. കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂർ സ്വാഗതം ആശംസിച്ചു.

**യോഗതീരുമാനങ്ങൾ**

1. പൊതുയോഗത്തിൽ തീരുമാനിച്ച പ്രകാരം വോഫെയിലെ 8727 കർഷകർക്കും 12 X12 സൈസ് ടാർപോളിൻ ഷീറ്റ് വിതരണം ചെയ്യാൻ തീരുമാനിച്ചു. 2019 ഒക്ടോബർ 10ന് മുൻപായി മുഴുവൻ കർഷകർക്കും ലഭ്യമാകുന്ന വിധം വിതരണം ക്രമീകരിക്കുന്നതിനും 17500 ടാർപോളിൻ ഷീറ്റുകൾ മുംബൈ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനിയിൽ നിന്നും വാങ്ങുന്നതിനുള്ള ക്രമീകരണം നടത്തുകയും ചെയ്തു.
2. വോഫെ നടപ്പിലാക്കുന്ന ചികിത്സ സഹായം, ഭവന നിർമ്മാണ/ പുനരുദ്ധാരണത്തിനായുള്ള സാമ്പത്തിക സഹായം എന്നിവയ്ക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചു. ആയതിനാവശ്യമായ ക്രമീകരണം നടത്തുന്നതിന് കോഡിനേറ്റർ ശ്രീ. വിനീഷ് വണ്ടന്നൂരിനെ ചുമതലപ്പെടുത്തി. അപേക്ഷകൾ സ്വീകരിക്കേണ്ട അവസാന തീയതി 30-08-2019 ആയിരിക്കും.

**ആരോഗ്യ ഇൻഷൂറൻസ്**

വോഫെയിലെ സ്റ്റാഫിനായി നടപ്പിലാക്കിയ ആരോഗ്യ ഇൻഷൂറൻസിലേക്കു പുതുതായി നിയമനം ലഭിച്ച സ്റ്റാഫിനെ കൂടി ഉൾപ്പെടുത്തുകയും 2 ലക്ഷം രൂപയുടെ ഇൻഷൂറൻസ് കവറേജ് ലഭ്യമാകും വിധം പദ്ധതി നടപ്പിലാക്കുകയും ചെയ്തു.

**കാപ്പി തൈ നേഴ്സറി**

കർഷർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതിനു വോഫെ ആരംഭിച്ച കാപ്പി തൈ നേഴ്സറിയിൽ ഉത്പാദിപ്പിച്ച 3 ലക്ഷത്തോളം

CXR ഇനത്തിൽപ്പെട്ട കാപ്പി തൈകൾ ഓഗസ്റ്റ് മാസത്തോടെ വിതരണം പൂർത്തീകരിച്ചു.

**NAPP VISIT**

സംഘടന നടപ്പിലാക്കിയ പ്രളയാനന്തര പ്രവർത്തനങ്ങൾ വിശകലനം ചെയ്യുന്നതിനായി നെറ്റ് വർക്ക് ഓഫ് ഏഷ്യ പസഫിക് പ്രോഡ്യൂസേഴ്സ് (NAPP) അസോസിയേഷന്റെ പ്രതിനിധികളായ ശ്രീ. രഞ്ജിത്ത് കുമാർ, ശ്രീ. മനോജ് കുമാർ എന്നിവർ ഓഗസ്റ്റ് മാസം പന്ത്രണ്ടാം തീയതി സന്ദർശനം നടത്തുകയും വിവരങ്ങൾ ക്രോഡീകരിക്കുകയും ചെയ്തു.

**സംഭരണം**

ഓർഗാനിക് സ്റ്റാറ്റസിൽ എത്തിയ വൊഫയിൽ അംഗങ്ങളായ കർഷകരിൽ നിന്നും ഓഗസ്റ്റ് മാസം ഉണക്ക കാപ്പി കിലോയ്ക്ക് 88 രൂപ നിരക്കിൽ 1650 കിലോയും, ഞാലിപ്പൂവൻ വാഴക്കുല കിലോയ്ക്ക് 45 രൂപ നിരക്കിൽ 3470 കിലോയും ഇളനീർ കിലോ 20 രൂപ നിരക്കിൽ 1800 കിലോയും കുരുമുളക് കിലോയ്ക്ക് 2720 രൂപ നിരക്കിൽ 3500 കിലോയും സംഭരിച്ചു. പദ്ധതിയിൽ അംഗങ്ങളായ ഒന്ന്, രണ്ട്, മൂന്ന് വർഷക്കാരിൽ നിന്നും കഫേയിൽ അംഗങ്ങളായ കർഷകരിൽ നിന്നുമായി 37500 കിലോ ഉണക്ക കാപ്പി കിലോഗ്രാമിന് 80 രൂപ നിരക്കിൽ സംഭരിച്ചു.

**ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസ്സസിംഗ് സെന്റർ ഓഗസ്റ്റ് മാസത്തിലും കാപ്പി, കുരുമുളക്, വാഴപ്പഴം തുടങ്ങിയവ സംസ്കരിക്കുകയും ഇതിനായി 1291 തൊഴിൽ ദിനങ്ങൾ ഉപയോഗപ്പെടുത്തുകയും ചെയ്തു. മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോറിസേർച്ച്

**കമ്മ്യൂണിറ്റി റേഡിയോ സുസ്ഥിരതാ പുരസ്കാരം 2018**

സുസ്ഥിരതയ്ക്കുള്ള ഏഴാമത് കമ്മ്യൂണിറ്റി റേഡിയോ പുരസ്കാരം റേഡിയോ മാറ്റൊലിക്ക് ലഭിച്ചു. ഇന്ത്യയിലെ 275 റേഡിയോ സ്റ്റേഷനുകളിൽ നിന്നാണ് മാറ്റൊലിക്ക് സുസ്ഥിരതയ്ക്കുള്ള പുരസ്കാരം ലഭിച്ചത്. ന്യൂഡൽഹിയിൽ വച്ച് നടന്ന ദേശീയ സമ്മേളനത്തിൽ കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി പ്രകാശ് ജാവ്ദേക്കർ പുരസ്കാരം റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളിക്ക് നൽകി ആദരിച്ചു. 50,000 രൂപയും പ്രശസ്തിപത്രവും ശില്പവും അടങ്ങുന്നതാണ് അവാർഡ്. ഇത് രണ്ടാം തവണയാണ് സുസ്ഥിരതയ്ക്കുള്ള പുരസ്കാരം റേഡിയോ മാറ്റൊലിക്ക് ലഭിക്കുന്നത്.

**മാനേജ്മെന്റ് കമ്മിറ്റി മീറ്റിംഗ്**

2019–2021 കാലയളവിലേക്ക് രൂപീകരിച്ച പുതിയ മാനേജ്മെന്റ് കമ്മിറ്റിയുടെ ആദ്യയോഗം സെപ്റ്റംബർ 06 ന് ഉച്ചകഴിഞ്ഞ് 2.00 ന് ചെയർമാൻ മോൺ. അബ്രാഹം നെല്ലിക്കലിന്റെ അദ്ധ്യക്ഷതയിൽ റേഡിയോ മാറ്റൊലിയിൽ വെച്ച് നടന്നു. പുതിയ അംഗങ്ങളായ അഡ്വ. പി. ഡി വർഗ്ഗീസ്, ഡോ. ബീന ജോൺസൺ, ഡോ. ലിഷിത സുജിത്, ഷാജൻ സെബാസ്റ്റ്യൻ, ഷാജി എളപ്പുപാറ എന്നിവർക്ക് ഔദ്യോഗികമായി സ്വീകരണം നൽകി. കമ്മിറ്റിയുടെ കാലാവധി 2021 മെയ് 31 വരെ ആയിരിക്കും. 2017– 2019 ടേം മാനേജ്മെന്റ് കമ്മിറ്റിയിൽ സജീവമായി പ്രവർത്തിക്കുകയും മാറ്റൊലിയുടെ പ്രവർത്തനങ്ങൾക്ക് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്ത സിസ്റ്റർ ക്രിസ്റ്റീന SCV, അഡ്വ. മരിയ, ശ്രീ കെ. കെ ചന്ദ്രശേഖരൻ, ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി, ശ്രീ ഷാജു. പി. പി. എന്നിവർക്ക് യോഗം നന്ദിയർപ്പിക്കുകയും സ്നേഹോപഹാരം നൽകുകയും ചെയ്തു. മാനേജ്മെന്റ് കമ്മിറ്റി അംഗങ്ങളും റേഡിയോ മാറ്റൊലി ടീം അംഗങ്ങളും ചേർന്ന് ഓണാഘോഷ പരിപാടിയും സംഘടിപ്പിച്ചു.

**തത്സമയ ഫോൺ ഇൻ പരിപാടികൾ**

പ്രളയത്തിലും മഴക്കെടുതിയിലും തകർന്ന ജില്ലയ്ക്ക് കരുത്ത് പകരുന്ന പരിപാടിയായ കരം പിടിച്ച് കരുത്തോടെ പ്രോഗ്രാമിന്റെ ഭാഗമായി തത്സമയഫോൺ ഇൻ പരിപാടികൾ സംഘടിപ്പിച്ചു. ആഗസ്റ്റ് 20 ന് നടത്തിയ പ്രളയാനന്തര പുനർനിർമ്മാണം സംശയങ്ങളും നിർദ്ദേശങ്ങളും എന്ന വിഷയത്തിൽ സംഘടിപ്പിച്ച ലൈവിൽ മാനന്തവാടി തഹസിൽദാർ എൻ. ഐ ഷാജു പങ്കെടുത്തു. ആഗസ്റ്റ് 22 ന് സംഘടിപ്പിച്ച പ്രളയകാലത്ത് കർഷകർക്കുണ്ടായ നാശനഷ്ടങ്ങളും പരിഹാരമാർഗ്ഗങ്ങളും എന്ന വിഷയത്തിൽ തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. ശ്രോതാക്കളുടെ സംശയങ്ങൾക്ക് കല്പറ്റ കൃഷി അസിസ്റ്റന്റ് ഡയറക്ടർ കെ. മമ്മൂട്ടി മറുപടി നല്കി. ജീവിതമാകട്ടെ നമ്മുടെ ലഹരി എന്ന വിഷയത്തിൽ സെപ്റ്റംബർ 6-ന് തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ എ. ജെ ഷാജി പരിപാടിയിൽ പങ്കെടുത്ത് ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നല്കി.

**സന്ദർശനം**

സബ്കളക്ടർ എൻ.എസ്.കെ ഉമേഷ് റേഡിയോമാറ്റൊലി സന്ദർശിച്ചു. സമൂഹത്തിൽ റേഡിയോ മാറ്റൊലി ടീം ചെയ്യുന്ന പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. പ്രളയാനന്തര പുനർനിർമ്മാണത്തിൽ മാറ്റൊലി വഹിക്കുന്ന പങ്ക് വളരെ വലുതാണ് എന്ന് ടീം അംഗങ്ങളെ അഭിസംബോധന ചെയ്ത് സംസാരിക്കവേ അദ്ദേഹം പറഞ്ഞു. ആഗസ്റ്റിൽ ഉണ്ടായ പ്രളയവും പുത്തുമല ദുരന്തവും ആ സമയത്തെ അനുഭവങ്ങളും വിവരിക്കുന്ന അഭിമുഖവും നടത്തി.

**പഠനശില്പശാല**

കൊട്ടിയൂർ IJMHSS ലെ ജേർണലിസം വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി സെപ്തംബർ 18 ന് റേഡിയോമാറ്റൊലി സന്ദർശിച്ചു. കമ്മ്യൂണിറ്റി റേഡിയോയുടെ പ്രവർത്തനങ്ങളെക്കുറിച്ച് അസി. ഡയറക്ടർ ഫാ. മനോജ് കാക്കോനാൽ ക്ലാസ് എടുക്കുകയും പ്രോഗ്രാം നിർമ്മാണത്തിൽ പരിശീലനം നല്കുകയും ചെയ്തു.

**പാട്ടുത്സവം - നാടൻപാട്ട് മത്സരം**

ഓണത്തോടനുബന്ധിച്ച് റേഡിയോമാറ്റൊലി നാടൻപാട്ട് മത്സരം സംഘടിപ്പിച്ചു. പുരുഷവിഭാഗത്തിൽ ആവണി പ്രവീൺ, സ്ത്രീ വിഭാഗ

ത്തിൽ റീത്ത റോജി റെയ്മണ്ട് എന്നിവർ ഒന്നാംസ്ഥാനം നേടി. പുരുഷ വിഭാഗത്തിൽ രെജീഷ് തേറ്റമല രണ്ടാം സ്ഥാനവും അപ്പു ചോലയിൽ 3-ാം സ്ഥാനവും നേടി. സ്ത്രീ വിഭാഗത്തിൽ സ്നേഹ ചിറ്റേടത്ത് രണ്ടാം സ്ഥാനവും ധന്യ മുതിരേരി 3-ാം സ്ഥാനവും നേടി.

**പ്രകാശം പരത്തുന്നവർ**

സെപ്റ്റംബർ 5 അധ്യാപകദിനത്തോടനുബന്ധിച്ച് പ്രകാശം പരത്തുന്നവർ എന്ന വാരാചരണ പരിപാടി പ്രക്ഷേപണം ചെയ്തു. ഇതിൽ ദേശീയ, സംസ്ഥാന അധ്യാപക അവാർഡ് നേടിയവരേയും, അധ്യാപക ജീവിതത്തിൽ തനത് വ്യക്തിമുദ്ര പതിപ്പിച്ച അധ്യാപക രേയും പരിചയപ്പെടുത്തി.

**ഓണനിലാവ്**

ഓണത്തോടനുബന്ധിച്ച് പത്തുദിവസം ഓണനിലാവ് എന്ന പ്രത്യേക പരിപാടി പ്രക്ഷേപണം ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

# ജയിൽ മിനിസ്ട്രി

*"ഞാൻ കാരാഗൃഹത്തിലായിരുന്നു; നിങ്ങൾ എന്റെയടുത്തു വന്നു".* (മത്താ 25:36).

**ഭിത്തികൾ തടവറകൾ സൃഷ്ടിക്കുന്നില്ല** എന്ന സന്ദേശവുമായി യേശുസാഹോദര്യകൂട്ടായ്മയിലെ അംഗങ്ങൾ വൈത്തിരി സബ്ജയിലിലും മാനന്തവാടി ജില്ലാ ജയിലിലും തങ്ങളുടെ ശുശ്രൂഷ തുടരുന്നു. ഇതിലൂടെ ധാരാളം തടവറ മക്കൾക്ക് ആശ്വാസവും പ്രതീക്ഷയും ലഭിക്കുന്നു. തടവറ സന്ദർശനത്തിലൂടെയും കൗൺസിലിംഗിലൂടെയും തകർന്ന ഹൃദയങ്ങൾക്ക് സൗഖ്യം നല്കുന്നു. ഇതിനു പുറമേ സി. ജെസ്ന എഫ്. സി. സി., സി. പ്രീതറോസ് എഫ്. സി. സി., സി. മേഴ്സിൻ എഫ്. സി. സി., സി. മേബിൾ എഫ്. സി. സി. എന്നിവരുടെ നേതൃത്വത്തിൽ സെപ്റ്റംബർ 3,16 തീയതികളിൽ മാനന്തവാടി ജില്ലാ ജയിലിൽ യഥാക്രമം ഡ്രൈ ഫ്ളവേഴ്സ് നിർമ്മാണ പരിശീലനവും ബുക്ക് ബൈൻഡിംഗ് പരിശീലനവും നല്കി.

വൈത്തിരി സബ്ജയിലിൽ ആഗസ്റ്റ് 22, സെപ്റ്റംബർ 12,19 തീയതികളിൽ സി. ജെസ്സി പോൾ എസ്. എച്ച്., സി. ആൻസി SH, സി. ലില്ലി SH, സി. അനിലിറ്റ് SH. എന്നിവരുടെ നേതൃത്വത്തിൽ കൗൺസിലിംഗ് നടത്തി. ആഗസ്റ്റ് 29 ന് സി. അനിലിറ്റ് SH കുട നിർമ്മാണ പരിശീലനം നല്കി. സെപ്റ്റംബർ 5 ന് സി. ജെസ്സി പോൾ ലഹരി ജീവിതത്തിന്റെ ദൂഷ്യ ഫലങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു. കൂടാതെ ആഗസ്റ്റ് 25 ന് മിഷൻലീഗ് കൽപ്പറ്റ മേഖലയുടെ നേതൃത്വത്തിൽ വൈത്തിരി സബ്ജയിലിൽ കലാപരിപാടികൾ അവതരിപ്പിച്ചു. മേഖല ജോ. ഡയറക്ടർ സി. ബെറ്റി എസ്. എച്ച്., മേഖല ഭാരവാഹികളായ ഷിബു മാവേലികുന്നേൽ, ബിന്ദു വെള്ളാക്കൽ, വൽസ പതിപ്പള്ളി എന്നിവർ നേതൃത്വം നല്കി. സെപ്റ്റംബർ 10 ന് വൈത്തിരി സബ്ജയിലിൽ ഏച്ചോം സർവ്വോദയ ഹയ സെക്കണ്ടറി സ്ക്കൂളിലെ എൻ. എസ്. എസ്. വോളണ്ടീയേഴ്സ് ഓണ പരിപാടികൾ അവതരിപ്പിച്ചു. റവ. ഫാ. വിൽസൺ എസ്. ജെ., സി. ബെറ്റി SH എന്നിവർ നേതൃത്വം നല്കി. എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. ജോൺ പുളിന്താനത്ത്**
ഡയറക്ടർ, ജീസസ് ഫ്രട്ടേണിറ്റി

**August-September 2019**

Fresher's Day was organized on 5th August 2019. The newcomers were welcomed in a friendly atmosphere to encourage their creativity and to boost their confidence.

Due to heavy rain college was closed as per the district collector's order (7, 8, 9, 13, 14 August). The said days will be compensated by working on Saturdays. Those leave days our NCC, NSS, other students volunteers actively participated in the flood relief activities- [9th to 18th August 2019]

NCC students visited two relief camps, at St. Catherine's HSS Payyampally & Govt. HSS Arattuthara. NSS volunteers in association with KCYM & catechism teachers cleaned the flood affected areas at Kottiyoor. Our NSS volunteers collected food items from Thrilissery and sent them to the camp.

NCC volunteers as a part of Flood Relief Activity, helped in loading, unloading and sorting relief materials sent from various parts of the country with the Mananthavady Taluk Administration at the Divisional Forest Office. They also helped in distributing the relief materials. At the District Forest office Mananthavady, one of the collection & distribution centres the NCC volunteers along with Dr Maria Martin Joseph (Principal), Dr Captain Rajeev Thomas (ANO) & Dr Geetha Antony Pullen (IQAC Coordinator) visited the collection center & became a part of every activity. We concluded our activity by cleaning the Taluk office Mananathavady as a part of Collector's Clean Wayanad Mission.

NSS volunteers cleaned-the flood affected houses at Thavinjal and Koilery, the premises of the scout office at Mananthavady. NSS

volunteers also participated in various programmes at the Arattuthara camp.

The college celebrated the 73rd Independence Day .The national flag was hoisted by the principal and the Independence Day message was also delivered. After the function,we joined the DFO office in the relief activities.

Amal Abraham of II BSc Maths will representing Wayanad in the National Level Youth Parliament at Delhi conducted by Nehru Yuva Kendra. The National Youth Parliament will encourage the youth to engage in public issues, understand the common man's point of view, enhance decision making abilities, to develop in them respect and tolerance for the views of others, to obtain and document their opinions on vision of new India in 2020.

The college has registered itself in the Kerala State job portal. www.kerala state job portal. This will help the students to find employment or carrier as soon as they complete their Degree and PG.

District Legal Services Authority organized a talk on 'Cyber Laws' for the first year students. The resource person was Adv. Sajimon Mathew.

On 29th August College Celebrated the National Sports Day and Fit India Movement 2019. The inaugural session began at 1.45pm. The session was inaugurated by our Manager Rev Fr. George Myladoor. Mr Shefeeque K M (Cult Fit-Centre of Fitness, Bangalore, Dance Fitness Trainer) was the resource person for the day. All the students and staff of the institution participated in the programme. Mr Shefeeque conducted the training session for 1 ½ hours. The students participated with great enthusiasm. The programme ended at 3.30 pm. It was indeed refreshing. Inter-departmental Badminton competition was conducted in the afternoon session.

The college conducted a presentation and screening test in connection with Youth Talk-to select 10 students to represent the college. The selected students will get an opportunity to interact with our Honorable MP Shri Rahul Gandhi on his visit. Debate and discussion on Youth Talk Topic: Man and wildlife conflict.

Department of English conducted a spell-bee competition and quiz competition for the students of the department based on the life and works of Ernest Hemmingway, J. K Rowling, Alexander Dumas.

College Students Union Election training for Presiding officers, Polling officers and Counting officials was conducted. Also Meet the Candidate programme was organized on 4th September. On 5th September Election for the student'scouncil was conducted in Presidential mode.

Onam was celebrated with fun & frolic on 3rd afternoon & 4th September with Onappaattu, Maveli, Pookkalam and Onana Sadhya

Pre Ph D synopsis submission presentation of Ms Navya Gopal (Research Scholar), Research Dept. of Zoology was conducted on 7 September 2019 in our seminar hall by the Supervising guide Dr Sudha Devi. Principal, Manager, Doctoral Committee Chairperson, research scholars, PG and UG students from Kannur University centre and our college were present.

**Dr Maria Martin Joseph**
Principal

**അദ്ധ്യാപക ദിനാചരണം**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എല്ലാ വിദ്യാലയങ്ങളിലും സെപ്റ്റംബർ 5 ന് വിവിധ പരിപാടികളോടെ അദ്ധ്യാപക ദിനാചരണം നടന്നു. അദ്ധ്യാപകൻ എന്നാൽ മറ്റുള്ളവരെ അറിവിന്റെ ഉറവയിലേക്ക് നയിക്കുന്നവനാണെന്നും ധാർമ്മികമൂല്യങ്ങൾ ജീവിതത്തിലുടനീളം പാലിക്കാൻ പഠിപ്പിക്കുന്നവനും, വിദ്യാർത്ഥികൾക്കൊപ്പം നിലകൊള്ളുന്നവനുമാണ് എന്ന് ഒരിക്കൽ കൂടി അനുസ്മരിക്കുവാൻ അവസരമൊരുക്കി.

**പ്രധാനാദ്ധ്യാപകരുടെ മീറ്റിംഗ്**

മാനന്തവാടി രൂപതാ കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസിയുടെ കീഴിലുള്ള എൽ.പി, യു.പി, ഹൈസ്കൂൾ പ്രധാനാദ്ധ്യാപകരുടെയും, പ്ലസ്ടു പ്രിൻസിപ്പൽമാരുടെയും ഒരു മീറ്റിംഗ് 2019 ഒക്ടോബർ 18 -ന് വെള്ളിയാഴ്ച രാവിലെ 10.30 ന് കോർപ്പറേറ്റ് ഓഫീസ് ഓഡിറ്റോറിയത്തിൽ വെച്ച് നടക്കുന്നതാണ്.

**മോറൽ സയൻസിന്റെ പരീക്ഷ**

2019 2020 വർഷത്തെ മോറൽ സയൻസ് വാർഷിക പരീക്ഷ 2020 ജനുവരി 03 ന് നടത്തുന്നതായിരിക്കും. കെ.സി.ബി.സി നേരിട്ട് നടത്തുന്ന പരീക്ഷയായതിനാൽ പ്രസ്തുത പരീക്ഷയിൽ മാറ്റം വരുത്തുവാൻ പാടില്ല.

**പരീക്ഷാസംബന്ധമായ നിർദ്ദേശങ്ങൾ**

a) വാർഷിക പരീക്ഷയ്ക്ക് പാഠപുസ്തകത്തിലെ എല്ലാ ഭാഗങ്ങളിൽ നിന്നും ചോദ്യം ഉണ്ടായിരിക്കും.

b) 1 മുതൽ 12 വരെ ക്ലാസ്സുകളിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവരുടെ പേപ്പറുകൾ ജനുവരി 15 ന് മുമ്പ് കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതാണ്.

c) 1, 2, 3 ക്ലാസ്സുകളിൽ വാചാ പരീക്ഷയാണ് നടത്തേണ്ടത്. എന്നാൽ അവരുടെ ചോദ്യപേപ്പറിൽ തന്നെ മാർക്ക് രേഖപ്പെടുത്തുകയും 90% ത്തിൽ കൂടുതൽ മാർക്ക് ലഭിച്ചവരുടെ പേപ്പറുകൾ ജനുവരി 15ന് മുമ്പ് കോർപ്പറേറ്റ് ഓഫീസിൽ എത്തിക്കേണ്ടതുമാണ്.

d) 4 മുതൽ 12 വരെ ക്ലാസ്സുകളിൽ എഴുത്തു പരീക്ഷയാണ് നടത്തേണ്ടത്. ഇവരിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്ന വരുടെ ഉത്തരക്കടലാസുകൾ കോർപ്പറേറ്റ് ഓഫീസിൽ എത്തി ക്കേണ്ടതാണ്.

e) 1 മുതൽ 12 വരെ ക്ലാസ്സു കളിൽ 90% ത്തിൽ കൂടുതൽ മാർക്ക് ലഭി ക്കുന്നവരുടെ ഉത്തരക്കടലാസുകൾ വീണ്ടും മൂല്യം നിർണ്ണയം നടത്തി ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച ആദ്യ മൂന്ന് സ്ഥാനക്കാർക്ക് 2020 ൽ നടക്കുന്ന കോർപ്പറേറ്റ് സ്റ്റാഫ് കൺവെൻഷനിൽ വച്ച് ക്യാഷ് അവാർഡും അനുമോദന പത്രികയും നൽകുന്നതാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

കെ.സി.ബി.സി.യുടെ നേതൃത്വത്തിൽ 4, 7, 10, 12 ക്ലാസുകളിലെ കുട്ടികൾക്ക് സംസ്ഥാന തലത്തിൽ സ്കോളർഷിപ്പ് പരീക്ഷ 2020 ഫെബ്രുവരി 01 ന് വിവിധ മേഖലാ കേന്ദ്രങ്ങളിൽ വെച്ച് നടത്തുന്നതും 1, 2, 3 സ്ഥാനക്കാർക്ക് യഥാക്രമം 5000, 3000, 2000 രൂപ വീതം കാഷ് അവാർഡ് നൽകുന്നതുമായിരിക്കും.

10-ാം ക്ലാസ്സിലെ സ്കോളർഷിപ്പ് പരീക്ഷയ്ക്ക് കെ.സി.ബി.സി യുടെ കേന്ദ്രീകൃത മൂല്യനിർണ്ണയത്തിന് ശേഷം 90% മാർക്കിന് മുക ളിൽ ലഭിക്കുന്ന എല്ലാ കുട്ടികൾക്കും 1000 രൂപ വീതം പ്രോത്സാഹന സമ്മാനം നൽകുന്നതായിരിക്കും. കൂടുതൽ വിവരങ്ങൾ കോർപ്പറേറ്റ് ഓഫീഷ്യൽ വാട്സാപ്പ് ഗ്രൂപ്പിൽ കൊടുക്കുന്നതാണ്.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**സെന്റ് ആന്റണീസ് യു.പി.എസ് കോട്ടത്തറ**

**പ്രവേശനോത്സവം –** 2019-2020 വർഷത്തെ പ്രവേശനോത്സവം ഫാ.സെബാസ്റ്റ്യൻ എലവനപ്പാറ ഉദ്ഘാടനം ചെയ്തു. പുതിയ ഹെഡ്മാസ്റ്റർ ശ്രീ. ബെന്നി ആന്റണി സാറിന് ഹൃദ്യമായ വരവേൽപ്പ് നല്കി.

**വായനവാരാചരണം –** ക്വിസ്, കവിപരിചയം, ലൈബ്രറി പുസ്തക വിതരണം തുടങ്ങിയ പരിപാടികളോടെ ജൂൺ 19 ന് വായനവാരാ ചണത്തിന് തുടക്കം കുറിച്ചു.

**ഭവനസന്ദർശനം –** എല്ലാ അധ്യാപകരും കുട്ടികളുടെ ഭവനം സന്ദർശി ക്കുകയും കുട്ടികൾ മുടങ്ങാതെ സ്കൂളിൽ എത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി 'എന്റെ ഹാജർ' പദ്ധതിക്ക് തുടക്കമിട്ടു. കുട്ടികൾ സ്വയം ഹാജർ രേഖപ്പെടു ത്തുകയും എല്ലാ ദിവസവും സ്കൂളിലെത്തുന്ന കുട്ടികൾക്ക് സമ്മാനം നല്കുകയും ചെയ്യും.

**പച്ചക്കറിത്തോട്ടം –** 'വിഷവിമുക്ത പച്ചക്കറി അടുക്കളയിലേക്ക്' എന്ന പദ്ധതിയുടെ ഭാഗമായി അധ്യാപകരും കുട്ടികളും ചേർന്ന് സ്കൂൾ പരിസരത്ത് ഗ്രോ ബാഗുകളിൽ പച്ചക്കറി നടുകയും പരിപാലിക്കുകയും ചെയ്യുന്നു.

**ക്ലബ് ഉദ്ഘാടനം –** പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഭാഷ, ശാസ്ത്ര, സാമൂഹ്യശാസ്ത്ര ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ആരംഭിച്ചു.

**വൈജ്ഞാനികമേഖല –** കുട്ടികളിൽ വിജ്ഞാനവികസനം ഫലപ്രദമാക്കുന്നതിനുവേണ്ടി 'അറിവിന്റെ മണിമുത്തുകൾ' , 'Yi Yi GK' എന്നീ പരിപാടികൾ ആരംഭിച്ചു.

**ഊരുവിളക്ക് –** എസ്.ടി വിഭാഗം കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയുക, അവരുടെ പ്രശ്നങ്ങൾ കണ്ടെത്തി പരിഹരിക്കുക എന്നീ ലക്ഷ്യങ്ങളോടെ കോളനികളെ കേന്ദ്രീകരിച്ചുകൊണ്ട് കോർണർ പി.ടി.എ/ഊരുവിളക്ക് പദ്ധതിക്ക് തുടക്കമിട്ടു.

**ഹൈ ടെക് എഡ്യൂക്കേഷൻ –** KITE സ്കൂളിൽ നിന്നും ലഭിച്ച വിവിധ ഉപകരണങ്ങൾ ഫലപ്രദമായ രീതിയിൽ ഉപയോഗപ്പെടുത്തി എല്ലാ ക്ലാസ്സുകളിലും LCD പ്രൊജക്ടർ, ലാപ്ടോപ് എന്നിവയുടെ സഹായത്തോടെ ക്ലാസ്സുകൾ സജീവമാക്കുന്നു.

**അമ്പായത്തോട് യു.പി സ്കൂൾ**

- ഓഗസ്റ്റ് 2–ാം തീയതി പി.ടി.എ-യുടെ ആഭിമുഖ്യത്തിൽ 'ആരോഗ്യ സംരക്ഷണവും ആയുർവിധികളും' എന്ന വിഷയത്തിൽ ഡോ. സൗമ്യ ക്ലാസ്സെടുത്തു.
- ഓഗസ്റ്റ് 15 ന് ഇരിട്ടി ഉപജില്ലയിലെ സ്കൂളുകൾക്കായി നടത്തിയ 'ഫ്രീഡം ക്വിസ് 2019'ൽ അമ്പായത്തോട് യു.പി സ്കൂളിലെ അലസ്റ്റിൻ സജി, അലൻ ജെയിംസ്, അർച്ചന രാജൻ എന്നിവരടങ്ങിയ ടീം ഒന്നാം സ്ഥാനം കരസ്ഥമാക്കി .
- ഓഗസ്റ്റ് 19–ാം തീയതി രക്ഷിതാക്കൾക്കുവേണ്ടി 'കൗമാരവിദ്യാഭ്യാസം' എന്ന വിഷയത്തെക്കുറിച്ച് മാനന്തവാടി ജില്ലാ ആശുപത്രിയിലെ സി.ജാസ്മിൻ ക്ലാസ്സ് എടുത്തു.

**ഫാ. ബിജു പൊൻപാറക്കൽ**
കോർപ്പറേറ്റ് മാനേജർ

# Pastoral Centre Programme



**October 2019**

| | | |
|---|---|---|
| 01-04 | - | Marriage preparation Course |
| 05 | - | Zion One-Day Convention |
| 07 | - | KCYM Convention |
| 11 | - | CML |
| 11 | - | DYM |
| 12 | - | Pastoral Council |
| 18-21 | - | Zion Retreat |
| 19 | - | Seminar for Trustees |
| 25-28 | - | Marriage preparation Course |

**Fr. Paul Vazhappilly**
Director, Pastoral Centre

# Bishop's Programme



## October 2019

*1-31 October: Rome- Ad limina Visit*

## November 2019

| | |
|---|---|
| *2 Saturday ...............* | *Back from Rome* |
| *3 Sunday..................* | *MMC: Benefactors' Day* |
| *05 Tuesday...............* | *Presbyteral Council* |
| *06 Wednesday..........* | *Bathery: Vestition-MSMI Sisters* |
| *07 Thur- 8 Friday ...* | *Dwaraka: North Kerala Bishops' Meet* |
| *09 Saturday..............* | *Dwaraka:Youth Ministry Anniversary* |
| | ***Afternoon** ....... Kartikulam: Blessing of Karunabhavan* |
| *12 Tuesday...............* | *Kayakunnu: La Salette - Minor Orders* |
| *13 Wednesday..........* | *Deacons' Parents' Meet* |
| *14 Thur- 15 Fri........* | *Trissur* |
| *16 Saturday .............* | *Thalappuzha: Blessing of Church* |
| *17 Sunday................* | *Makkiyad: Blessing of Parish Hall* |
| | ***Afternoon**....... Kuzhinilam: Profession of Camillius Sisters* |
| *18 Monday ..............* | *Dwaraka: Jubilee of SABS Sisters* |
| *19 Tuesday ..............* | *Gudallor: Blessing of NDS Office* |
| *20 Wednesday .........* | *Vadapuram: Ordination-Dn Justin Palaithayyil OFM Cap.* |
| | ***Afternoon** ...... Nenmeni: Ordination-Dn Melvin OFM Cap.* |

*21 Thursday ............ MMC: Homeday*

*22 Friday ................ Out of Station*

*23 Saturday ............ Dwaraka: Jubilee-KCYM*

*24 Sunday .............. Dwaraka: Puls one Sangamam*

*25 Monday .............. Visitors' Day*

*26 Tuesday ............. Kartikulam: Parents' Day: Divine Providence Seminary*

*27 Wednesday ......... Kunnalady: Ordination - Dn. Robin Parampanatt OFM*

*28 Thursday ............ Theneri: Ordination - Dn Jino Kaithamattam*

***Afternoon**.....Cherukattoor:Ordination - Dn Stefinson OFM*

*29 Friday ............... Out of Station*

*30 Saturday ............. Kalpetta: Anniversary - De Paul Public School*

● ● ● ● ● ● ● ● ●